# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ഒക്ടോബർ 2017 വാല്യം 44 ലക്കം 7 | *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* | പേജ് 12 വില 5.00 രൂപ


# ഉത്തര കൊറിയയ്ക്കുമേൽ അമേരിക്കയുടെ യുദ്ധഭീഷണി

**സോഷ്യലിസ്റ്റ് രാജ്യമായ ഡമോക്രാറ്റിക് പീപ്പിൾസ് റിപ്പബ്ലിക് ഓഫ് കൊറിയ(ഡി.പി.ആർ.കെ) അഥവാ ഉത്തര കൊറിയയെ തകർക്കുവാൻവേണ്ടി കുറച്ചു കാലങ്ങളായി അമേരിക്കൻ സാമ്രാജ്യത്വശക്തികൾ വിവിധ മാർഗ്ഗങ്ങളിലൂടെ ശ്രമിക്കുകയാണ്. കഠിനമായ സാമ്പത്തിക ഉപരോധത്തിലൂടെയും സൈനികമായ വലയം ശക്തമാക്കിക്കൊണ്ടും ഈ ചെറിയ രാജ്യത്തെ മുട്ടുകുത്തിക്കുവാൻ അവർ എവ്വിധവും പയറ്റുകയാണ്. യഥാർത്ഥത്തിൽ, കൊറിയൻ ഉപദ്വീപിൽ വൻതോതിൽ ആയുധവിന്യാസം നടത്തിക്കൊണ്ട് അമേരിക്കൻ സാമ്രാജ്യത്വം യുദ്ധ സാഹചര്യത്തിന്റേതായ സംഘർഷാവസ്ഥ വളർത്തിക്കൊണ്ടിരിക്കുന്നു.**



സെപ്തംബർ 23ന് ഉത്തര കൊറിയൻ തലസ്ഥാനമായ പ്യോങ്യാങ്ങിൽ കിം ഇൽ സുങ് ചത്വരത്തിൽ നടന്ന റാലിയിൽ സാമ്രാജ്യത്വ വിരുദ്ധ പ്രതിജ്ഞയുമായി കൊറിയൻ ജനത

ഇപ്പോഴാകട്ടെ, ഏകദേശം 30,000 വരുന്ന അമേരിക്കൻ സൈന്യം തെക്കൻ കൊറിയയിലും 50,000ത്തോളം സൈന്യം ജപ്പാനിലുമായി വിന്യസിക്കപ്പെട്ടിട്ടുണ്ട്. അണുവായുധ സന്നാഹങ്ങളോടുകൂടിയ അമേരിക്കയുടെ ഭീമൻ യുദ്ധക്കപ്പലുകൾ ചൈനയുടെ തെക്കൻ കടലിൽ റോന്തുചുറ്റുന്നുണ്ട്. അണുവായുധ ശേഷിയുള്ള അമേരിക്കൻ ബി–ഐ.ബി സുപ്പർ സോണിക്ക് ബോംബറുകൾ കൊറിയൻ ഉപദ്വീപിൽ പതിവായ ആക്രമണ സന്നാഹങ്ങൾ നടത്തുന്നു. അവസരം ലഭിക്കുന്ന മാത്രയിൽ, ഈ ചെറിയ രാജ്യത്തെ കീഴ്പ്പെടുത്തുവാനുള്ള സൈനിക നീക്കങ്ങളാണ് യുദ്ധവെറിയൻമാരായ അമേരിക്കൻ സാമ്രാജ്യത്വം നടത്തുന്നതെന്ന് വ്യക്തമാണ്. എന്നാൽ ലിബിയയെയോ ഇറാഖിനെയോ പോലെ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ കെണിയിൽ വീഴുവാൻ ഉത്തര കൊറിയ വിസമ്മതിക്കുന്നുവെന്നതിനാൽ അമേരിക്കയുടെ കുത്സിതനീക്കങ്ങൾ ഇതുവരെ വിജയിച്ചിട്ടില്ല. അമേരിക്കയുടെ ചതിപ്രയോഗത്തിൽ വീണുപോയ ഇതര രാജ്യങ്ങളിൽ നിന്നും വ്യത്യസ്തമായി ഉത്തരകൊറിയ, സ്വയം പ്രതിരോധത്തിനാവശ്യമായ അണുബോംബുകളും മിസൈലുകളുമടക്കമുള്ള ആയുധങ്ങൾ വികസിപ്പിക്കുന്നതിൽ നിന്നും പിന്നോട്ട് പോയിട്ടില്ല. ലോകമെമ്പാടും തങ്ങളുടെ ദുരയ്ക്കനുസൃതമായി കൊള്ളയടിക്കുവാനും കാൽക്കീഴിൽകൊണ്ടുവരുവാനുമാഗ്രഹിക്കുന്ന അമേരിക്കൻ സാമ്രാജ്യത്വ അധിനിവേശശ്രമങ്ങൾക്ക് വഴിപ്പെടാത്ത ഉത്തരകൊറിയയുടെ നിലപാട്, തീർച്ചയായും അമേരിക്കയെ സംബന്ധിച്ചിടത്തോളം ശരീരത്തിൽ തറച്ച മുള്ളു പോലെ ദുസ്സഹമാണ്. ഏറ്റവുമവസാനം ഉത്തരകൊറിയ, വളരെ ദൂരം സഞ്ചരിക്കുവാൻ ശേഷിയുള്ള അന്തർ ഭൂഖണ്ഡ ബാലിസ്റ്റിക് മിസൈലുകളുടെ(ICBM) ശ്രേണിയും ശക്തമായ അണുബോംബുകളും വിജയകരമായി പരീക്ഷിച്ചു കഴിഞ്ഞു. ഇതിനെ തുടർന്ന്, അമേരിക്കൻ സാമ്രാജ്യത്വം, പ്രസിഡന്റ് ഡോണാൾഡ് ട്രംപിന്റെ നേതൃത്വത്തിൽ വാക്കുകളും പ്രവൃത്തികളും കൊണ്ട് ഉത്തരകൊറിയയോടുള്ള വൈരം അതിന്റെ ഉച്ചസ്ഥായിയിൽ പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. യുദ്ധം ഇരന്നുവാങ്ങുന്നു, സമാധാനത്തിന് ഭീഷണിയാകുന്നു തുടങ്ങിയ വാദങ്ങൾ ഉത്തരകൊറിയയ്ക്കെതിരെ നിരത്തിക്കൊണ്ട് അമേരിക്കയും സഖ്യകക്ഷികളും ദുഷ്പ്രചരണം നടത്തുകയും ഐക്യരാഷ്ട്ര സംഘടനയുമായി ചേർന്ന് ഈ ചെറിയ സോഷ്യലിസ്റ്റ് രാജ്യത്തിന് നേരെ നിർദ്ദയമായ നിലപാടുകളെടുക്കുകയും യുദ്ധഭീഷണിയ്ക്ക്(വിർചൽ വാർ) ആക്കം കൂട്ടുകയും ചെയ്യുന്നു. ആധുനികമായ അണുവായുധങ്ങൾ വികസിപ്പിക്കുന്നതവസാനിപ്പിച്ച് കീഴടങ്ങിയില്ലെങ്കിൽ ലോകമിന്നുവരെ കണ്ടിട്ടില്ലാത്ത ആക്രമണത്തിന് സാക്ഷ്യം വഹിക്കേണ്ടിവരുമെന്ന് ഉത്തരകൊറിയയെ അവർ ഭീഷണിപ്പെടുത്തുന്നു. ഏതാനും ദിവസങ്ങൾക്ക് മുൻപ്, യു.എന്നിലെ തന്റെ ആദ്യപ്രസംഗത്തിൽ തന്നെ അമേരിക്കൻ പ്രസിഡന്റ് ട്രംപ്, ഉത്തരകൊറിയയെ തങ്ങൾ തകർത്തെറിയുമെന്ന് ആക്രോശിക്കുകയുണ്ടായി. ബൂർഷ്വാ മാധ്യമങ്ങളാകട്ടെ, ഉത്തരകൊറിയ ഉന്മാദിയായ ഒരു രാജ്യമാണെന്നും അതിനെ ഒരു പാഠം പഠിപ്പിക്കേണ്ടത് അനുപേക്ഷണീയമാണെന്നും പേർത്തും പേർത്തും പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. മാത്രമല്ല, ഉത്തരകൊറിയൻ ഭരണ

*(ശേഷം 2–ാം പേജിൽ)*

## അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന് ഉത്തര കൊറിയൻ പ്രസിഡന്റ് കിം ജോങ് ഉന്നിന്റെ മറുപടി

*(ഐക്യരാഷ്ട്ര സഭയിൽ വെച്ച് ഉത്തര കൊറിയയ്ക്കെതിരെ അമേരിക്കൻ പ്രസിഡന്റ് നടത്തിയ ധിക്കാരപരമായ പ്രസംഗത്തിന് ഉത്തര കൊറിയൻ പ്രസിഡന്റ് നൽകിയ മറുപടി ഉത്തര കൊറിയയുടെ ഔദ്യോഗിക വാർത്താ ഏജൻസി പുറത്തുവിടുകയുണ്ടായി. അതിന്റെ ചില ഭാഗങ്ങൾ താഴെക്കൊടുക്കുന്നു.)*

പിരിമുറുക്കത്തിന് അയവുവരുത്താനുതകുന്ന പ്രേരണാശക്തിയുള്ള അഭിപ്രായപ്രകടനത്തിന് പകരം തന്റെ മുൻഗാമികളിൽനിന്ന് ഒരിക്കലും കേൾക്കാൻ ഇടവന്നിട്ടില്ലാത്ത വിഡ്ഢിത്തങ്ങൾ പുലമ്പുകയാണ് ട്രംപ് ചെയ്തത്. വിരണ്ട പട്ടി ഉറക്കെ കുരയ്ക്കും എന്നാണല്ലോ. ലോകത്തോട് സംസാരിക്കുമ്പോൾ ആരോടാണ് സംസാരിക്കുന്നതെന്ന ബോധത്തോടുകൂടി വാക്കുകൾ വിവേകപൂർവ്വം തെരഞ്ഞെടുക്കണമെന്ന് അദ്ദേഹത്തെ ഞാൻ ഓർമ്മിപ്പിക്കുകയാണ്.

ഐക്യരാഷ്ട്ര സഭയുടെ വേദിയിൽ വെച്ച് ഒരു പരമാധികാര രാഷ്ട്രത്തെ “തീർത്തും നശിപ്പിച്ചുകളയുമെന്ന്” പ്രഖ്യാപിക്കുമ്പോൾ അദ്ദേഹത്തിന്റെ മാനസികനില തെറ്റിയിരിക്കുന്നു എന്നേ കരുതാനാകൂ. ഒരു ഗവൺമെന്റിനെ മറിച്ചിടുമെന്നോ ഒരു സാമൂഹ്യവ്യവസ്ഥയെ മാറ്റിമറിക്കുമെന്നോ ആയിരുന്നില്ല പറഞ്ഞത്. സാമാന്യബുദ്ധിയുള്ള ഏതൊരാളും തരംതാഴ്ന്ന ഈ അഭിപ്രായപ്രകടനത്തെ അപക്വവും വിവേകശൂന്യവുമെന്നേ വിശേഷിപ്പിക്കൂ. അദ്ദേഹത്തിന്റെ അഭിപ്രായപ്രകടനം ശ്രവിച്ചപ്പോൾ, അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പുവേളയിൽ “വിവരദോഷിയായ രാഷ്ട്രീയക്കാരൻ”, “താന്തോന്നിയായ രാഷ്ട്രീയക്കാരൻ” എന്നൊക്കെ അദ്ദേഹത്തെ ആളുകൾ വിളിച്ചിരുന്ന കാര്യമാണ് ഓർമ്മ വന്നത്.

അധികാരമേറ്റതുമുതൽ ട്രംപ് മറ്റ് രാഷ്ട്രങ്ങളെ വിരട്ടിയും ഭീഷണിപ്പെടുത്തിയും ലോകത്തിന്റെ സ്വസ്ഥത കെടുത്തുന്നതാണ് നമ്മൾ കാണുന്നത്. ഒരു രാഷ്ട്രത്തിന്റെ പരമോന്നത പദവിയിലിരിക്കാൻ ഒട്ടും യോഗ്യനല്ല അദ്ദേഹം. ഒരു രാഷ്ട്രീയക്കാരൻ എന്നതിനേക്കാൾ തീക്കളി നടത്തുന്ന ഒരു കൊള്ളസംഘത്തലവൻ എന്നേ അദ്ദേഹത്തെ വിളിക്കാനാകൂ.

ട്രംപിന്റെ പ്രസംഗം എന്നെ ഭയപ്പെടുത്തുകയോ പിന്തിരിപ്പിക്കുയോ അല്ല, ഞാൻ തെരെഞ്ഞെടുത്ത മാർഗ്ഗം ശരിയാണെന്നും അത് അന്ത്യം വരെയും മുറുകെ പിടിക്കേണ്ടതാണെന്നും ബോധ്യപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. എന്റെയും എന്റെ രാജ്യത്തിന്റെയും നിലനിൽപ്പിനെ ചോദ്യം ചെയ്യുകയും ഞങ്ങളെ ലോകത്തിന്റെ മുൻപിൽ അപമാനിക്കുകയും ഡെമോക്രാറ്റിക് പീപ്പിൾസ് റിപ്പബ്ലിക് ഓഫ് കൊറിയയെ നശിപ്പിച്ചുകളയുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഞങ്ങൾക്കുമേൽ വിറളിപിടിച്ച് യുദ്ധം പ്രഖ്യാപിക്കുകയും ചെയ്തിരിക്കുകയാണ് അദ്ദേഹം. അതിനാൽ, അതേ നിലവാരത്തിൽ തന്നെ തക്കതായ തിരിച്ചടി നൽകുന്നതിനെ കുറിച്ച് ഞങ്ങൾ ഗൗരവമായി ചിന്തിക്കും.

വായിൽ തോന്നുന്നതെല്ലാം പുലമ്പിക്കൊണ്ടിരിക്കുന്ന ട്രംപിനെ എന്തെങ്കിലും പറഞ്ഞ് ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കുന്നതിനേക്കാൾ ഭേദം പ്രവർത്തിച്ച് കാണിക്കുകയാകും. ട്രംപിന്റെ ധിക്കാരത്തിന് വലിയ വില നൽകേണ്ടിവരുമെന്ന്, എന്റെയും എന്റെ രാജ്യത്തിന്റെയും ജനങ്ങളുടെയും ആത്മാഭിമാനവും അന്തസ്സും ഉയർത്തിപ്പിടിച്ചുകൊണ്ട് ഞാൻ പ്രഖ്യാപിക്കുന്നു.


പേജ് 6 — നോട്ട് പിൻവലിക്കൽ വൻതട്ടിപ്പ്

പേജ് 7 — വക്കം അബ്ദുൾഖാദർ അനുസ്മരണം

പേജ് 8 — ട്രേഡ് യൂണിയൻ ദേശീയ പ്രക്ഷോഭം

പേജ് 9 — ഗൗരി ലങ്കേഷ് വധം

പേജ് 9 — ഐ. എൻ. പി. എ സമരം

പേജ് 10 — ആഫ്രിക്ക നേരിടുന്ന ദുരന്തം




# സമ്പൂർണ്ണ നിരായുധീകരണമെന്ന ആവശ്യം അമേരിക്കൻ സാമ്രാജ്യത്വം നിരാകരിക്കുന്നു

(1-ാം പേജിൽ നിന്ന്)

കൂടം തങ്ങളുടെ ജനങ്ങളുടെ താത്പ്പര്യങ്ങൾക്ക് വിപരീതമായി, സൈനിക ശക്തി വികസിപ്പിച്ചുകൊണ്ടിരിക്കുകയും ജനങ്ങളെ കടുത്ത പട്ടിണിയിലേക്ക് തള്ളിവിട്ടിരിക്കുകയുമാണെന്ന കപടപ്രചാരണവും കെട്ടഴിച്ച് വിട്ടിരിക്കുന്നു. ഉത്തരകൊറിയൻ ഗവൺമെന്റ് നടത്തിവരുന്ന മനുഷ്യാവകാശ ലംഘനങ്ങളെന്ന പേരിലുള്ള കെട്ടിച്ചമച്ച കഥകളും അവിടുത്തെ പ്രസിഡന്റിനെ വ്യക്തിഹത്യനടത്തുന്ന വിധത്തിലുള്ള പ്രചരണങ്ങളും കൊണ്ടുപിടിച്ച ഈ കപട പ്രചരണങ്ങളുടെ ഭാഗമായി വന്നുകൊണ്ടിരിക്കുകയാണ്. തുല്യാവകാശങ്ങളുടെയും ജനങ്ങളുടെ സ്വയംനിർണ്ണയാധികാരത്തിന്റെയും അടിസ്ഥാനത്തിൽ ലോകസമാധാനവും അന്തർദേശീയ ബന്ധങ്ങളും പരിപാലിക്കുവാനായി സ്ഥാപിതമായ ഐക്യരാഷ്ട്ര സഭയുടെ പങ്കാണിതിൽ ഏറ്റവും ജുഗുപ്സാവഹം. ഇതരരാഷ്ട്രങ്ങളുടെ സ്വയംഭരണാവകാശത്തിന്മേൽ അമേരിക്ക നടത്തുന്ന കടന്നാക്രമണങ്ങളെയോ, നിയമവിരുദ്ധമായി നടത്തുന്ന അതിർത്തികൈയേങ്ങളെയോ യുദ്ധങ്ങളെയോ കൊള്ളയടികളെയോ ചെറുക്കുവാനോ അപലപിക്കുവാനോ ഐക്യരാഷ്ട്ര സഭ തയ്യാറാകുന്നില്ലയെന്നു മാത്രമല്ല, പ്രഖ്യാപിത ലക്ഷ്യങ്ങളെല്ലാം വിസ്മരിച്ചുകൊണ്ട് അമേരിക്കൻ സാമ്രാജ്യത്വ ദുരയ്ക്ക് മുന്നിൽ ഒരു റബർ സ്റ്റാംപ് പോലെ യുഎൻ പ്രവർത്തിക്കുന്നു. ഉത്തരകൊറിയയ്ക്ക് മേൽ അമേരിക്ക നടത്തുന്ന കലാപശ്രമങ്ങളെ സംബന്ധിച്ചും ഇതുതന്നെയാണ് യു.എന്നിന്റെ നിലപാട്. നീതിയുടെ ചിഹ്നമുയർത്താനെന്ന വ്യാജേന അമേരിക്കൻ കടന്നാക്രമണങ്ങളെ യുഎൻ ന്യായീകരിക്കുകയാണ്. പ്രതിവിപ്ലവത്തിന് ശേഷം മുതലാളിത്ത രാഷ്ട്രങ്ങളായി മാറിയ റഷ്യയും ചൈനയും ഉത്തരകൊറിയയുടെ അണുവായുധ ശേഷിയെ പഴിചാരിക്കൊണ്ട് ആ രാഷ്ട്രത്തെ തള്ളിപറഞ്ഞിരിക്കുന്നു. ഫലത്തിൽ, പെന്റഗണിന്റെ യുദ്ധഭീഷണിയ്ക്ക് ഉത്തരകൊറിയയെ എറിഞ്ഞുകൊടുക്കുന്ന നിലപാട് തന്നെയാണ് അവരും അനുവർത്തിച്ചിരിക്കുന്നത്. സോഷ്യലിസ്റ്റ് സഹവർത്തിത്വമല്ല, മറിച്ച് സാമ്രാജ്യത്വ വിപണി താത്പ്പര്യങ്ങളാണ് ഇവിടെയും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ ഏകധ്രുവ ലോകത്തിൽ, അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ യുദ്ധവെറിയ്ക്കു മുൻപിൽ മാതൃരാജ്യത്തെയും സോഷ്യലിസത്തെയും സംരക്ഷിക്കുവാൻ അമേരിക്കൻ യുദ്ധയന്ത്രങ്ങളോട് കിടപിടിക്കുന്ന സന്നാഹങ്ങളൊരുക്കുകയല്ലാതെ മറ്റെന്താണ് ഉത്തരകൊറിയയ്ക്ക് ചെയ്യാനാകുക.

### യുദ്ധത്തെയും സമാധാനത്തെയും സംബന്ധിച്ച യാഥാർത്ഥ്യങ്ങൾ

യുദ്ധത്തെയും സമാധാനത്തെയും സംബന്ധിച്ച് ചർച്ച ചെയ്യുമ്പോൾ, ഈ വിഷയത്തിൽ സോഷ്യലിസ്റ്റ് ഉത്തരകൊറിയയുടെയും അമേരിക്കൻ സാമ്രാജ്യത്വത്തിന്റെയും ഇതഃപര്യന്തമുള്ള ചരിത്രം കൂടി പരിശോധനാ വിധേയമാക്കേണ്ടതായുണ്ട്. ഏതെങ്കിലുമൊരു രാജ്യത്തെ, ഏതെങ്കിലുമവസരത്തിൽ, ഉത്തരകൊറിയ ആക്രമിച്ചിട്ടുണ്ടോ? എന്തെങ്കിലും കപടവാദമുയർത്തിക്കൊണ്ട്, ഏതെങ്കിലുമൊരു രാഷ്ട്രത്തിന്റെ പരമാധികാരത്തെ ഉത്തരകൊറിയ ധ്വംസിക്കുകയോ കൈകടത്തുകയോ ചെയ്തിട്ടുണ്ടോ? തങ്ങളുടെ രാസായുധങ്ങളോ ആണവായുധങ്ങളോ അവർ ഏതെങ്കിലും രാജ്യത്തിന് മേൽ പ്രയോഗിക്കുകയോ നിഷ്കളങ്കരായ ലക്ഷോപലക്ഷം പൗരന്മാരെ കൊന്നൊടുക്കുകയോ ചെയ്തിട്ടുണ്ടോ? മറ്റ് രാജ്യങ്ങളെ ആക്രമിക്കുവാനായി, ലോകം മുഴുവൻ സൈന്യത്തെ വിന്യസിക്കുവാൻ ഏതെങ്കിലും ഉത്തരകൊറിയൻ പ്രസിഡന്റ് തുനിഞ്ഞിട്ടുണ്ടോ? തങ്ങളുടെ അനുശാസനങ്ങൾക്ക് വഴങ്ങുന്നില്ലെന്നോ, അല്ലെങ്കിൽ തങ്ങൾക്ക് അഹിതമായത് പ്രവർത്തിക്കുന്നെന്നോ പറഞ്ഞ് ഏതെങ്കിലും രാഷ്ട്രത്തെ അവർ യുദ്ധഭീഷണിയിൽ നിർത്തുന്നുണ്ടോ? മറ്റ് രാഷ്ട്രങ്ങൾക്ക് മേൽ അണുവായുധ ഭീഷണി ഉയർത്തുന്നുണ്ടോ? രാഷ്ട്രങ്ങളുടെ വൈമാനികപരിധി ലംഘിച്ചുകൊണ്ട് യുദ്ധവിമാനങ്ങൾ പറത്തുന്നുണ്ടോ? അണുവായുധ വാഹിനികളായ നാവികപ്പട ഉപയോഗിച്ച് മറ്റ് രാഷ്ട്രങ്ങളുടെ തീരങ്ങളിൽ റോന്തു ചുറ്റുന്നുണ്ടോ? ഇതരരാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യത്തിനും സ്വാഭിമാനത്തിനുംമേൽ എന്നെങ്കിലും ഉത്തരകൊറിയ കടന്നുകയറിയിട്ടുണ്ടോ? ഏതെങ്കിലും രാഷ്ട്രത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ഭരണാധികാരികളെ ഉത്തരകൊറിയ ചതിപ്രയോഗത്തിലൂടെ പുറത്താക്കിയിട്ടുണ്ടോ, വധിച്ചിട്ടുണ്ടോ? തങ്ങളുടെ ചാരന്മാരെ ഉപയോഗിച്ചോ, തത്പ്പരകക്ഷികളെ സ്വാധീനിച്ചോ, സൈനിക നീക്കത്തിലൂടെ ഉത്തരകൊറിയൻ ഭരണകൂടം, ഏതെങ്കിലും രാഷ്ട്രത്തിലെ ഭരണസംവിധാനങ്ങളെ അട്ടിമറിച്ചിട്ടുണ്ടോ? ഇതര രാഷ്ട്രങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട ഭരണസംവിധാനത്തെ അസ്ഥിരപ്പെടുത്തുവാനുള്ള അട്ടിമറി പ്രവർത്തനങ്ങളിലോ ആഭ്യന്തരകലാപങ്ങൾക്ക് അരങ്ങൊരുക്കുന്ന പ്രവൃത്തികളിലോ ഉത്തരകൊറിയ ഏർപ്പെട്ടതായി അറിവുണ്ടോ? തങ്ങളുടെ താത്പ്പര്യങ്ങൾക്ക് വിരുദ്ധമായ നയങ്ങൾ അനുവർത്തിക്കുന്നുവെന്ന പേരിൽ ഏതെങ്കിലും രാഷ്ട്രത്തിനു മേൽ ഉത്തരകൊറിയ സാമ്പത്തിക-സൈനിക ഉപരോധങ്ങൾ ഏർപ്പെടുത്താറുണ്ടോ? ഈ ചോദ്യങ്ങൾക്കെല്ലാം ഒരൊറ്റ മറുപടിയേ ഉള്ളൂ-ഇല്ല.

ഇതിന് നേർവിപരീതമായി, അമേരിക്കൻ സാമ്രാജ്യത്വമാകട്ടെ, ഇത്തരം ഹീനമായ എല്ലാ കുറ്റകൃത്യങ്ങളിലും പ്രതിയാണ്. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം അവർ 70 യുദ്ധങ്ങൾ നടത്തിയിട്ടുണ്ട്. അവരുടെ യുദ്ധഭീകരതയ്ക്കിരയാക്കപ്പെട്ട 37 രാജ്യങ്ങളിലെ 20 ദശലക്ഷത്തിലധികം ജനങ്ങളെ കൊന്നൊടുക്കിയിട്ടുണ്ട്. വിദേശമണ്ണിൽ അണുബോംബ് നിക്ഷേപിച്ച്, ഒരു നിമിഷാർദ്ധം കൊണ്ട് രണ്ടു ലക്ഷം നിഷ്കളങ്കരായ ജനങ്ങളെ കൊന്നൊടുക്കുകയും തലമുറകളെ റേഡിയേഷൻ മൂലമുണ്ടാകുന്ന വൈകല്യങ്ങളിലേക്കും രോഗങ്ങളിലേക്കും തള്ളിവിടുകയും ചെയ്ത ഏക ലോകരാഷ്ട്രം അമേരിക്കയാണ്. 1950കളിലെ കൊറിയൻ യുദ്ധത്തിലും 1960കളിലെയും 70കളിലെയും വിയറ്റ്നാം യുദ്ധത്തിലും പിന്നീട് നടന്ന ലിബിയയിലെയും ഇറാഖിലെയും യുദ്ധങ്ങളിലും വൻ പ്രഹരശേഷിയുള്ള, കൂട്ട നശീകരണ ശക്തിയുള്ള ആയുധങ്ങൾ ഉപയോഗിച്ചതിൽ അതാതു കാലങ്ങളിലെ അമേരിക്കൻ പ്രസിഡന്റുമാർ കുറ്റവാളികളാണെന്ന് തെളിവുകൾ ചൂണ്ടിക്കാണിക്കുന്നു. 70 രാജ്യങ്ങളിലായി അവർ എണ്ണൂറോളം സൈനിക കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്, എല്ലാ ലോകരാഷ്ട്രങ്ങളും അവരുടെ മിസൈൽ റേഞ്ചിനുള്ളിലാണ്. ദക്ഷിണകൊറിയയിൽ മാത്രം അവർക്ക് 38സൈനിക കേന്ദ്രങ്ങളാണുള്ളത്. 150 ലോകരാഷ്ട്രങ്ങളിൽ അവരുടെ ആധുനികയുദ്ധ സന്നാഹങ്ങളും പീരങ്കിപ്പടയും വിന്യസിക്കപ്പെട്ടിട്ടുണ്ട്. മൂന്നുലക്ഷത്തോളം അമേരിക്കൻ സൈനികർ ഈ മേഖലകളിൽ സദാസമയവും നിയോഗിക്കപ്പെട്ടിരിക്കുന്നു. ഏതൊരു രാഷ്ട്രവും തങ്ങളുടെ ശത്രുരാഷ്ട്രമാണ്, മറിച്ച് തെളിയിക്കപ്പെടാത്തിടത്തോളം, എന്ന് അമേരിക്കൻ സാമ്രാജ്യത്വം പരസ്യമായി പ്രഖ്യാപിച്ചിട്ടുണ്ട്. അമേരിക്കയുടെ രാഷ്ട്രീയ-സാമ്പത്തിക-സൈനിക താത്പ്പര്യങ്ങൾക്ക് വഴിപ്പെടാത്ത ഏത് രാഷ്ട്രവും ശത്രുരാഷ്ട്രമായി ഗണിക്കപ്പെടുമെന്ന് തന്നെയാണ് ഈ പ്രഖ്യാപനം അർത്ഥമാക്കുന്നത്. പെന്റഗണിന്റെ ഉപജാപഫലമായാണ് പ്രാദേശികയുദ്ധങ്ങളും പല കലാപങ്ങളും സൈനികമായ കടന്നുകയറ്റങ്ങളും രാജ്യന്തരവൈരങ്ങളും ഉണ്ടാകുന്നത്. നിഷ്കളങ്കരായ ജനങ്ങളെ കൊന്നൊടുക്കുന്നതിൽ, രാജ്യാതിർത്തികളിൽ നിഷ്ക്കരുണമായ ആക്രമണങ്ങൾ നടത്തുന്നതിൽ, അട്ടിമറി പ്രവർത്തനങ്ങളിൽ, രാജ്യാധിപന്മാരെ അട്ടിമറിക്കുന്നതിലും കൊലചെയ്യുന്നതിലുമൊക്കെ ഭയാനകമായ റെക്കോർഡ് തന്നെ അമേരിക്കൻ സാമ്രാജ്യത്വം സൃഷ്ടിച്ചിട്ടുണ്ട്. ജനാധിപത്യം കയറ്റുമതി ചെയ്യുക, അപരിഷ്കൃതരെ നാഗരികരാക്കുക തുടങ്ങിയ ചെല്ലപ്പേരുകളിൽ, സെൻട്രൽ ഇന്റലിജൻസ് ഏജൻസി(CIA), ഡിഫൻസ് ഇന്റലിജൻസ് ഏജൻസി(DIA) പോലെയുള്ള കുപ്രസിദ്ധ രഹസ്യ സർവ്വീസുകളിലൂടെ, വൻ തോതിലുള്ള ചാരപ്രവർത്തികളാണ് അവർ ചെയ്തുപോകുന്നത്. അവർ നടത്തിയിട്ടുള്ള കരാളകൃത്യങ്ങളുടെ പട്ടിക വിവരിക്കുവാൻ സ്ഥലം മതിയാകില്ല.

ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ, ആരാണ് യഥാർത്ഥത്തിൽ യുദ്ധക്കൊതിയൻ എന്ന് വിളിക്കപ്പെടേണ്ടത്. ആരാണ് സമാധാനത്തിന് ഭീഷണിയുയർത്തുന്നത്. സൈനികബലത്തിന്റെ മുഷ്ക്ക് കാണിച്ചുകൊണ്ട് രാജ്യങ്ങളെ കാൽക്കീഴിൽ കൊണ്ടുവരുന്ന ഹീനമായ അജണ്ട ആരാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ആരാണ് ലോകരാഷ്ട്രങ്ങളോടെല്ലാം ഈ യുദ്ധഭീഷണിയിൽ നിന്നുമുള്ള മോചനദ്രവ്യത്തിനായി വിലപേശുന്നത്- സോഷ്യലിസ്റ്റ് ഉത്തരകൊറിയ എന്ന ചെറിയ രാഷ്ട്രമോ അതോ സാമ്രാജ്യത്വ തലവനായുള്ള അമേരിക്കയോ. ലോകമെമ്പാടും പടക്കോപ്പ് കൂട്ടിക്കൊണ്ട് ലക്ഷ്യം വെയ്ക്കുന്ന ഏതൊരു രാഷ്ട്രത്തെയും തോക്കിൻമുനയിൽ നിർത്തി കൊലവിളി നടത്തുന്നത്, തങ്ങളുടെ രാജ്യാതിർത്തിക്കുമെത്രയോ അകലെ പോലും കടന്നാക്രമണം നടത്തുവാൻ തുനിയുന്നത് യഥാർത്ഥത്തിൽ ആരാണ്. ഉത്തരകൊറിയയോ അമേരിക്കയോ? വസ്തുതകളുടെ അടിസ്ഥാനത്തിൽ, 1950-53 വ

(ശേഷം 3-ാം പേജിൽ)

## അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഐക്യരാഷ്ട്ര സഭയിൽ നടത്തിയ പ്രസംഗം

ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലിയിൽ അമേരിക്കൻ പ്രസിഡന്റ് ട്രംപ് ചൊവ്വാഴ്ച പ്രസംഗിക്കുകയുണ്ടായി. ഇതിനുമുൻപ് ലോകനേതാക്കളെ അഭിസംബോധന ചെയ്ത മുൻഗാമികളിൽ നിന്ന് തികച്ചും വ്യത്യസ്തമായാണ്, അമേരിക്ക ലോകത്ത് വഹിക്കുന്ന പങ്കിനെക്കുറിച്ച് ട്രംപ് തന്റെ കാഴ്ചപ്പാട് അവതരിപ്പിച്ചത്. രണ്ടാം ലോകയുദ്ധാനന്തരം ഐക്യരാഷ്ട്ര സഭ രൂപീകരിക്കുന്നതിൽ നിർണ്ണായകപങ്ക് വഹിക്കുന്നതിലേയ്ക്ക് അമേരിക്കയെ നയിച്ച ആശയങ്ങൾക്കും ആദർശങ്ങൾക്കും വിരുദ്ധമായ കാര്യങ്ങളാണ് ട്രംപ് വിളമ്പിയത്.

തന്റെ പ്രസംഗത്തിന്റെ കേന്ദ്രബിന്ദു രാഷ്ട്രങ്ങളുടെ "പരമാധികാര"മാണ് എന്ന് തോന്നിപ്പിക്കും വിധം ആ വിഷയം അദ്ദേഹം ആവർത്തിച്ച് പരാമർശിച്ചുകൊണ്ടിരുന്നു. "സ്വന്തം ജനതയുടെ താത്പര്യങ്ങളെയും അതോടൊപ്പം മറ്റ് രാഷ്ട്രങ്ങളുടെ പരമാധികാരത്തെയും എല്ലാവരും മാനിക്കുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നതെ"ന്ന് അദ്ദേഹം പറഞ്ഞു. നൂറ്റാണ്ടുകളായി അന്തർദ്ദേശീയ രംഗത്ത് അടിസ്ഥാന പ്രമാണമായി നിലകൊള്ളുന്നതാണ് ദേശീയ പരമാധികാരമെന്നത്. എന്നാൽ, ട്രംപിന്റെ വാക്കുകൾ ഗൂഢാർത്ഥം വച്ചുള്ളതായിരുന്നു. ആഗോള തലത്തിൽ മറ്റുരാഷ്ട്രങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുകയെന്നാൽ സ്വന്തം പരമാധികാരം വിദേശികൾക്ക് അടിയറവയ്ക്കുക എന്നാണ് അർത്ഥമെന്നാണ് ആ വാക്കുകൾ ശ്രവിച്ചവർക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്.

"ആഗോള ഭരണ സംവിധാനങ്ങളെ"യും അന്തർദ്ദേശീയ വ്യാപാര ഉടമ്പടികളെയും രൂക്ഷമായ ഭാഷയിൽ ട്രംപ് വിമർശിച്ചു. മുക്കാൽ നൂറ്റാണ്ടോളമായി ഐക്യരാഷ്ട്ര സംഘടന പല വാഗ്ദാനങ്ങളും മുന്നോട്ട് വയ്ക്കുന്നു. എന്നാൽ, അവ നിറവേറ്റാനായി അമേരിക്കയ്ക്ക് ഒരുപാട് പണം ചെലവഴിക്കേണ്ടിവരുന്നുണ്ട്.("മറ്റാരേക്കാളും കൂടുതൽ പണം നൽകുന്ന ഞങ്ങൾ നീതീകരിക്കാനാവാത്ത ഒരു ഭാരമാണ് ചുമക്കുന്നത്" എന്നും അദ്ദേഹം കൂട്ടിച്ചേർത്തു). പാരീസ് കാലാവസ്ഥ ഉടമ്പടിയൽനിന്നും ട്രാൻസ്-പസഫിക് പങ്കാളിത്ത ഉടമ്പടിയിൽ നിന്നുമുള്ള അദ്ദേഹത്തിന്റെ പിൻമാറ്റം, നോർത്ത് അമേരിക്കൻ സ്വതന്ത്ര വ്യാപാര ഉടമ്പടി പുനഃപരിശോധിക്കാനുള്ള തീരമാനം, അമേരിക്ക-ദക്ഷിണ കൊറിയ വ്യാപാര കരാറും ഇറാൻ ആണവ കരാറും റദ്ദാക്കുമെന്നുള്ള ഭീഷണി, നാറ്റോ സഖ്യത്തെയും സഖ്യരാജ്യങ്ങളെയും കുറിച്ചുള്ള അദ്ദേഹത്തിന്റെ വിമർശനം എന്നിവയൊക്കെയായി ബന്ധപ്പെടുത്തിവേണം ഐക്യരാഷ്ട്ര സഭയോടുള്ള നിലപാടിനെയും കാണാൻ.

ആകെത്തുകയിൽ, ആധുനിക കാലത്തെ ഏറ്റവും ദേശീയവാദിയായ അമേരിക്കൻ പ്രസിഡന്റാണ് ട്രംപ് എന്ന് ഉറപ്പിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം.

"യാഥാർത്ഥ്യ ബോധമുള്ള" ആശയം എന്ന നിലയിലാണ് ട്രംപ് കാര്യങ്ങൾ അവതരിപ്പിച്ചതെങ്കിലും സത്തയിൽ അത് തികച്ചും സ്വാർത്ഥപരമായിരുന്നു. വിദേശ നയമാകെ. ദേശീയ താത്പര്യത്താൽ നയിക്കപ്പെടുന്നതാണ്. പരമാധികാരത്തോളം തന്നെ അടിസ്ഥാന പ്രാധാന്യമുള്ള കാര്യമാണത്. ഐക്യരാഷ്ട്ര സഭയുടെ ചില പദ്ധതികളെ ഇടയ്ക്കൊക്കെ പുകഴ്ത്തിക്കൊണ്ടിരുന്നെങ്കിലും അതിൽനിന്നെല്ലാം "നമുക്കെന്ത് നേട്ടം" എന്ന കാഴ്ച്ചപ്പാടാണ് ഉടനീളം നിഴലിച്ചുനിന്നത്. സമൂഹത്തിനും സാമൂഹ്യതാത്പര്യത്തിനും വേണ്ടി നലകൊള്ളുകയെന്ന ഐക്യരാഷ്ട്ര സഭയുടെ മൂല്യസങ്കല്പങ്ങളെ നിരാകരിക്കുന്ന നിലപാടായേ ഇതിനെ മനസ്സില്ലാക്കാനാകു. "അനിയന്ത്രിതമായ കുടിയേറ്റ"ത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ ഇത് കൂടുതൽ വ്യക്തമാകുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, അമേരിക്കയിൽനിന്ന് എത്രത്തോളം അകലം പാലിക്കുന്നോ അത്രത്തോളം അത് അഭയാർത്ഥികൾക്ക് പറ്റിയ സ്ഥലമായിരിക്കും എന്നത്രേ.

ഒരു രാഷ്ട്ര തന്ത്രജ്ഞന്റെ പ്രായോഗിക നിലപാടെന്നതിലൂപരി ഈ പ്രസംഗം ഓർമ്മിക്കപ്പെടുക, ഒരു വഴക്കാളി സംഘത്തലവന്റെ ആക്രോശം എന്നനിലയിലായിരിക്കും. "ദ അൺടച്ചബിൾസി"ൽ അൽ കാപ്പോണെ അവതരിപ്പിക്കുന്ന റോബർട്ട് ഡി നീറോയുടെ ചിത്രം മനസ്സിൽ സങ്കൽപ്പിച്ചു നോക്കു. ഏതൊരു പ്രേക്ഷകനെയും ഭയപ്പെടുത്തുന്ന ഒരു കഥാപാത്രമായിരുന്നു അയാൾ.

ഉത്തര കൊറിയയ്ക്കുമേലാണ് ട്രംപ് ഏറ്റവുമധികം ശകാരം ചൊരിഞ്ഞത്. ഉത്തരകൊറിയ ഉയർത്തുന്ന ഭീഷണിയെക്കുറിച്ച് വർണ്ണിച്ച ശേഷം, "ആണവപദ്ധതി ഉപേക്ഷിച്ചില്ലെങ്കിൽ, ആ രാജ്യത്തെ ഭസ്മമാക്കുകയായിരിക്കും ഞങ്ങൾ ചെയ്യുക, ആ റോക്കറ്റ് മനുഷ്യൻ ആത്മഹത്യയുടെ മാർഗ്ഗമാണ് തെരഞ്ഞെടുത്തിരിക്കുന്നത്" എന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു.

# ഉത്തരകൊറിയയുടെ ശ്രമം മാതൃരാജ്യത്തെയും സോഷ്യലിസത്തെയും സംരക്ഷിക്കാൻ




(2-ാം പേജിൽ നിന്ന്)

രെ നടന്ന നാലു വർഷം നീണ്ടുനിന്ന കൊറിയൻ യുദ്ധത്തിൽ അമേരിക്ക വഹിച്ച ഹീനമായ പങ്കും എങ്ങനെയാണ് ആ രാജ്യം രണ്ടായി വിഭജിക്കപ്പെട്ടതെന്നും പരിശോധിക്കേണ്ടതായുണ്ട്.

### കൊറിയൻ യുദ്ധത്തിന്റെ ചരിത്രപശ്ചാത്തലം

രണ്ടാം ലോകയുദ്ധത്തിൽ ജർമ്മനി-ഇറ്റലി-ജപ്പാൻ എന്നിവർ നയിച്ച ഫാസിസ്റ്റ് സഖ്യം സോവിയറ്റ് യൂണിയന്റെ ധീരതയ്ക്ക് മുമ്പിൽ തറപറ്റിയതോടുകൂടി, ലോകമെമ്പാടും കമ്മ്യൂണിസ്റ്റ് ആശയങ്ങളോടും സോഷ്യലിസത്തോടുമുള്ള ആഭിമുഖ്യവും വിശ്വാസ്യതയും വളരെ വേഗം വർദ്ധിച്ചു. അടിച്ചമർത്തപ്പെട്ട മാനവസമൂഹത്തിന് എല്ലാ ബന്ധനങ്ങളും പൊട്ടിച്ചെറിയുവാനുള്ള ഊർജ്ജമിത് പകർന്ന് നൽകി. കിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾ സോഷ്യലിസ്റ്റ് ഭരണക്രമം സ്ഥാപിച്ചു. ചൈനീസ് വിപ്ലവമാകട്ടെ വിജയത്തോട് അടുത്തുനിൽക്കുന്ന സമയവും. മഹാനായ സ്റ്റാലിന്റെ നേതൃത്വത്തിലുള്ള സോവിയറ്റ് ചേരി ഏഷ്യയിലെയും ആഫ്രിക്കയിലെയും ലാറ്റിനമേരിക്കൻ രാജ്യങ്ങളിലെയും കോളനി-അർദ്ധകോളനികളിലെ സാമ്രാജ്യത്വവിരുദ്ധ പ്രക്ഷോഭങ്ങൾക്കും സ്വാതന്ത്ര്യസമരങ്ങൾക്കും ആശയും ആവേശവുമായി വർത്തിച്ചു. മാത്രമല്ല, മൂന്നിലൊന്ന് ലോകരാഷ്ട്രങ്ങളും സോഷ്യലിസ്റ്റ് ഭരണക്രമത്തിലായതോട് കൂടി, ആഗോള മുതലാളിത്ത വിപണിക്ക് ഇടിവുണ്ടായി.

വ്യവസ്ഥാപിത മുതലാളിത്ത രാഷ്ട്രങ്ങളെ പരിഭ്രാന്തിയിലാഴ്ത്തുന്നതായിരുന്നു യുദ്ധാനന്തരം ലോക സാഹചര്യത്തിലുണ്ടായ ഈ മാറ്റം. മറ്റൊരു പ്രധാന സവിശേഷത, പ്രധാനപ്പെട്ട യൂറോപ്യൻ മുതലാളിത്ത രാഷ്ട്രങ്ങളെല്ലാം യുദ്ധക്കെടുതിയിലായിരുന്ന ആ ഘട്ടത്തിലും അമേരിക്കൻ സാമ്രാജ്യത്വം കോട്ടം തട്ടാത്ത സുരക്ഷിതമായൊരവസ്ഥയിലായിരുന്നുവെന്നതാണ്. അമേരിക്കയുടെ മണ്ണിൽ യഥാർത്ഥത്തിൽ യുദ്ധം നടന്നിട്ടേയില്ലയെന്ന് പറയാം. അമേരിക്കയുടെ മർമ്മപ്രധാനമായ ഒരു മേഖലയിലും ബോംബാക്രമണമോ മറ്റ് യുദ്ധക്കെടുതികളോ നേരിടേണ്ടി വന്നിട്ടില്ല. ഈയൊരു സാഹചര്യം മുതലെടുത്തുകൊണ്ട് സാമ്പത്തികശക്തി വികസിപ്പിക്കുവാനും മുതലാളിത്ത-സാമ്രാജ്യത്വ ചേരിയിലെ ഒന്നാമത്തെ ശക്തിയായി വളരുവാനുമുള്ള ശ്രമങ്ങൾ അവർ ആരംഭിച്ചു. മാത്രമല്ല, യുദ്ധക്കെടുതിയിൽ തകർന്ന പലരാജ്യങ്ങളും പുനർനിർമ്മാണത്തിനായി അമേരിക്കയുടെ സഹായഹസ്തങ്ങൾ ആവശ്യപ്പെടാനും തുടങ്ങി. ഇതോടെ അമേരിക്ക നവകോളനിവത്ക്കരണത്തിന്റെ സാധ്യതകൾ മുതലെടുത്തുകൊണ്ട് ആധിപത്യം സ്ഥാപിക്കുവാൻ ആരംഭിച്ചു. ഫിനാൻസ് കാപ്പിറ്റലിന്റെ സഹായത്തോടെ പലരാജ്യങ്ങളുടെയും സാമ്പത്തികഘടനയെ നിയന്ത്രിക്കുകയും അവിടങ്ങളിൽ തങ്ങളുടെ ആജ്ഞാനുവർത്തികളായ പാവഭരണാധികാരികളെ സ്ഥാപിക്കുകയും ചെയ്തു. ഇതോടൊപ്പം തന്നെ സോഷ്യലിസത്തിനെതിരായ കുരിശ് യുദ്ധവും അവർ തുടർന്നു. സോഷ്യലിസ്റ്റ് ഭരണകൂടത്തെ ഏകാധിപത്യപരമെന്നും സർവ്വാധിപത്യപരമെന്നും ചാപ്പകുത്തി അപകീർത്തിപ്പെടുത്തുകയും സ്വയം സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും മാനവികതയുടെയും സംരക്ഷകരെന്നും സമാധാനത്തിന്റെ ദൂതന്മാരെന്നും വിശേഷിപ്പിക്കുകയും ചെയ്തു. മാത്രമല്ല, അന്തർദേശീയ കമ്മ്യൂണിസത്തിന്റെ സാധ്യതകൾ തടയുവാനെന്ന പേരിൽ, അവർ കുപ്രസിദ്ധമായ ഉപരോധതന്ത്രം സ്വീകരിക്കുകയും ജനങ്ങളുടെ മോചനസമരങ്ങൾക്കും പ്രക്ഷോഭങ്ങൾക്കും തടയിടുകയും സോഷ്യലിസ്റ്റ് ശക്തികളുടെ വളർച്ചയ്ക്കുള്ള സാധ്യതകൾ ഇല്ലാതാക്കുകയും ചെയ്തു.

### കൊറിയൻ യുദ്ധവും രാജ്യവിഭജനവും

സോവിയറ്റ് യൂണിയനും ചൈനയുമായി അതിർത്തി പങ്കിടുന്ന കൊറിയ ജപ്പാന്റെ കോളനിയായിരുന്നു. 1945ൽ സോവിയറ്റ് ചെമ്പട, ഫാസിസ്റ്റ് സഖ്യശക്തികളെ പരാജയപ്പെടുത്തിയതോടെ, ജപ്പാൻ കീഴടങ്ങുകയും തുടർന്ന് കൊറിയയിൽ നിന്നും പിന്മാറുകയും ചെയ്തു. കോളനിവത്ക്കരണത്തിൽ നിന്നും സ്വാതന്ത്ര്യം നേടിയതിൽ ആഹ്ലാദചിത്തരായ കൊറിയൻ ജനത സോഷ്യലിസവും പുരോഗതിയും ആഗ്രഹിച്ചു. 1930കളിലും 40കളിലും കൊറിയൻ കമ്മ്യൂണിസ്റ്റുകൾ ചൈനീസ് കമ്മ്യൂണിസ്റ്റുകളുമായി ചേർന്ന് ജാപ്പനീസ് അധിനിവേശത്തിനെതിരെ പൊരുതിയിരുന്നു. ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ പൂർവ്വകാലാംഗവും കൊറിയയുടെ പ്രഥമ പ്രസിഡന്റുമായ കിം ഇൽ-സുംഗ് ജനങ്ങളുടെ ആദരണീയനായ നേതാവായി ഉയർന്നുവരികയുണ്ടായി.

ഈ സംഭവവികാസങ്ങൾ പ്രത്യക്ഷത്തിൽ തന്നെ അമേരിക്കയെ വിറളിപിടിപ്പിച്ചു. സോഷ്യലിസത്തിന് ലഭിക്കുന്ന വർദ്ധിച്ചുവരുന്ന പിന്തുണയിലും അംഗീകാരത്തിലും പരിഭ്രാന്തരായിരുന്ന അമേരിക്ക, അവിഭജിതമായ സോവിയറ്റ് കൊറിയ വടക്കുകിഴക്കൻ പ്രദേശങ്ങളിലേക്ക് മാത്രമല്ല, മുഴുവൻ ഏഷ്യയിലേക്കുമുള്ള തങ്ങളുടെ പ്രവേശനമില്ലാതാകുവാൻ കാരണമാകുമെന്ന് ഭയപ്പെട്ടു. അതിനാൽ പസഫിക് മേഖലയിൽ വിന്യസിച്ചിരുന്ന സൈനികശേഷി ഉപയോഗിച്ച്, കൊറിയയുടെ തെക്കൻ അതിർത്തിയിലെ വലിയൊരു ഭാഗം കൈയേറി. 38 ഡിഗ്രി വടക്കേ അക്ഷാംശത്തിന്റെ ദക്ഷിണഭാഗത്തുള്ള ജപ്പാൻ സൈന്യത്തെ നിരായുധീകരിക്കുന്നുവെന്നു പറഞ്ഞാണ് അവർ ഈ അധിനിവേശത്തെ ന്യായീകരിച്ചത്. ക്രമാനുഗതം കൊറിയ സ്വതന്ത്രമാക്കപ്പെടും എന്ന തത്വത്തിന്മേൽ 1943 നവംബർ 22ന് നടന്ന കെയ്റോ കോൺഫറൻസിൽ ഈ നടപടി അംഗീകരിക്കപ്പെട്ടു. എന്നാൽ, അമേരിക്ക അവരുടെ സാമ്രാജ്യത്വ താത്പര്യങ്ങളുടെ മൂർച്ച തെല്ലും കുറച്ചില്ലെന്നു മാത്രമല്ല, 38-ാം സമാന്തരരേഖ കൊറിയയെ രണ്ടായി വിഭജിക്കുന്ന സാങ്കൽപ്പിക അതിർത്തിയായി ഏകപക്ഷീയമായി പ്രഖ്യാപിക്കുകയും ചെയ്തു. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ പിന്തുണയോടെ, 1948 മേയ് മാസം ദക്ഷിണകൊറിയ പ്രത്യേക രാഷ്ട്രപദവി പ്രഖ്യാപിക്കുകയും അമേരിക്കയുടെ താത്പര്യങ്ങൾക്കനുസൃതമായ ഭരണസംവിധാനം സിംഗ്മാൻ റീയുടെ നേതൃത്വത്തിൽ സ്ഥാപിക്കുകയും ചെയ്തു. തുടർന്ന്, 1948 സെപ്റ്റംബറിൽ, ഉത്തരകൊറിയൻ പ്രദേശം, ഡമോക്രാറ്റിക് പീപ്പിൾസ് റിപ്പബ്ലിക് ഓഫ് കൊറിയ എന്ന പേരിൽ സോഷ്യലിസ്റ്റ് ഭരണകൂടമായും സ്ഥാപിതമായി. ജപ്പാൻ അധീശത്വത്തിന്റെ പതനത്തിന് ശേഷം, പെന്റഗൺ ഭരണാധികാരികളുടെ ഇടപെടലിന്റെ ഫലമായി, കൊറിയ രണ്ട് പ്രത്യേക രാജ്യങ്ങളായി വിഭജിക്കപ്പെട്ടത് ഇങ്ങനെയാണ്. ശക്തവും അവിഭജിതവുമായ സോഷ്യലിസ്റ്റ് കൊറിയയെന്ന കൊറിയൻ ജനതയുടെ അഭിലാഷം ഇത്തരത്തിലാണ് അമേരിക്ക ഇല്ലാതാക്കിത്. സ്വന്തം രാഷ്ട്രം ഏത് തരം ഭരണസംവിധാനത്തിലും സാമൂഹിക ക്രമത്തിലുമാകണമെന്ന ജനങ്ങളുടെ മൗലികാവകാശത്തെ, പ്രത്യക്ഷത്തിൽ തന്നെ അങ്ങനെ അവർ ചവിട്ടിമെതിച്ചു.

എന്നാൽ, ഇതുകൊണ്ടും എല്ലാമായില്ല. അമേരിക്കൻ സാമ്രാജ്യത്വ അധിനിവേശ താത്പര്യാർത്ഥം, ഉത്തര കൊറിയയെ ഏതു സന്ദർഭത്തിലും ആക്രമിക്കുവാൻ സൗകര്യപ്പെടുന്ന മുന്നണി പ്രദേശവും സൈനികകേന്ദ്രവുമായി ദക്ഷിണകൊറിയയെ മാറ്റിയെടുത്തു. 1949 മുതൽ തന്നെ ദക്ഷിണകൊറിയയെ തങ്ങളുടെ കാലാളായി ഉപയോഗപ്പെടുത്തിക്കൊണ്ട്, കൊറിയ ഉപദ്വീപിനെ മുഴുവനായി ആക്രമിക്കാനുതകുന്ന സന്നാഹങ്ങൾ അമേരിക്ക കോപ്പുകൂട്ടിത്തുടങ്ങിയിരുന്നു. ഈ പ്രദേശത്ത് യുദ്ധഭീഷണി നിരന്തരം ഉയർത്തിവിടുന്നതിനായി, 1949 ആഗസ്റ്റിലും ഒക്ടോബറിലും ചൈനയുടെ അതിർത്തി പങ്കിടുന്ന മേഖലകളിൽ, അമേരിക്കൻ സാമ്രാജ്യത്വം വ്യോമാക്രമണങ്ങൾ നടത്തി. "ഞങ്ങൾ താത്പര്യപ്പെട്ടതു പോലെ ലോകത്തിലെ നേതൃസ്ഥാനീയരായി മാറുവാൻ രണ്ട് മഹായുദ്ധങ്ങളും മുപ്പത് വർഷത്തെ കാലയളവും ആവശ്യമായി വന്നു, ഇന്ന് ഈ പ്രബലസ്ഥാനം നിലനിർത്തുവാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്" എന്ന് 1950 ജനുവരി 10ന് നടത്തിയ പ്രസംഗത്തിൽ, അമേരിക്കൻ പ്രസിഡന്റ് ട്രൂമാൻ തുറന്ന് പറഞ്ഞിട്ടുണ്ട്. ഒടുവിൽ ദക്ഷിണകൊറിയയെ കമ്മ്യൂണിസ്റ്റ് ആക്രമണത്തിൽ നിന്നും രക്ഷിക്കുവാനെന്ന പേരിൽ ഉത്തര കൊറിയയ്ക്ക് മേൽ അമേരിക്ക സർവസന്നാഹങ്ങളോടും കൂടി സൈനികാക്രമണം നടത്തി. 5.7 ദശലക്ഷം അമേരിക്കൻ സൈന്യമാണ് കൊറിയൻ യുദ്ധത്തിന് നിയോഗിക്കപ്പെട്ടത്. കൊറിയൻ ജനതയെ നിരുപാധികം കൊന്നൊടുക്കിക്കൊണ്ട് ആ രാഷ്ട്രത്തെ ഭസ്മീകരിക്കാമെന്നും, ഭയപ്പെടുത്തി ആ രാജ്യത്തെ മുട്ടുകുത്തിക്കാമെന്നുമുള്ള ലക്ഷ്യമായിരുന്നു അമേരിക്കയ്ക്ക് ഉണ്ടായിരുന്നത്. വിവേചനരഹിതമായ ബോംബാക്രമണത്തിലൂടെ ഫാക്ടറികളും സ്കൂളുകളും ആശുപത്രികളും വീടുകളും അവർ തകർത്തു. ഏതാനും മാസങ്ങൾ കൊണ്ട് ഉത്തര കൊറിയയിലെ 20 ശതമാനം ജനങ്ങളെ അവർ ഇല്ലാതാക്കി. രാജ്യാന്തര നിയമപ്രകാരം വിലക്കിയിട്ടുള്ള രാസായുധങ്ങളും മാരകമായ ബാക്ടീരിയൽ ആയുധങ്ങളും ഉപയോഗിച്ചുകൊണ്ട്, മൂന്നുലക്ഷത്തോളം കൊറിയൻ ജനതയെ അമേരിക്ക കൊന്നൊടുക്കി. അണുവായുധ ഭീഷണി മുഴക്കിക്കൊണ്ട്, അവരുടെ കിരാതത്വത്തിന്റെ പരമാവധി പ്രയോഗിച്ചുകൊണ്ട്, യുദ്ധക്കുറ്റകൃത്യങ്ങൾ ആവർത്തിച്ചുകൊണ്ട് ഉത്തരകൊറിയയെ സാമ്രാജ്യത്വ നുകത്തിൻ കീഴിൽ കൊണ്ടുവരുവാൻ അവർ ശ്രമിച്ചു. എന്നാൽ 1949–50ൽ, അമേരിക്കൻ അധിനിവേശ സൈന്യത്തിന്റെ തലവനായിരുന്ന ജനറൽ റോബർട്ട് പ്രഖ്യാപിച്ചതുപോലെ കൊറിയൻ ഉപദ്വീപിനെ മുഴുവനായി അധീനപ്പെടുത്തുകയെന്ന സാമ്രാജ്യത്വ താത്പര്യം സഫലീകരിക്കപ്പെടുവാൻ, സമാധാനപരമായ സഹവർത്തിത്വമെന്ന തത്വം കർത്തവ്യമായി കണ്ടിരുന്ന സോവിയറ്റ് ക്യാമ്പ് അനുവദിച്ചില്ല. അതേ സമയം, സാമ്രാജ്യത്വ ശക്തികൾ ഏതെങ്കിലും സോഷ്യലിസ്റ്റ് രാഷ്ട്രത്തെ ആക്രമിച്ചാൽ തിരിച്ചടിക്കുവാൻ മടിക്കില്ലെന്നും സോവിയേറ്റ് ചേരി പ്രഖ്യാപിച്ചു. സൈനിക നീക്കത്തിലൂടെ ഉത്തര കൊറിയയെ ചവിട്ടടിയിലാക്കുകയെന്ന അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ കുടിലമായ തന്ത്രം മഹാനായ സ്റ്റാലിൻ നേതൃത്വം നൽകിയ സോവിയേറ്റ് യൂണിയനും മാവോ സേ തുങ്ങിന്റെ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ് ചൈനയും അതീവ ഗൗരവത്തോടെ ശ്രദ്ധിച്ചിരുന്നു. തൊഴിലാളിവർഗ്ഗ സാർവദേശീയതയെന്ന ആശയം പേറിയിരുന്ന യോവിയേറ്റ് യൂണിയനും ചൈനയും, അമേരിക്കൻ സൈനികാക്രമണം നേരിടേണ്ടി വരുന്ന പക്ഷം, ഉത്തര കൊറിയയ്ക്കൊപ്പം നിലകൊള്ളുമെന്ന നിലപാട് സ്വീകരിച്ചു. അതിനാൽ, സമാധാനപരമായ സഹവർത്തിത്വമെന്ന തത്വത്തെ അനാദരിച്ചുകൊണ്ട്, അമേരിക്ക, ഉത്തരകൊറിയയുടെ മേൽ ചാടിവീണപ്പോൾ, സോഷ്യലിസത്തിന്റെ പ്രാരംഭഘട്ടത്തിലായിരുന്നിട്ടു പോലും ചൈന, തങ്ങളുടെ മാതൃഭൂമിയ്ക്ക് നേരെയുള്ള ആക്രമണത്തിന് സമാനമായി വീക്ഷിച്ചുകൊണ്ട് അത് നേരിടുവാൻ തയ്യാറായി. അമേരിക്കയുടെ കൂലിപ്പടയാളികളെ നേരിടുവാൻ അവർ ഉടൻ തന്നെ സോഷ്യലിസ്റ്റ് സന്നദ്ധഭടന്മാരെ ഉത്തര കൊറിയയിലേക്ക് അയച്ചു. യു.എസ്.എസ്.ആറും ആവശ്യമായ എല്ലാ സഹായസഹകരണങ്ങളും ഉത്തരകൊറിയയ്ക്ക് നൽകി. ഡി.പി.ആർ.കെയിലേയും ചൈനയിലേയും ധീരരായ സോഷ്യലിസ്റ്റ് യോദ്ധാക്കൾ ഉൾക്കൊണ്ടിരിക്കുന്ന ആദർശം പകർന്നു നൽകിയ സ്ഥൈര്യവും നിശ്ചയദാർഢ്യവും അമേരിക്കൻ കിരാതസൈന്യത്തെ തിരിച്ചടിക്കുന്നതിൽ വിജയിച്ചു. ഒടുവിൽ ധീരരായ കൊറിയൻ ജനതയ്ക്ക് മുന്നിൽ അമേരിക്കൻ സാമ്രാജ്യത്വം മുട്ടുകുത്തി. മൂന്നുവർഷവും ഒരുമാസവും നീണ്ടുനിന്ന കൊറിയൻ യുദ്ധം 1953ൽ കൊറിയൻ ജനതയുടെ മഹത്തായ വിജയത്തോടെ പര്യവസാനിച്ചു. എന്നാൽ ഒരു സമാധാനക്കരാറിലും ഒപ്പുവെയ്ക്കാൻ ദക്ഷിണകൊറിയയെ അമേരിക്ക അനുവദിച്ചില്ല. തത്ഫലമായി ഡി.പി.ആർ.കെയും ദക്ഷിണകൊറിയയും രണ്ട് വ്യത്യസ്തരാഷ്ട്രങ്ങളായി തുടരുവാൻ നിർബന്ധിതമായി. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ അധീശത്വനയങ്ങളുടെ ഭാഗമായി, അഖണ്ഡമായ രാഷ്ട്രമെന്ന കൊറിയൻ ജനതയുടെ സ്വപ്നം വീണ്ടും സഫലീകരിക്കാതെ അവശേഷിച്ചു.

കൊറിയൻ യുദ്ധത്തിലെ ദയനീയമായ പരാജയം അമേരിക്കക്കേറ്റ കനത്തതിരിച്ചടിയായിരുന്നു. ആയുധബലത്തിന്റെയും സൈനികശക്തിയുടെയും മേൽ പടുത്തുയർത്തിയ അവരുടെ അധീശത്വം ഒന്നുമല്ലെന്ന് കൊറിയൻ ജനതയുടെ വിജയം തെളിയിച്ചു. അണുവായുധങ്ങളാണ് യുദ്ധവിജയത്തെ നിർണ്ണയിക്കുന്നതെന്ന മിത്ത് പൊളിച്ചടുക്കപ്പെട്ടു. അമേരിക്കൻ സാമ്രാജ്യത്വം ഹീനമായ യുദ്ധവെറി പടർത്തുവരും സമാധാനത്തിനും ജനാധിപത്യത്തിനും ഭീഷണിയുയർത്തുന്നവരും രാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യത്തിന് ഭീഷണിയാകുന്ന രക്തദാഹികളുമാണെന്ന് ഈ ചരിത്രം വ്യക്തമാക്കുന്നു. കമ്മ്യൂണിസമെന്ന പുരോഗമനപരവും ആധുനികവുമായ ആദർശത്തിന്റെ അടിസ്ഥാനത്തിൽ സ്വാതന്ത്ര്യത്തിനും പുരോഗതിക്കും വേണ്ടി പോരടിക്കുന്ന ചെറിയ ഒരു രാഷ്ട്രത്തിലെ ജനതയ്ക്ക് പോലും സാമ്രാജ്യത്വ ഉപജാപത്തെ അതിജീവിക്കുവാൻ സാധിക്കുമെന്ന് തെളിയിക്കുന്നത് കൂടിയായിരുന്നു കൊറിയൻ യുദ്ധം.

### ഏകധ്രുവലോകത്തിലെ അനിയന്ത്രിതമായ അമേരിക്കൻ സാമ്രാജ്യത്വ ധാർഷ്ട്യം

അമേരിക്കൻ സാമ്രാജ്യത്വചേരിയുടെ യുദ്ധതന്ത്രങ്ങൾ ഫലപ്രദമായി തടയുവാൻ സോഷ്യലിസ്റ്റ് ചേരി സുശക്തമായി നിലനിന്നിരുന്ന കാലത്തോളം സാധിച്ചിരുന്നു. എന്നാൽ തിരുത്തൽവാദ നയങ്ങൾ അനുവർത്തിച്ചുകൊണ്ട് ക്രൂഷ്ചേവ് നേതൃത്വമേറ്റെടുത്തതോടുകൂടി, സാമ്രാജ്യത്വ ചേരിയുടെ അണുവായുധ ഭീഷണിക്കുമുമ്പിൽ വഴിപ്പെട്ട് സമാധാനപരമായ സഹവർത്തിത്വമെന്ന തത്വം വികലമായി വളച്ചൊടിച്ച്

(ശേഷം 4-ാം പേജിൽ)

**ഏതെങ്കിലുമൊരു രാജ്യത്തെ, ഏതെങ്കിലുമവസരത്തിൽ, ഉത്തരകൊറിയ ആക്രമിച്ചിട്ടുണ്ടോ? എന്തെങ്കിലും കപടവാദമുയർത്തിക്കൊണ്ട്, ഏതെങ്കിലുമൊരു രാഷ്ട്രത്തിന്റെ പരമാധികാരത്തെ ഉത്തരകൊറിയ ധ്വംസിക്കുകയോ കൈകടത്തുകയോ ചെയ്തിട്ടുണ്ടോ? തങ്ങളുടെ രാസായുധങ്ങളോ ആണവായുധങ്ങളോ അവർ ഏതെങ്കിലും രാജ്യത്തിന് മേൽ പ്രയോഗിക്കുകയോ നിഷ്കളങ്കരായ ലക്ഷോപലക്ഷം പൗരന്മാരെ കൊന്നൊടുക്കുകയോ ചെയ്തിട്ടുണ്ടോ? മറ്റ് രാജ്യങ്ങളെ ആക്രമിക്കുവാനായി, ലോകം മുഴുവൻ സൈന്യത്തെ വിന്യസിക്കുവാൻ ഏതെങ്കിലും ഉത്തരകൊറിയൻ പ്രസിഡന്റ് തുനിഞ്ഞിട്ടുണ്ടോ? തങ്ങളുടെ അനുശാസനങ്ങൾക്ക് വഴങ്ങുന്നില്ലെന്നോ, അല്ലെങ്കിൽ തങ്ങൾക്ക് അഹിതമായത് പ്രവർത്തിക്കുന്നെന്നോ പറഞ്ഞ് ഏതെങ്കിലും രാഷ്ട്രത്തെ അവർ യുദ്ധഭീഷണിയിൽ നിർത്തുന്നുണ്ടോ?**




# സാമ്രാജ്യത്വ ആക്രമണങ്ങൾക്കെതിരെ സാർവ്വദേശീയ പ്രസ്ഥാനം വളർത്തിയെടുക്കണം

(3-ാം പേജിൽ നിന്ന്)

അമേരിക്കൻ സാമ്രാജ്യത്വത്തെ പ്രീതിപ്പെടുത്തുന്ന നയം സോവിയറ്റ് യൂണിയൻ ആരംഭിച്ചു. ഇതോടു കൂടി മഹാനായ മാവോ സേ തൂങ്ങിന്റെ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ് ചൈന, അമേരിക്കൻ സാമ്രാജ്യത്വ യുദ്ധഭീഷണി നേരിടുവാനായി അണുവായുധങ്ങൾ വികസിപ്പിക്കുവാൻ നിർബന്ധിതമായി. മാവോയുടെ മരണംവരെ സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ മേലുള്ള സാമ്രാജ്യത്വ ആക്രമണങ്ങൾക്കും ഭയപ്പെടുത്തലുകൾക്കുമെതിരെ പ്രതിരോധകവചമായി ചൈന വർത്തിച്ചു. എന്നാൽ മാവോയ്ക്കു ശേഷം ചൈനയും പ്രതിലോമകാരികളുടെ സ്വാധീനത്തിൽപ്പെടുകയും (അത് പിന്നീട് പ്രതിവിപ്ലവത്തിലേക്കും 2004-ൽ സമ്പൂർണ്ണമായ തിരിച്ചുപോക്കിലേക്കും വഴിവെച്ചു) സാമ്രാജ്യത്വ ശക്തികൾക്കനുകൂലമായ വിധത്തിൽ ലോകസാഹചര്യം പ്രകടമായി മാറുകയും ചെയ്തു.

ഒടുവിൽ, സാമ്രാജ്യത്വ-മുതലാളിത്ത ശക്തികളുടെ പിന്തുണയോടെയുള്ള പ്രതിവിപ്ലവ ഉപജാപത്തിന്റെ ഫലമായി, സോഷ്യലിസ്റ്റ് ചേരി സമ്പൂർണ്ണമായും തകർക്കപ്പെട്ടതോടുകൂടി, സാമ്രാജ്യത്വ സ്രാവുകളുടെ അധിനിവേശ ശ്രമങ്ങൾക്കും കൊള്ളയ്ക്കും യജമാനത്വഭാവത്തിനും എതിരില്ലാത്തവിധം മുന്നേറാനായി. നവകോളനിവത്ക്കരണത്തിലൂടെയോ സൈനികാക്രമണങ്ങളിലൂടെയോ ലോകം മുഴുവൻ കാൽക്കീഴിൽ കൊണ്ടുവരുവാനുള്ള ശ്രമങ്ങൾ അമേരിക്കൻ സാമ്രാജ്യത്വം ആരംഭിച്ചു. തങ്ങളുടെ താല്പര്യങ്ങൾക്ക് വഴിപ്പെടാത്ത രാഷ്ട്രങ്ങളെ ഉപജാപങ്ങളിലൂടെ തകർക്കുവാൻ സി.ഐ.എയും ഡി.ഐ.എയും ഉപയോഗിച്ച് അവർ ശ്രമിച്ചു. അല്ലെങ്കിൽ തലമുറകൾ നീണ്ടുനിൽക്കുന്ന യുദ്ധമഴിച്ചുവിട്ടു. ഇത്തരത്തിൽ, ദുർബലരായ രാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം അമേരിക്കൻ താല്പര്യങ്ങൾക്ക് വഴിപ്പെടാതെ നിൽക്കുക അസാധ്യമാണെന്ന ഒരവസ്ഥ സൃഷ്ടിച്ചു.

## അമേരിക്കയും സഖ്യശക്തികളും അണുവായുധ ഉൽപ്പാദനം ഉപേക്ഷിക്കുന്നില്ല

അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ധാർഷ്ട്യം മറ്റൊരു വിധത്തിലും പ്രകടമാണ്. മറ്റ് രാഷ്ട്രങ്ങളോട്, ആണവപദ്ധതികൾ ഉപേക്ഷിക്കുവാൻ സമ്മർദ്ദം ചെലുത്തുന്ന അമേരിക്ക, തങ്ങളുടെ അണുവായുധ നിർമ്മാണ പദ്ധതികളിൽ നിന്നും തെല്ലും പിന്നോട്ട് പോയിട്ടില്ല. മാത്രമല്ല, മാരകമായ അണുവായുധങ്ങളുടെ ഉൽപ്പാദനത്തിൽ അവർ സ്വയം ഒരു നിയന്ത്രണവും വരുത്തിയിട്ടുമില്ല. നിരന്തരം അവർ പുതിയ ഇനം അണുവായുധങ്ങളും കൂട്ടനശീകരണശേഷിയുള്ള ആയുധങ്ങളും വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. 1,054 പരീക്ഷണങ്ങൾ അവരുടെ തന്നെ ഔദ്യോഗികമായ കണക്കുകൾ പ്രകാരം അമേരിക്ക നടത്തിയിട്ടുണ്ട്. മറ്റ് രാഷ്ട്രങ്ങളുമായി ചേർന്നുനടത്തിയിട്ടുള്ള പരീക്ഷണങ്ങൾ വേറെയും. അമേരിക്കൻ സാമ്രാജ്യത്വമാണ് ചരിത്രത്തിലാദ്യമായി അണുബോംബ് നിർമ്മിക്കുകയും കൂട്ടക്കുരുതിയുടെയും ഭീതിയുടേതുമായ ഒരു ലോകസാഹചര്യത്തിൽ ഒരു വിദേശമണ്ണിൽ അണുബോംബ് നിക്ഷേപിച്ചുകൊണ്ട് തങ്ങളുടെ സൈനിക അപ്രമാദിത്വം വിളംബരം ചെയ്യുവാൻ ശ്രമിക്കുകയും ചെയ്തത്.

രാസബോംബുകളും ഏജന്റ് ഓറഞ്ചും പോലെയുള്ള മാരകമായ ആയുധങ്ങൾ അവരുടെ സൃഷ്ടിയാണ്. ഈ മാരകായുധങ്ങൾ വിയറ്റ്നാമിലും ഇറാഖിലും അഫ്ഗാനിസ്ഥാനിലും സിറിയയിലുമെല്ലാം ദശലക്ഷക്കണക്കിന് ജനങ്ങളെ കൊന്നൊടുക്കുവാനും റേഡിയേഷൻ മൂലമുള്ള രോഗങ്ങൾ പരത്തിക്കൊണ്ട് തലമുറകളെ ജീവച്ഛവങ്ങളായി മാറ്റുവാനുമുതകുന്ന വിധത്തിൽ അമേരിക്ക പ്രയോഗിച്ചിട്ടുമുണ്ട്. 1962 മുതലിങ്ങോട്ട് പരസ്പരം ഉറപ്പു നൽകുന്ന നശീകരണം എന്ന യുദ്ധതന്ത്രമാണ് അമേരിക്ക പ്രകടമായി തന്നെ പിന്തുടരുന്നത്. ഏകദേശം 7000 അണുവായുധശാലകൾ ഇന്ന് അമേരിക്കയ്ക്കുണ്ട്. അമേരിക്കയിലെ തന്നെ ആംസ് കൺട്രോൾ അസോസിയേഷന്റെ കണക്ക് പ്രകാരം ട്രംപിന്റെ നേതൃത്വത്തിൽ ഇപ്പോൾ നടക്കുന്ന അണുവായുധ ആധുനീകരണ പദ്ധതിയുടെ മാത്രം ചെലവ് 1.25 ട്രില്ല്യൺ മുതൽ 1.446ട്രില്ല്യൺ ഡോളർ വരും.

ഇതുകൂടാതെ, അണുവായുധശാല വികസിപ്പിക്കുന്നതിനു മാത്രമായി, അമേരിക്കൻ ഗവൺമെന്റ് ഒരു ട്രില്ല്യൺ ഡോളർ നീക്കിവെച്ചിട്ടുണ്ട്. തങ്ങൾക്കു മാത്രമേ, ആണവവത്ക്കരണം പാടുള്ളൂ എന്ന ധിക്കാരപരമായ നിലപാടാണ് അമേരിക്കൻ സാമ്രാജ്യത്വം പിന്തുടരുന്നതെന്നാണ് ഇതെല്ലാം തെളിയിക്കുന്നത്. അണുവായുധ നിരോധനത്തിനുള്ള കരാറിനായി ഐക്യരാഷ്ട്രസഭയിൽ വിലപേശുമ്പോഴും അമേരിക്കയും അവരുടെ സഖ്യകക്ഷികളും വളരെ വിചിത്രമായ നിലപാടാണ് ഈ വിഷയത്തിൽ സ്വീകരിച്ചിരിക്കുന്നത്. തങ്ങളുടേതല്ലാതെ മറ്റാരുടേയും പക്കൽ അണുവായുധങ്ങൾ സുരക്ഷിതമല്ലയെന്നാണ് അവർ വാദിക്കുന്നത്. അണുവായുധശേഷിയുണ്ടെന്ന് അറിയപ്പെടുന്ന ഇതര രാഷ്ട്രങ്ങളോട് (അമേരിക്ക, ബ്രിട്ടൺ, റഷ്യ, ചൈന, ഫ്രാൻസ്, ഇസ്രായേൽ, ഇന്ത്യ, പാകിസ്ഥാൻ എന്നിവയാണ് നിലവിൽ അണുവായുധങ്ങൾ വികസിപ്പിച്ചെടുത്തിരിക്കുന്ന രാഷ്ട്രങ്ങൾ) അവ ഉപേക്ഷിക്കുവാനാവശ്യപ്പെടുമ്പോഴും അമേരിക്ക സ്വയമതിന് വിമുഖത കാണിക്കുന്നു.

## സമ്പൂർണ്ണ നിരായുധീകരണം അമേരിക്കൻ സാമ്രാജ്യത്വം നിരാകരിക്കുന്നു

മറ്റൊരു വസ്തുത ഇവിടെ വളരെ പ്രാധാന്യമർഹിക്കുന്നു. ഹിരോഷിമയിലും നാഗസാക്കിയിലും അണുബോംബ് നിക്ഷേപിച്ചുകൊണ്ട് നടത്തിയ കൂട്ടക്കുരുതിയ്ക്ക് ശേഷം, യുദ്ധ ഭീഷണി ഭൂമുഖത്ത് നിന്നും തുടച്ചുനീക്കുവാൻ, സമ്പൂർണ്ണമായ നിരായുധീകരണമെന്ന നിർദ്ദേശം സ്റ്റാലിന്റെ നേതൃത്വത്തിലുള്ള സോവിയേറ്റ് യൂണിയൻ മുന്നോട്ട് വെച്ചു. അണുവായുധങ്ങൾ ഉൾപ്പടെയുള്ളവ നിർവ്വീര്യമാക്കണമെന്ന അഭിപ്രായമാണ് അന്നുണ്ടായത്(അമേരിക്കൻ സാമ്രാജ്യത്വ ഭീഷണി മുന്നിൽ കണ്ട്, സോവിയേറ്റ് യൂണിയനും വളരെ പെട്ടന്ന് അണുബോംബ് വികസിപ്പിക്കേണ്ടി വന്നിട്ടുണ്ട്). ലോകമെമ്പാടുമുള്ള സമാധാന കാംക്ഷികളായ ജനങ്ങൾ ഈ നിർദ്ദേശത്തിന് അകമഴിഞ്ഞ പിന്തുണ നൽകി. എന്നാൽ അമേരിക്കയുടെ നേതൃത്വത്തിലുള്ള സാമ്രാജ്യത്വ ചേരി ലോകജനതയുടെ ഈ താല്പര്യം പരിഗണിച്ചതേയില്ല. മറിച്ച്, കൂടുതൽ ആധുനികമായ അണുവായുധങ്ങൾ വികസിപ്പിക്കുന്നതിലും എല്ലാത്തരം ഹീനപ്രവൃത്തികളും തുടരുന്നതിലുമാണ് അവർ താല്പര്യം കാണിച്ചത്. എന്നാൽ വിവിധ രാജ്യങ്ങളിലെ സാമ്രാജ്യത്വ വിരുദ്ധ പോരാട്ടങ്ങളുടെയും അന്തർദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടേതുമായ അന്തരീക്ഷം, സാമ്രാജ്യത്വ യുദ്ധ താത്പ്പര്യങ്ങൾക്കും അധീശത്വത്തിനും തടയിടുവാൻ ഒരു പരിധിവരെ പ്രാപ്തമായിരുന്നു. ഈയൊരവസ്ഥ ക്രമേണ ശക്തിപ്പെട്ടിരുന്നുവെങ്കിൽ സാമ്രാജ്യത്വ താല്പര്യങ്ങൾ കൂടുതൽ ദുർബലമാകുമായിരുന്നു. എന്നാൽ സ്റ്റാലിന്റെ മരണത്തോടെ, കമ്മ്യൂണിസ്റ്റ് ക്യാമ്പിൽ നുഴഞ്ഞുകയറിയ പ്രതിലോമശക്തികൾ, മാവോയുടെ കൂടി നിര്യാണത്തോടെ കൂടുതൽ ശക്തിയാർജ്ജിക്കുകയും തത്ഫലമായി അന്തർദേശീയ സമാധാനപ്രസ്ഥാനം ദുർബലമാകുകയും ചെയ്തു.

സമ്പൂർണ്ണ നിരായുധീകരണം എന്ന ആവശ്യത്തിന് വഴങ്ങുവാൻ സാമ്രാജ്യത്വശക്തികൾക്കുമേലുള്ള സമ്മർദ്ദവും അതോടെയില്ലാതായി. ഒടുവിൽ നിരായുധീകരണമെന്ന ആവശ്യം പിന്തള്ളപ്പെടുകയും അമേരിക്കൻ സാമ്രാജ്യത്വശക്തികൾ പൂർവാധികം ഉത്സാഹത്തോടെ മുഷ്ക്കും ധാർഷ്ട്യവും ലോകമെങ്ങും വ്യാപിപ്പിക്കുകയും ചെയ്തു. കൊറിയൻ യുദ്ധമവസാനിച്ചയുടൻ തന്നെ, ക്യൂബയിലും ഗ്വാട്ടേമാലയിലും ഇറാനിലുമെല്ലാം അമേരിക്കൻ പിന്തുണയോടെയുള്ള സൈനികാക്രമണങ്ങളും ഭരണഅട്ടിമറികളുമുണ്ടായതും വിയറ്റ്നാമിൽ നീണ്ടയുദ്ധത്തിന് തിരിതെളിച്ചതുമെല്ലാം ഇതോട് അനുബന്ധിച്ച് വായിക്കേണ്ടതാണ്.

അമേരിക്കൻ സാമ്രാജ്യത്വത്തെ സംബന്ധിച്ചിടത്തോളം ആണവായുദ്ധങ്ങൾ അവർക്ക് മാത്രമായ കരുതലും മറ്റുള്ളവർക്ക് നിഷിദ്ധമായ മേഖലയുമാണ്. എല്ലാ വസ്തുതകളും അവരുടെ ഈ ഇരട്ടനിലപാട് വ്യക്തമാക്കുന്നു. ഒരു രാഷ്ട്രത്തിന് ഏറ്റവും ആധുനികമായ ആണവായുധങ്ങൾ സ്വന്തമാക്കാം, മറ്റൊന്നിന് അവ കൈവശം വയ്ക്കുവാൻ അധികാരമില്ല എന്ന രണ്ട് തരം മാനദണ്ഡങ്ങൾ പരിഹാസ്യമല്ലേ. ആണവായുധ ഭീഷണി നിരന്തരം മുഴക്കുന്ന ഒരു രാഷ്ട്രത്തിന് യാതൊരു തടസ്സുവുമില്ലാതെ അവരുടെ ആയുധശേഷി വികസിപ്പിക്കാം, എന്നാൽ മറ്റുള്ളവർ അവരുടെ ആണവപദ്ധതികൾ ഉപേക്ഷിക്കുവാൻ നിർബന്ധിതരാകുന്നു. ഇത് സമാധാനം സംരക്ഷിക്കുവാനുള്ള പരിഷ്കൃതമായ നീക്കമാണോ. അതോ ലോകമെങ്ങും തങ്ങളുടെ അധീശത്വമുറപ്പിക്കുവാനുതകുന്ന യജമാനഭാവമോ.

## നിർദ്ദയമായ സാമ്പത്തിക ഉപരോധം

നേരിട്ടുള്ള സൈനികാക്രമണം കൂടാതെ, തങ്ങളെ അനുസരിക്കാത്ത രാഷ്ട്രങ്ങളുടെ മേൽ ഒന്നിനു പിന്നാലെ ഒന്നായി നിർദ്ദയമായ സാമ്പത്തിക ഉപരോധം ഏർപ്പെടുത്തിക്കൊണ്ടാണ് അമേരിക്കൻ സാമ്രാജ്യത്വമെന്ന വേതാളം പിടിമുറുക്കുന്നത്. ജീവിക്കാനുള്ള അവകാശം കവർന്നെടുക്കാനുള്ള അധികാരം ആരാണ് ഇവർക്ക് നൽകിയത്. ഇത്തരമൊരു സാമ്പത്തിക ഉപരോധം തങ്ങൾക്കാണ് നേരിടേണ്ടി വരുന്നതെങ്കിൽ അമേരിക്കയിലെ പൗരന്മാർ എങ്ങനെയായിരിക്കും പ്രതികരിക്കുക. മഹത്തരമായ ജനാധിപത്യ നടപടിയെന്നവർ അതിനെ വിശേഷിപ്പിക്കുമോ. തങ്ങൾക്ക് ഏതുതരം സാമൂഹിക-രാഷ്ട്രീയ സംവിധാനമാണാവശ്യമെന്നും തങ്ങളുടെ രാജ്യത്തിൽ ഏത് ഘടനയിലുള്ള ഭരണസംവിധാനമാണ് നിലനിൽക്കേണ്ടതെന്നും സ്വതന്ത്രമായി നിർണ്ണയിക്കുവാനുള്ള അവകാശം ഓരോ രാജ്യത്തിലെയും ജനങ്ങൾക്കുണ്ട്. ഏത് തരം വൈദേശികാക്രമണങ്ങളെയും കടന്നുകയറ്റത്തെയും പ്രതിരോധിക്കാനുള്ള നിരങ്കുശമായ അധികാരം എല്ലാ രാജ്യങ്ങൾക്കുമുണ്ട്. എങ്ങനെയാണ് ഏതൊരു രാജ്യത്തിന്റെയും ആഭ്യന്തരവിഷയങ്ങളിൽ ഇടപെടുവാനുള്ള നിരാക്ഷേപമായ പരമാധികാരമുണ്ടെന്ന് അമേരിക്കൻ സാമ്രാജ്യത്വത്തിന് അവകാശപ്പെടാനാകുന്നത്. അമേരിക്കയുടെ സാമ്പത്തിക-സൈനികശക്തിയ്ക്ക് മുന്നിൽ മുട്ടുമടക്കുവാൻ ഇതരരാഷ്ട്രങ്ങളെ നിർബന്ധിതമാക്കുവാൻ ഇവർക്കെന്ത് അവകാശം. നിരന്തരമായ ബലപരീക്ഷണങ്ങളുടെയും ആക്രമണഭീഷണിയുടെയും മുൾമുനയിൽ, ഏതെങ്കിലുമൊരു രാഷ്ട്രം സ്വയം പ്രതിരോധത്തിനാവശ്യമായ സന്നാഹങ്ങളൊരുക്കിയാൽ അത് ലോകസമാധാനത്തിന് ഭീഷണിയാണെന്ന് മുദ്രകുത്തപ്പെടുന്നതെങ്ങനെ. ലോകസമാധാനത്തിനും ജനാധിപത്യത്തിനും ജീവിക്കുവാനുള്ള അവകാശത്തിനും മേലുള്ള ഏറ്റവും വലിയ ഭീഷണി നിലവിൽ അമേരിക്കൻ സാമ്രാജ്യത്വമാണ്. മാനവകുലത്തിന്റെ ഏറ്റവും വലിയ ശത്രു അമേരിക്കൻ സാമ്രാജ്യത്വമാണ്.

## 'തിന്മയുടെ അച്ചുതണ്ട്'- അമേരിക്ക ചാർത്തിയ മുദ്ര

ഉത്തരകൊറിയ, ക്യൂബ, ഇറാൻ എന്നീ രാജ്യങ്ങൾ തിന്മയുടെ അച്ചുതണ്ടിലെ ഘടകങ്ങളാണെന്ന് വളരെ മുമ്പ് തന്നെ അമേരിക്കൻ സാമ്രാജ്യത്വം പ്രസ്താവിച്ചിട്ടുണ്ട്. തിന്മയെ അടിച്ചമർത്താനുള്ള അവകാശം തങ്ങൾക്കുണ്ടെന്നും അതിനാൽ ഈ രാഷ്ട്രങ്ങൾ തങ്ങളുടെ ആക്രമണ ലക്ഷ്യമായിരിക്കുമെന്നും തന്നെയാണ് ഇത്തരമൊരു വിശേഷണം ചാർത്തിക്കൊടുത്തതിന്റെ അർത്ഥം. ഈ അവകാശം നടപ്പിലാക്കാനെന്ന പേരിൽ, ഐക്യരാഷ്ട്ര സഭയെ ഒരു ഉപകരണമാക്കിക്കൊണ്ട് ഏകപക്ഷീയമായ നോൺ-പ്രോലിഫിറേഷൻ കരാർ നടപ്പിലാക്കുവാൻ (മറ്റ് രാജ്യങ്ങളെ അണുവായുധ ഉത്പ്പാദനം അവസാനിപ്പിക്കുവാൻ നിർബന്ധിതമാക്കുന്ന നയം) സമ്മർദ്ദം ചെലുത്തുന്നു. ഒരിക്കൽ ഏതെങ്കിലുമൊരു രാജ്യം ഈ സമ്മർദ്ദത്തിന് വഴിപ്പെട്ടാൽ പിന്നെ ആക്രമിച്ച് താറുമാറാക്കാനോ യുദ്ധഭീഷണി മുഴക്കിക്കൊണ്ട് അവയെ അടിയറവ് പറയിക്കുവാനോ അമേരിക്കൻ സാമ്രാജ്യത്വത്തിന് എളുപ്പമാണ്. ഉക്രയിൻ, ലിബിയ, ഇറാഖ്, ഏറ്റവുമൊടുവിൽ ഇറാൻ എന്നീ രാഷ്ട്രങ്ങളുടെ ചിത്രം അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഈ തന്ത്രത്തിന് ഉദാഹരണമാണ്.

ഈ സംഭവവികാസങ്ങളുടെയും നേരിടേണ്ടി വന്നിട്ടുള്ള ഭീഷണികളുടെയും അടിസ്ഥാനത്തിൽ, എന്ത് കിരാതമാർഗ്ഗത്തിലൂടെയും തങ്ങളെ കീഴടക്കുവാൻ ഏതുനിമിഷവും അമേരിക്ക സൈനികാക്രമണം അഴിച്ചുവിടുമെന്ന് ഉത്തരകൊറിയ മനസ്സിലാക്കി. അത്തരമൊരു ആക്രമണമുണ്ടായാൽ ഒരു രാജ്യവും തങ്ങളെ സഹായിക്കാനുണ്ടാവില്ല എന്ന തിരിച്ചറിവും ഉത്തരകൊറിയയ്ക്കുണ്ട്. കാരണം, ഒരുവിധം എല്ലാ രാഷ്ട്രങ്ങളും പെന്റഗൺ ഭരണവ്യവസ്ഥയ്ക്ക് മുന്നിൽ വിനീതമായി കീ

(ശേഷം 5-ാം പേജിൽ)

**ഈ സംഭവവികാസങ്ങളുടെയും നേരിടേണ്ടി വന്നിട്ടുള്ള ഭീഷണികളുടെയും അടിസ്ഥാനത്തിൽ, എന്ത് കിരാതമാർഗ്ഗത്തിലൂടെയും തങ്ങളെ കീഴടക്കുവാൻ ഏതുനിമിഷവും അമേരിക്ക സൈനികാക്രമണം അഴിച്ചുവിടുമെന്ന് ഉത്തരകൊറിയ മനസ്സിലാക്കി. അത്തരമൊരു ആക്രമണമുണ്ടായാൽ ഒരു രാജ്യവും തങ്ങളെ സഹായിക്കാനുണ്ടാവില്ല എന്ന തിരിച്ചറിവും ഉത്തരകൊറിയയ്ക്കുണ്ട്. കാരണം, ഒരുവിധം എല്ലാ രാഷ്ട്രങ്ങളും പെന്റഗൺ ഭരണവ്യവസ്ഥയ്ക്ക് മുന്നിൽ വിനീതമായി കീഴടങ്ങി നിൽക്കുകയാണ്. അമേരിക്കൻ യുദ്ധഭീഷണി നയതന്ത്രപരമായി കൈകാര്യം ചെയ്യുവാനും സമാധാനാന്തരീക്ഷം നിലനിർത്തുവാനുമുള്ള സകല സാധ്യതകളും ആരായുന്നതിൽ ഉത്തരകൊറിയ യാതൊരു ഉപേക്ഷയും പുലർത്തിയിരുന്നില്ല. എന്നാൽ 1953 മുതലിങ്ങോട്ട്, കഴിഞ്ഞ 64 വർഷങ്ങളായി ഉത്തരകൊറിയയുമായി ഒരു ചർച്ചയ്ക്കോ യുദ്ധമവസാനിപ്പിച്ചുകൊണ്ടുള്ള ഒരു സമാധാന കരാറിൽ ഒപ്പിടാനോ ഇന്നേവരെ അമേരിക്ക തയ്യാറായിട്ടില്ല. ഈയൊരു സാഹചര്യത്തിൽ രണ്ട് സാധ്യതകളാണ് ഉത്തരകൊറിയയ്ക്ക് മുമ്പിലുള്ളത്- ഒന്നുകിൽ, നിശ്ശബ്ദമായി കീഴടങ്ങുക, അല്ലെങ്കിൽ, സാമ്രാജ്യത്വ ആക്രമണങ്ങളെ ധീരമായി ചെറുക്കുന്ന മറ്റൊരു മാതൃക സൃഷ്ടിച്ചുകൊണ്ട്, ഈ യുദ്ധഭീഷണിയെ ചങ്കുറപ്പോടെ നേരിടുക. ഉത്തരകൊറിയ ഉചിതമായ വിധത്തിൽ രണ്ടാമത്തെ മാർഗ്ഗം തെരഞ്ഞെടുത്തു. നിരന്തരമായ സാമ്രാജ്യത്വ ഭീഷണികളെ നേരിടുവാനായി, ആണവശേഷി വികസിപ്പിച്ചുകൊണ്ട് സൈനികബലം വർദ്ധിപ്പിക്കേണ്ടത് ഉത്തരകൊറിയയ്ക്ക് ആവശ്യമായിരുന്നു. എങ്കിൽ മാത്രമേ, അമേരിക്കയോട് കിടപിടിക്കുവാൻ ശേഷിയുള്ള ശക്തിയായി അവർക്ക് മാറുവാൻ സാധിക്കുമായിരുന്നുള്ളൂ.**

# പെട്രോളിയം വിലവർദ്ധനവിനെതിരെ കരിദിനാചരണം

**പെ**ട്രോളിയം ഉല്പന്നങ്ങളുടെ വിലനിർണ്ണയാധികാരം എണ്ണക്കമ്പനികളെ ഏൽപ്പിച്ച് പിൻവാങ്ങിയ സർക്കാർ ജനങ്ങൾക്കുമേൽ കനത്ത ആഘാതമാണ് ഏൽപ്പിച്ചത്. ഒരു ജനാധിപത്യ സംവിധാനത്തിന് ഒട്ടും ചേർന്നതായിരുന്നില്ല ഈ നടപടി. അന്താരാഷ്ട്ര കമ്പോളത്തിലെ ക്രൂഡ് ഓയിൽ വിലയുമായി ആഭ്യന്തര വില കൂട്ടിക്കെട്ടുന്നതിന് ഒരു ന്യായീകരണവും ഉണ്ടായിരുന്നില്ല. അന്താരാഷ്ട്ര കമ്പോളത്തിൽ ക്രൂഡ് ഓയിൽ വില കൂപ്പുകുത്തിയിട്ടും ആഭ്യന്തര വിപണിയിൽ പെട്രോളിയം ഉല്പന്നങ്ങളുടെ വില ആനുപാതികമായി കുറയ്ക്കുന്നില്ലെന്നു മാത്രമല്ല അടിക്കടി വർദ്ധിപ്പിക്കുകയുമാണ്. ജി.എസ്.ടിയുടെ പരിധിയിൽ നിന്ന് പെട്രോളിയത്തെ ഒഴിവാക്കിയതും തോന്നുംപടി വിലനിശ്ചയിക്കാൻവേണ്ടിയാണ്. പാചകവാതക സബ്സിഡി അടുത്ത മാർച്ച് മാസത്തോടെ പൂർണ്ണമായും എടുത്തുകളയാനും തീരുമാനിച്ചിരിക്കുന്നു. അനുക്രമമായി ചെറിയ വർദ്ധനവ് ഏർപ്പെടുത്തി വഞ്ചനാപരമായി വൻവർദ്ധനവ് അടിച്ചേൽപ്പിക്കുന്ന ഹീനതന്ത്രവും സർക്കാർ ജനങ്ങൾക്കുമേൽ പയറ്റുകയാണ്.



കോട്ടയത്ത് നടന്ന പ്രതിഷേധ യോഗം


സുൽത്താൻ ബത്തേരിയിൽ നടന്ന പ്രതിഷേധ പ്രകടനം

ഒരുതരത്തിലും ന്യായീകരിക്കാനാവാത്തതും ജനങ്ങൾക്കുമേൽ യുദ്ധം പ്രഖ്യാപിക്കുന്ന സ്വഭാവത്തിലുള്ളതുമായ പെട്രോളിയം വിലവർദ്ധനവിനെതിരെ ദീർഘകാലമായി നമ്മുടെ പാർട്ടി എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) നിരന്തര പ്രചാരണത്തിലും സമരത്തിലുമാണ്. യാഥാർത്ഥ്യം തിരിച്ചറിയുന്ന ജനങ്ങൾ ഇപ്പോൾ രാജ്യത്തിന്റെ നാനാകോണുകളിൽ നിന്ന് പ്രതിഷേധ ശബ്ദം ഉയർത്തിത്തുടങ്ങിയിരിക്കുന്നു. സാമൂഹ്യ മാധ്യമങ്ങളിലെ കൂട്ടായ്മയും ജനകീയ പ്രതിരോധ സമിതിയും സെപ്തംബർ 22ന് കരിദിനമാചരിക്കാൻ ആഹ്വാനം നൽകിയത് ഈ പുത്തൻ ഉണർവ്വിന്റെ ഭാഗമായി കാണാം. കരിദിനാചരണവുമായി ബന്ധപ്പെട്ട് നടന്ന ചില പ്രതിഷേധ പരിപാടികളുടെ ഹ്രസ്വമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

പെട്രോൾ വിലവർദ്ധനവിനെതിയുള്ള കരിദിനാചരണത്തിന്റെ ഭാഗമായി തൃശ്ശൂർ ടൗണിൽ പ്രതിഷേധ യോഗവും പ്രകടനവും നടന്നു. ബൈക്ക് കെട്ടി വലിച്ചുകൊണ്ടുള്ള പ്രതിഷേധ പ്രകടനത്തിൽ നിരവധി യുവാക്കൾ പങ്കെടുത്തു. ഡോ.പി എസ്. ബാബു യോഗം ഉദ്ഘാടനം ചെയ്തു. ആർട്ടിസ്റ്റ് കെ.വി. ഗിരീശൻ, ജയ്സ് മുട്ടിക്കൽ, ജാക്സൺ ചുങ്കത്ത്, എം.പ്രദീപൻ, കെ.കെ. ഷാജഹാൻ എന്നിവർ പ്രസംഗിച്ചു. കെ.വി. ഗണേഷ്, മാർട്ടിൻ, എ.എം. സുരേഷ്. എന്നിവർ പരിപാടിക്ക് നേതൃത്വം കൊടുത്തു.


തൃശ്ശൂരിൽ പ്രതിഷേധ യോഗത്തിൽ ഡോ.പി.എസ്.ബാബു പ്രസംഗിക്കുന്നു

ജനകീയ പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ കൊടുങ്ങല്ലൂർ ടൗണിൽ പ്രതിഷേധ പ്രകടനവും യോഗവും നടന്നു. മിനി സിവിൽ സ്റ്റേഷനുമുൻപിൽ നിന്നാരംഭിച്ച പ്രകടനം നഗരംചുറ്റി പൊലീസ് മൈതാനിയിൽ സമാപിച്ചു. പ്രതിഷേധ യോഗം മേഖലാ കൺവീനർ എ.വി.ബെന്നി ഉദ്ഘാടനം ചെയ്തു. സജീവൻ പണിക്കശേരി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അഡ്വ. സുജ ആന്റണി, കെ.വി രാജീവൻ,കെ.വി. വിനോദ് എന്നിവർ പ്രസംഗിച്ചു. നന്ദഗോപൻ കൊട്ടുവള്ളിക്കാട്, ആഷിക് ചാപ്പാറ, ഒ.എ.ശ്രീജ, സിറാജുദ്ദീൻ എന്നിവർ നേതൃത്വം നൽകി.

കരിദിനാചരണത്തിന്റെ ഭാഗമായിട്ടായി സാമൂഹ്യമാധ്യമ കൂട്ടായ്മയുടെ നേതൃത്വത്തിൽ സുൽത്താൻ ബത്തേരിയിൽ പ്രതിഷേധ പ്രകടനവും പൊതുയോഗവും നടന്നു. കോട്ടക്കുന്നിൽനിന്നും ആരംഭിച്ച പ്രകടനം നഗരം ചുറ്റി പഞ്ചായത്ത് ഓഫീസിനു സമീപം സമാപിച്ചു. അവിടെ നടന്ന പ്രതിഷേധ യോഗത്തിൽ ജനകീയ പ്രതിരോധ സമിതി ജില്ലാ വൈസ് പ്രസിഡണ്ട് വി.കെ. സദാനന്ദൻ മുഖ്യപ്രസംഗം നടത്തി. ഹാരിസ് കല്ലുവയൽ അദ്ധ്യക്ഷത വഹിച്ചു. ബാലസുബ്രഹ്മണ്യം, ജിനീഷ് മീനങ്ങാടി, സി.എൻ.മുകുന്ദൻ എന്നിവർ പ്രസംഗിച്ചു.

പ്രകടനത്തിനു മുമ്പും ശേഷവുമായി കറുത്ത ബാഡ്ജ്, ലഘുലേഖ തുടങ്ങിയവയുടെ വിതരണം, വാഹനങ്ങളിൽ കരിങ്കൊടി കെട്ടിക്കൊടുക്കൽ, ഒപ്പുശേഖരണം തുടങ്ങിയവ നടന്നു. പരിപാടിക്ക് മുഹമ്മദ് ഹാഷിഖ്, ശ്രീലേഷ് ചെതലയം, ദേവസ്യ പുറ്റനാൽ, അമീൻ, കെ.മധുസൂദൻ, ഇസ്ഹാൻ മേപ്പേടി, വിഷ്ണു മൂലങ്കാവ്, ഷാൻ കൈപ്പഞ്ചേരി, ആൽവിൻ തുടങ്ങിയർ നേതൃത്വം നൽകി. പ്രതിഷേധ പരിപാടിക്ക് ജനങ്ങളിൽനിന്നും ആവേശകരമായ പ്രതികരണമുണ്ടായി.

കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ കുണ്ടറ മുക്കടയിൽ പ്രതിഷേധ പ്രകടനവും യോഗവും നടത്തി. ഇളമ്പള്ളൂർ നിന്ന് ആരംഭിച്ച പ്രകടനത്തിന് ജോൺകുഴിമതിക്കാട്, ആനന്ദൻപിള്ള, ബി.ശ്രീധരൻപിള്ള, രാജേന്ദ്രൻ, ഷെറഫ് കുണ്ടറ, വി.ആന്റണി എന്നിവർ നേതൃത്വം നൽകി. പ്രതിഷേധ യോഗത്തിൽ ഫാ.ഗീവർഗ്ഗീസ് തരകൻ അദ്ധ്യക്ഷത വഹിച്ചു. എ.ജെയിംസ്, പി.പി. പ്രശാന്ത്കുമാർ, തഴുത്തലദാസ്, ബി.രാമചന്ദ്രൻ, ഡോ.കുഞ്ചാണ്ടിച്ചാൻ എന്നിവർ പ്രസംഗിച്ചു●



കായംകുളത്ത് നടന്ന പ്രതിഷേധ പ്രകടനം


കരിദിനാചരണത്തിന്റെ ഭാഗമായി കോട്ടയം പാമ്പാടിയിൽ ബസ് കെട്ടിവലിച്ച് പ്രതിഷേധിക്കുന്നു




(4-ാം പേജിൽ നിന്ന്)

ഴടങ്ങി നിൽക്കുകയാണ്. അമേരിക്കൻ യുദ്ധഭീഷണി നയതന്ത്രപരമായി കൈകാര്യം ചെയ്യുവാനും സമാധാനാന്തരീക്ഷം നിലനിർത്തുവാനുമുള്ള സകല സാധ്യതകളും ആരായുന്നതിൽ ഉത്തരകൊറിയ യാതൊരു ഉപേക്ഷയും പുലർത്തിയിരുന്നില്ല.

എന്നാൽ 1953 മുതലിങ്ങോട്ട്, കഴിഞ്ഞ 64 വർഷങ്ങളായി ഉത്തരകൊറിയയുമായി ഒരു ചർച്ചയ്ക്കോ യുദ്ധമവസാനിപ്പിച്ചുകൊണ്ടുള്ള ഒരു സമാധാന കരാറിൽ ഒപ്പിടാനോ ഇന്നേവരെ അമേരിക്ക തയ്യാറായിട്ടില്ല. ഈയൊരു സാഹചര്യത്തിൽ രണ്ട് സാധ്യതകളാണ് ഉത്തരകൊറിയയ്ക്ക് മുമ്പിലുള്ളത്- ഒന്നുകിൽ, നിശബ്ദമായി കീഴടങ്ങുക, അല്ലെങ്കിൽ, സാമ്രാജ്യത്വ ആക്രമണങ്ങളെ ധീരമായി ചെറുക്കുന്ന മറ്റൊരു മാതൃക സൃഷ്ടിച്ചുകൊണ്ട്, ഈ യുദ്ധഭീഷണിയെ ചങ്കുറപ്പോടെ നേരിടുക. ഉത്തരകൊറിയ ഉചിതമായ വിധത്തിൽ രണ്ടാമത്തെ മാർഗ്ഗം തെരഞ്ഞെടുത്തു. നിരന്തരമായ സാമ്രാജ്യത്വ ഭീഷണികളെ നേരിടുവാനായി, ആണവശേഷി വികസിപ്പിച്ചുകൊണ്ട് സൈനികബലം വർദ്ധിപ്പിക്കേണ്ടത് ഉത്തരകൊറിയയ്ക്ക് ആവശ്യമായിരുന്നു. എങ്കിൽ മാത്രമേ, അമേരിക്കയോട് കിടപിടിക്കുവാൻ ശേഷിയുള്ള ശക്തിയായി അവർക്ക് മാറുവാൻ സാധിക്കുമായിരുന്നുള്ളൂ. ഡി.പി.ആർ.കെ-യുടെ നിലവിലെ പ്രസിഡന്റ് അത് വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്- “മറ്റാരേക്കാളും ഉത്തരകൊറിയ സമാധാനം താത്പ്പര്യപ്പെടുന്നു... എന്നാൽ അമേരിക്കയും അവരുടെ കൈയിലെ പാവശക്തികളും കൊറിയൻ ഉപദ്വീപിന്റെ സമാധാനത്തെയും സ്ഥിരതയെയും അപമാനിക്കുകയും ഈ പ്രദേശത്തെ ഗൗരവകരമായ വിധത്തിൽ ഭീഷണിയുടെ മുമ്പിൽ നിർത്തുകയും ചെയ്യുന്നു.

പ്രകോപനം സൃഷ്ടിക്കുന്നതിലും ആക്രമസ്വഭാവത്താലും മത്തുപിടിച്ച അമേരിക്ക യുദ്ധഭ്രാന്തന്മാരാണ്...അമേരിക്കൻ അധീശത്വം ചെറുക്കുന്നതിനും കൊറിയൻ ഉപദ്വീപിന്റെയും പ്രദേശത്തിന്റെയും പരമാധികാരവും ഈ രാജ്യത്തിന്റെയും ഇവിടുത്തെ ജനങ്ങളുടെയും ജീവിതത്തിനും സമാധാനത്തിനും സുരക്ഷിതത്വത്തിനുമുള്ള അവകാശം ഏതുവിധേനയും സംരക്ഷിക്കുന്നതിനുമുള്ള പ്രതിരോധമാർഗ്ഗമെന്ന നിലയിലാണ് ഡി.പി.ആർ.കെയുടെ സൈന്യവും ജനങ്ങളും ആണവശേഷിയെ അവലംബിക്കുന്നത്.”

മറ്റൊരു വസ്തുത കൂടി ഇവിടെ പ്രത്യേകം പ്രസ്താവാർഹ്യമാണ്- ഡി.പി.ആർ.കെ-യുമായുള്ള ബന്ധം മെച്ചപ്പെടുത്തുമെന്ന് ഉറപ്പ് നൽകിയത് കൊണ്ടാണ് ദക്ഷിണ കൊറിയയുടെ ഇപ്പോഴത്തെ പ്രസിഡന്റ് മൂൺ ജെ ഇൻ ഈയടുത്ത് തെരഞ്ഞെടുപ്പിൽ വിജയിച്ചത്. എന്നാൽ മൂണിന്റെ ഈ വാഗ്ദത്ത നയത്തിൽ അമേരിക്കൻ പ്രസിഡന്റ് ട്രംപ് നീരസം പ്രകടിപ്പിക്കുകയും അത്തരമൊരു നീക്കത്തിൽ നിന്നും പിന്തിരിയുവാൻ അദ്ദേഹത്തെ നിർബന്ധിക്കുകയും ചെയ്തു. ഇവിടെ അമേരിക്കൻ സാമ്രാജ്യത്വമാണ് അപരാധി. സ്വയം പ്രതിരോധിക്കുവാനുള്ള മാർഗ്ഗങ്ങൾ നടപ്പിലാക്കുക മാത്രമാണ് ഡിപിആർകെ ചെയ്തുകൊണ്ടിരിക്കുന്നത്.

## സാർവദേശീയ സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനം വളർത്തിയെടുക്കണം

ഉത്തരകൊറിയ സ്വന്തം പ്രതിരോധം മാത്രമല്ല പടുത്തുയർത്തുന്നത്. മാനവികതയ്ക്ക് നേരെയുള്ള കിരാതമായ സാമ്രാജ്യത്വ ആക്രമണങ്ങൾക്കെതിരായ യുദ്ധവിരുദ്ധ, നീതി-ചിന്തയുടെ പ്രതിരോധമാണ് അവർ കെട്ടിപ്പടുക്കുന്നത്. മാധ്യമങ്ങളുടെ റിപ്പോർട്ടുകൾ പ്രകാരം, ദക്ഷിണകൊറിയയിലേയും പീഡിതരായ ജനങ്ങൾ, ഉത്തരകൊറിയുമായി കുടുതൽ സാഹോദര്യവും സഹാനുഭാവവും പുലർത്തുന്നു. കഴിഞ്ഞ ദിവസമാണ്, അമേരിക്കയുടെ ആധുനിക മിസൈൽ പ്രതിരോധ സംവിധാനമായ ടെർമിനൽ ഹൈ ആൾറ്റിറ്റ്യൂഡ് ഏരിയ ഡിഫൻസ്(ഠഒഅഅഉ) തങ്ങളുടെ മണ്ണിൽ സ്ഥാപിക്കുന്നതിനെതിരെ ദക്ഷിണ കൊറിയൻ ജനത ശക്തമായ പ്രതിഷേധവുമായി രംഗത്ത് വന്നത്.

എന്നാൽ, ദക്ഷിണകൊറിയൻ ജനതയുടെ ഈ താല്പര്യത്തെ, പെന്റഗൺ ശക്തി വളരെ നിസ്സാരമായാണ് പരിഗണിക്കുന്നത്. അതിനാൽ, ഉത്തരകൊറിയയ്ക്കൊപ്പം ഏകതയോടെ, അചഞ്ചലം നിലയുറപ്പിക്കേണ്ട ഉത്തരവാദിത്വം ജനാധിപത്യബോധമുള്ള നീതിമാന്മാരായ വ്യക്തികൾ ഏറ്റെടുക്കേണ്ടതുണ്ട്.

എല്ലാ രാജ്യങ്ങളിലേയും പീഡിതരായ ജനങ്ങളുടെ ഐക്യം വളർത്തിയെടുക്കുകയും സാമ്രാജ്യത്വവിരുദ്ധ, പ്രത്യേകിച്ച് അമേരിക്കൻ വിരുദ്ധ, സമാധാനപ്രസ്ഥാനങ്ങൾ പടുത്തുയർത്തുകയും അത്തരം പ്രസ്ഥാനങ്ങളെ സാർവദേശീയതലത്തിൽ ഒരുമിപ്പിക്കുകയും ചെയ്യേണ്ടതും അടിയന്തിരാവശ്യകതയായി മാറിയിരിക്കുന്നു.

ലോകസമാധാനത്തിന് നേരെയുള്ള ആക്രമണ ഭീഷണിയും ഉത്തരകൊറിയയ്ക്ക് നേരെയുള്ള യുദ്ധഭീഷണിയും ഉപരോധവും ചെറുക്കുന്നവിധത്തിൽ സാർവദേശീയമായ ഒരു ഐക്യനിര പടുത്തുയർത്തിക്കൊണ്ട് മാത്രമേ സാമ്രാജ്യത്വ സ്രാവുകളുടെ ഹീനമായ ഉപജാപത്തെ പരാജയപ്പെടുത്തുവാൻ സാധിക്കുകയുള്ളു. ഏകതയോടെ, സ്ഥൈര്യപൂർവം ഈ മുദ്രാവാക്യമുയർത്താം - അമേരിക്കൻ സാമ്രാജ്യത്വം, ഉത്തരകൊറിയയെ തൊട്ടുകളിക്കരുത്●



# നോട്ട് പിൻവലിക്കൽ വൻതട്ടിപ്പ്

**ജിഡിപി വളർച്ചാനിരക്ക് കുത്തനെ ഇടിഞ്ഞു. അസാധുവായ നോട്ടുകൾ 99 ശതമാനവും തിരിച്ചെത്തി.**

**500, 1000 നോട്ടുകൾ നിരോധിച്ചുകൊണ്ട് 2016 നവംബർ 8ന് പ്രധാനമന്ത്രി രാഷ്ട്രത്തോട് പ്രഖ്യാപിച്ചത് ആ നടപടി "അഴിമതിയുടെയും കള്ളപ്പണത്തിന്റെയും ബന്ധനം" തകർക്കാൻ ലക്ഷ്യം വച്ചുള്ളതാണ് എന്നത്രെ. മൂന്നുലക്ഷത്തിനും അഞ്ചുലക്ഷത്തിനുമിടയിൽ നോട്ടുകൾ തിരിച്ചെത്തില്ലെന്നും അങ്ങനെ ലഭിക്കുന്ന വലിയ തുക സാമൂഹ്യ സുരക്ഷാപദ്ധതികൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുംമറ്റും വിനിയോഗിക്കുമെന്നും അവകാശപ്പെട്ടിരുന്നു. ഈ നടപടിയിലൂടെ അഴിമതി നിർമ്മാർജ്ജനം ചെയ്യാനും ഭീകരപ്രവർത്തനത്തിനുള്ള ധനസഹായം ഇല്ലാതാക്കാനും പണരഹിത സമ്പദ് വ്യവസ്ഥയിലേയ്ക്ക് മുന്നേറാനും നികുതിഘടന വിപുലപ്പെടുത്താനും സാധിക്കുമെന്നുള്ള അവകാശവാദവുമുണ്ടായിരുന്നു.**

ആകെയുള്ള 15.44 ലക്ഷം കോടി രൂപയുടെ 1000, 500 നോട്ടുകളിൽ നല്ലൊരുതുക കള്ളപ്പണമെന്ന നിലയിൽ നിയമനടപടി ഭയന്ന് ബാങ്കുകളിലെത്തില്ല എന്നായിരുന്നു പറഞ്ഞിരുന്നത്. 2016 നവംബർ 23ന് അറ്റോർണി ജനറൽ സുപ്രീംകോടതിയിൽ പറഞ്ഞത് നാലഞ്ചുലക്ഷം കോടി രൂപ വരുന്ന തുക ഇവ്വിധം വടക്കുകിഴക്കൻ മേഖലയിലും ജമ്മു കാശ്മീരിലുമൊക്കെ ഭീകരപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കപ്പെടുന്നുണ്ടെന്നും അത് അസാധുവാക്കാൻ കഴിയുമെന്നുമാണ്. ഈ നടപടി തെറ്റാണെന്ന് തെളിഞ്ഞാൽ തന്നെ തൂക്കിക്കൊന്നോളാൻപോലും പ്രധാനമന്ത്രി പറഞ്ഞു.

### യാഥാർത്ഥ്യമെന്ത് ?

യാഥാർത്ഥ്യമെന്തെന്ന് നമുക്ക് പരിശോധിക്കാം. ഈ അവകാശവാദങ്ങളിൽനിന്നൊക്കെ വളരെ അകലെയാണ് യാഥാർത്ഥ്യമെന്ന് 2017 ആഗസ്റ്റ് 30ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പ്രസിദ്ധപ്പെടുത്തിയ വാർഷിക റിപ്പോർട്ട് പറയുന്നു. അസാധുവാക്കിയ നോട്ടുകളുടെ 98.96 ശതമാനവും, അതായത് 15.28 ലക്ഷം കോടി രൂപയും ബാങ്കുകളിൽ തിരിച്ചെത്തിയെന്ന് റിപ്പോർട്ട് പറയുന്നു. 16000 കോടി രൂപ മാത്രമേ ഇനി വരാനുള്ളൂ. ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും നേപ്പാൾ പൗരന്മാരിൽനിന്നും ധനകാര്യ സ്ഥാപനങ്ങളിൽനിന്നുമുള്ള നോട്ടുകൾകൂടി കണക്കാക്കിയാൽ ഈ കണക്കിലും വ്യത്യാസം വരും. നിശ്ചിതസമയത്ത് നോട്ട് ബാങ്കിലെത്തിക്കാൻ സത്യസന്ധരായ പലർക്കും കഴിഞ്ഞിട്ടില്ല എന്നുമോർക്കണം. ന്യായമായ കാരണങ്ങളാൽ അസാധുവാക്കിയ നോട്ടുകൾ ബാങ്കിലെത്തിക്കാൻ കഴിയാതെ പോയവർക്ക് ഒരു അവസരംകൂടി നൽകണമെന്ന് സുപ്രീംകോടതി കഴിഞ്ഞ ജൂലൈയിൽ സർക്കാരിനോട് ആവശ്യപ്പെട്ടത് ഈ പശ്ചാത്തലത്തിലാണ്.

രണ്ടാമതായി, ധനകാര്യവകുപ്പ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയിൽ പറഞ്ഞതടക്കമുള്ള കാര്യങ്ങൾ നോക്കാം. 2016 നവംബർ 8നും ഡിസംബർ 30നും ഇടയിൽ ഒരു കള്ളനോട്ടും പിടിച്ചെടുത്തിട്ടില്ല എന്നാണ് സർക്കാർ പറഞ്ഞത്. ആകെ 42 കോടിയുടെ കള്ളനോട്ടുമാത്രമേ തിരിച്ചെത്തിയ തുകയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളൂ എന്ന് റിസർവ് ബാങ്ക് പറയുന്നു. ഇത് 0.0013 ശതമാനം മാത്രമാണ്. ആകെ 400 കോടിയുടെ കള്ളനോട്ട് പ്രചാരത്തിലുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. പുതിയ 500, 2000 രൂപ നോട്ടുകളുടെ കള്ളനോട്ടുകൾ കൂടി കണ്ടെത്തിയ സ്ഥിതിക്ക് കള്ളനോട്ട് തടയുമെന്നത് വീൺവാക്കായി അവശേഷിക്കുന്നു. ഇനി പണരഹിത ഇടപാട് അഥവാ ഡിജിറ്റൽ ഇടപാടിന്റെ കാര്യം നോക്കാം. ഇത് ഏറ്റവും വർദ്ധിച്ചത് കറൻസി ക്ഷാമം നേരിട്ട നവംബർ, ഡിസംബർ മാസങ്ങളിലായിരുന്നു. അതിനുശേഷം ഇത്തരം ഇടപാടുകൾ ക്രമാനുഗതമായി കുറയുന്നതാണ് കാണുന്നത്. ഈ വിഷയത്തിൽ 1-1-2017ന് പ്രസിദ്ധപ്പെടുത്തിയ 'പ്രോലിറ്റേറിയൻ ഇറ' യിൽ ഞങ്ങൾ വ്യക്തമായി ചൂണ്ടിക്കാണിച്ചത് ഇന്ത്യയിൽ 14.3 ശതമാനം ആളുകൾ മാത്രമാണ് പണം ബാങ്കുകളിൽ സൂക്ഷിക്കുന്നത് എന്നകാര്യമാണ്. ബാക്കിയുള്ളവർക്ക് നിക്ഷേപിക്കാൻ പണമില്ല, അല്ലെങ്കിൽ പണമിടപാട് നടത്തുന്നതാണ് അവർക്ക് സൗകര്യപ്രദം. ഡെബിറ്റ് കാർഡുള്ള 22ശതമാനം പേരിൽ 11 ശതമാനം മാത്രമാണ് അത് ഉപയോഗിക്കുന്നത്. ബാങ്ക് അക്കൗണ്ട് ഉള്ളവരിൽ അഞ്ചോ അറോ ശതമാനം പേർ മാത്രമാണ് ഓൺലൈൻ ഇടപാടുകൾ നടത്തുന്നത് എന്നർത്ഥം. കമ്പ്യൂട്ടർ സാക്ഷരത 6.15 ശതമാനം മാത്രം. ആകെയുള്ള മൊബൈൽ ഫോണുകളിൽ 25 ശതമാനം മാത്രമാണ് സ്മാർട്ട് ഫോണുകൾ. അവയിൽത്തന്നെ എല്ലാറ്റിനും ഇന്റർനെറ്റ് കണക്ഷൻ ഇല്ല. ഇന്റർനെറ്റ് വേഗതയുടെ കാര്യത്തിൽ ഇന്ത്യ 96-ാം സ്ഥാനത്താണ്. എന്നാൽ സൈബർ കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ 6-ാം സ്ഥാനത്തുണ്ട്. സൈബർ കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ വിചാരണയും ശിക്ഷയുമൊക്കെ അപൂർവ്വമായേ ഇന്ത്യയിൽ നടക്കുന്നുള്ളൂ. ഈ പശ്ചാത്തലത്തിൽ നോക്കുമ്പോൾ ഒറ്റയടിക്ക് കറൻസിരഹിത സമ്പദ്ഘടനയിലേയ്ക്ക് മാറുക എന്നത് വെറുമൊരു മിഥ്യയാണ്. വസ്തുതകൾ ഇത് ശരിവയ്ക്കുന്നു. പണരഹിത സമ്പദ്ഘടനയെക്കുറിച്ചുള്ള കോലാഹലങ്ങളൊക്കെ ഭരിക്കുന്നവരുടെ തട്ടിപ്പായിരുന്നുവെന്ന് ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. പണരഹിത ഇടപാടുകൾ എന്നാൽ പണം ഇല്ലാതാകുമെന്നർത്ഥമില്ല. അതുകൊണ്ടുതന്നെ, കള്ളപ്പണവും ഉണ്ടാകും. അപ്പോൾ, ആധുനികവൽക്കരണത്തിന്റെയും സുഗമമായ ഇടപാടുകളുടെയുമൊക്കെ പേരുപറഞ്ഞ്, സാങ്കേതികവിദ്യാ വികാസത്തെ ഉപയോഗപ്പെടുത്തി, സാമ്പത്തിക ചൂഷണത്തിന് പുതിയ തന്ത്രങ്ങൾ മെനയുന്നു എന്നേ അർത്ഥമുള്ളൂ. മുതലാളിത്തവും സാമ്രാജ്യത്വവുമൊക്കെ നിലനിൽക്കുവോളം 'മൂലധനത്തിന്റെ ആധിപത്യ'വും പണത്തിന്റെ ആധിപത്യവുമൊന്നും ഒഴിവാക്കാനാവില്ല.

മൂന്നാമതായി പറഞ്ഞത് നികുതിപിരവിന്റെ അടിത്തറ വിപുലപ്പെടുത്തുന്നതിനെയും നികുതിവെട്ടിപ്പ് തടയുന്നതിനെയും കുറിച്ചാണ്. കഴിഞ്ഞ വർഷത്തേക്കാൾ 2016-17ൽ 25 ശതമാനം വർദ്ധന ആദായനികുതി റിട്ടേൺസ് ഫയൽ ചെയ്യുന്നതിൽ ഉണ്ടായി എന്നാണ് സർക്കാരിന്റെ അവകാശവാദം. എന്നാൽ ഇതിൽ അപ്രതീക്ഷിതമായി ഒന്നുമില്ല. 2011-12ൽ 80 ശതമാനത്തിന്റെയും അടുത്തവർഷം 30 ശതമാനത്തിന്റെയും വർദ്ധന ഉണ്ടായിട്ടുണ്ട്. അർദ്ധരാത്രിയിൽ നോട്ട് പിൻവലിച്ചതുകൊണ്ടല്ല ഇതൊന്നും സംഭവിച്ചത്. നോട്ട് നിരോധനം റിസർവ് ബാങ്കിന് വലിയ നേട്ടമുണ്ടാക്കും എന്ന ബൂർഷ്വാ ധനകാര്യ വിദഗ്ദ്ധരുടെ അവകാശവാദങ്ങളാണ് അടുത്തത്. 3 ലക്ഷം കോടിരൂപ ഒരിക്കലും ബാങ്കിൽ തിരിച്ചുവരില്ലെന്നും അത്രയും കള്ളപ്പണം ഇല്ലായ്മ ചെയ്യാൻ കഴിയുമെന്നുമാണ് പറഞ്ഞിരുന്നത്. ഈ പണം റിസർവ് ബാങ്ക് സർക്കാരിന് സമ്മാനമായി നൽകുമത്രെ. എന്നാൽ സംഭവിച്ചതോ, 99 ശതമാനം പണവും തിരിച്ചെത്തി. റിവേഴ്സ് റിപ്പോ നിരക്കിൽ മാറ്റം വരുത്തുക (ബാങ്കുകളുടെ കയ്യിലുള്ള പണത്തിന്റെ അളവ് കുറയ്ക്കാൻ), ക്യാഷ് റിസർവ് റേഷ്യോ നിരക്ക് ഉയർത്തുക (ബാങ്കുകൾ റിസർവ് ബാങ്കിൽ സൂക്ഷിക്കേണ്ട പണം), കമ്പോള സന്തുലന ബോണ്ടുകൾ ഇറക്കുന്ന കാര്യത്തിൽ പരിധി ഉയർത്തുക (ബാങ്കുകളിൽ അധികം വരുന്ന പണമപ്പാടെ ഊറ്റിയെടുക്കാൻ) തുടങ്ങിയ നടപടികളും ഫലം കണ്ടില്ല. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഇരട്ടി പണമാണ് പുതിയ നോട്ടുകൾ അച്ചടിക്കാൻ റിസർവ് ബാങ്കിന് ചെലവഴിക്കേണ്ടിവന്നത്. 21,000 കോടി രൂപയാണ് ഈ ഇനത്തിൽ ചെലവായത്. ബാങ്കിൽ തിരിച്ചെത്താത്ത പണം 16,000 കോടി മാത്രമാണ്. ആകെ നോക്കിയാൽ റിസർവ് ബാങ്കിന്റെ വരവ് 23.56 ശതമാനം കുറഞ്ഞു. ചെലവ് 107.8 ശതമാനം വർദ്ധിച്ചു. സർക്കാർ ഖജനാവിലേയ്ക്ക് റിസർവ് ബാങ്ക് വൻതുക നൽകുമെന്ന് പ്രചരിപ്പിച്ചിരുന്നെങ്കിലും കഴിഞ്ഞ വർഷം നൽകിയതിന്റെ പകുതി ഡിവിഡന്റ് മാത്രമാണ് ഈ വർഷം നൽകാനായത്.

അവസാനമായി, അഴിമതി ഇല്ലാതാക്കുന്ന വിഷയം നോക്കാം. പിൻവലിച്ച നോട്ടുകൾക്ക് പകരം നൽകാനുള്ള പണം, വൻതോതിൽ പണവും സ്വാധീനവുമുള്ളവരെ ഏൽപിച്ചതായി റിപ്പോർട്ടുകൾ വന്നിരുന്നു. സ്ത്രീകളും വൃദ്ധരുമടക്കം മണിക്കൂറുകൾ ക്യൂവിൽനിന്ന് വലഞ്ഞപ്പോൾ പണച്ചാക്കുകളുടെ വീട്ടുപടിക്കൽ കോടിക്കണക്കിന് രൂപയുടെ പുതിയ നോട്ടുകൾ എത്തിച്ചു. അഴിമതി നിർമാർജ്ജനം ചെയ്യാനുള്ള നടപടികളാണ് കൈക്കൊണ്ടതെങ്കിൽ ഇങ്ങനെ സംഭവിക്കുമായിരുന്നോ? നോട്ട് പിൻവലിക്കൽ പുതിയ രൂപത്തിലുള്ള അഴിമതികൾക്ക് വഴിതുറന്നിരിക്കുകയാണെന്ന് 1-12-2016 ലക്കം 'പ്രോലിറ്റേറിയൻ ഇറ'യിൽ ഞങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ജനങ്ങളിൽനിന്ന് വലിയ ഡിസ്കൗണ്ടോടുകൂടി പഴയ നോട്ടുകൾ വൻതോതിൽ ശേഖരിച്ച് ബാങ്കുകളിൽ നിക്ഷേപിച്ച് ഇവർ കണക്കിൽപെടാത്ത വൻതുകകൾ സമ്പാദിച്ചു. അങ്ങനെ കള്ളപ്പണം വെളുപ്പിച്ചെടുത്തു. അഴിമതി എത്ര ആഴത്തിൽ വേരോടിയിട്ടുണ്ടെന്നും ആരാണ് അതിന് ഒത്താശ ചെയ്യുന്നതെന്നും ആരാണ് ഇതിൽനിന്ന് നേട്ടമുണ്ടാക്കുന്നതെന്നുമൊക്കെ ഇതിൽനിന്ന് വ്യക്തമാണ്. മധുരത്തിൽ പൊതിഞ്ഞ കപട ഭാഷണങ്ങൾകൊണ്ട് ഗവണ്മെന്റ് ജനങ്ങളെ കബളിപ്പിക്കുന്നതാണെന്നും വ്യക്തമാണ്. ഏഷ്യാ-പസഫിക് മേഖലയിലെ ഏറ്റവും അഴിമതി നിറഞ്ഞ രാജ്യമാണ് ഇന്ത്യ എന്ന് ഒരു സർവേ വ്യക്തമാക്കുന്നു. ഇവിടെ പത്തിൽ ഏഴുപേർക്കും പൊതുസേവനങ്ങൾ ലഭിക്കാനായി കൈക്കൂലി കൊടുക്കേണ്ടിവരുന്നു. നോട്ട് പിൻവലിക്കുന്ന സമയത്ത് പ്രധാനമന്ത്രി പറഞ്ഞ വാക്കുകൾ ഇതുമായി താരതമ്യം ചെയ്ത്നോക്കൂ: "അഴിമതിക്കും കള്ളപ്പണത്തിനും കള്ളനോട്ടിനും എതിരായ സാധാരണ ജനങ്ങളുടെ പോരാട്ടത്തെ ഈ നടപടി ശക്തിപ്പെടുത്തും." "ഭീകരപ്രവർത്തനം, മയക്കുമരുന്ന് മാഫിയ, മനുഷ്യക്കടത്ത്, അധോലോകം എന്നിവയൊക്കെ ഒറ്റയടിക്ക് ഇല്ലാതാക്കാൻ ഈ നടപടി ഉപകരിച്ചു" എന്ന് 2016 ഡിസംബർ 27ന് അദ്ദേഹം നടത്തിയ അവകാശവാദവുംകൂടി യാഥാർത്ഥ്യവുമായി തട്ടിച്ചുനോക്കുക. അപാരം തന്നെ!

### നോട്ടുനിരോധനം ബാധിച്ചതാരെ?

നോട്ടുനിരോധനത്തിന്റെ ഇടപാടുകളുമായി ബന്ധപ്പെട്ട് 1.28 ലക്ഷം കോടിരൂപ ചെലവായതായി 'സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ ഇക്കോണമി' എന്ന സ്ഥാപനം കണക്കാക്കുന്നു. ഈ കാപട്യത്തിന്റെ ദുരിതമാകെ പേറേണ്ടിവരുന്നത്, 40 ശതമാനം ഇടപാടുകളും കറൻസിയിൽ നടത്തുന്ന ചെറുകിട ബിസിനസുകാരും സാധാരണക്കാരുമായിരിക്കുമെന്ന് ഞങ്ങൾ കൃത്യമായി ചൂണ്ടിക്കാണിച്ചിരുന്നു. വസ്തുതകൾ അത് ശരിവയ്ക്കുന്നു. നോട്ട് മാറിയെടുക്കാനായി ക്യൂവിൽ മണിക്കൂറുകളും ദിവസങ്ങളും നില്ക്കേണ്ടിവന്നപ്പോൾ വിലപ്പെട്ട 103

(ശേഷം 7-ാം പേജിൽ)

## തൃശൂർ ജില്ലാ വനിതാ സമ്മേളനം

അഖിലേന്ത്യ മഹിളാ സാംസ്ക്കാരിക സംഘടനയുടെ തൃശൂർ ജില്ലാ സമ്മേളനം ചാവക്കാട് പ്രസ്സ് ഫോറത്തിൽ നടന്നു. സമ്മേളനം സംസ്ഥാന പ്രസിഡന്റ് സഖാവ് മിനി കെ. ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം സ.എം.കെ. ഉഷ അദ്ധ്യക്ഷത വഹിച്ചു. സംഘടനാ, രാഷ്ട്രീയ പ്രമേയങ്ങളെ തുടർന്ന് സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾക്കെതിരെയും, വർഗീയതക്കും ജനദ്രോഹകരമായ മദ്യനയത്തിനും സ്വാശ്രയവിദ്യാഭ്യാസ നയത്തിനും എതിരെ സ്ത്രീ സമൂഹം ഉണർന്ന് പ്രവർത്തിക്കേണ്ട ആവശ്യകതയെ അടിസ്ഥാനപ്പെടുത്തിയുള്ളതുമായ രണ്ടു പ്രമേയങ്ങൾ അവതരിപ്പിച്ചു പാസാക്കി. ഉദ്ഘാടന യോഗത്തിൽ എസ്.യു.സി.ഐ(സി) ജില്ലാ സെക്രട്ടറി ഡോ.പി.എസ്.ബാബു, ജില്ലാക്കമ്മിറ്റിയംഗം സി.കെ.ശിവദാസൻ, അഡ്വ.ഇ.എൻ. ശാന്തിരാജ്, എ.ഐ.ഡി.വൈ.ഒ ജില്ലാ പ്രസിഡന്റ് എ.എം.സുരേഷ് എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. സഖാക്കൾ സുനിത ആർ. (പ്രസിഡന്റ്), ടി.ജി.മായ, ബേബി വൽസൻ (വൈസ്. പ്രസിഡന്റ്മാർ), സുജാ ആന്റണി (സെക്രട്ടറി), ഒ.എം.ശ്രീജ, അഡ്വ.പി.കെ.ധന്യ (ജോ.സെക്രട്ടറി), സുകന്യ കുമാർ (ട്രഷർ) ഉൾപ്പെടെ 17 അംഗ ജില്ലാ സമിതിയെ സമ്മേളനം തെരഞ്ഞെടുത്തു. സമാപന യോഗത്തിൽ എ.ഐ.എം.എസ്.എസ്. സംസ്ഥാന സെക്രട്ടറി ഷൈല കെ. ജോൺ മുഖ്യപ്രസംഗം നടത്തി.




**സമ്മേളനം എ.ഐ.എം.എസ്.എസ് സംസ്ഥാന പ്രസിഡന്റ് സഖാവ് മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു**

(6-ാം പേജിൽ നിന്ന്)

മനുഷ്യജീവനാണ് പൊലിഞ്ഞത്. പൊടുന്നനെ നോട്ടുനിരോധിച്ചതുവഴിയുണ്ടായ പ്രതിസന്ധിയിൽപ്പെട്ട് ആത്മഹത്യചെയ്ത പാവങ്ങളുടെ കാര്യവും റിപ്പോർട്ടുചെയ്യപ്പെട്ടിരുന്നു. ചെറുകിട കർഷകർ, ഇഷ്ടികക്കളത്തിൽ പണിയെടുക്കുന്നവർ, ചെറിയ കച്ചവടക്കാർ, നിർമ്മാണത്തൊഴിലാളികൾ, കരാർ തൊഴിലാളികൾ, ഇതര സംസ്ഥാന തൊഴിലാളികൾ എന്നിവരൊക്കെ അനുഭവിച്ചത് കൊടിയ ദുരിതങ്ങളാണ്. പെട്ടെന്ന് പണത്തിന്റെ ലഭ്യത കുറയുകയും കൃഷി ആവശ്യങ്ങളുടെ ചെലവ് ഉയരുകയും ഉല്പന്നങ്ങളുടെ വില ഇടിയുകയും ചെയ്തതുവഴി ദരിദ്രകർഷകരും കർഷകത്തൊഴിലാളികളും നട്ടംതിരിയുന്ന സ്ഥിതിയുണ്ടായി. പണലഭ്യത കുറഞ്ഞതോടെ പച്ചക്കറിവില ഇടിഞ്ഞു, ഗോതമ്പ് കൃഷി ഇറക്കാൻ വൈകി, വളവും കീടനാശിനിയും മറ്റും പ്രയോഗിക്കാൻ കഴിയാതായി, കൂലിയും കുറഞ്ഞു. തുടർന്നുള്ള വിളകളുടെ കാര്യത്തിലും ഈ പ്രതിസന്ധികൾ തുടരുകയാണ്.

മൂന്നുലക്ഷത്തിലേറെ വരുന്ന, പ്രധാനമായും ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ പ്രതിനിധീകരിക്കുന്ന ആൾ ഇന്ത്യ മാനുഫാക്ചറേഴ്സ് ഓർഗനൈസേഷൻ നടത്തിയ പഠനം പറയുന്നത്, 2017 മാർച്ച് മാസത്തോടെ തൊഴിലിൽ 60 ശതമാനത്തിന്റെയും വരുമാനത്തിൽ 55 ശതമാനത്തിന്റെയും ഇടിവുണ്ടായി എന്നാണ്. ഈ മേഖലയെ ഏറ്റവും കൂടുതൽ ബാധിച്ചുവെന്നുമാത്രമല്ല ഏതാണ്ടെല്ലാ വ്യവസായങ്ങളെയും ഈ നടപടി പ്രതികൂലമായി ബാധിച്ചു എന്നും പഠനം പറയുന്നു. ദിവസക്കൂലിക്കാരിൽ 25 ശതമാനത്തെയും സ്വയംതൊഴിൽ സംരംഭങ്ങളിൽ 8 ശതമമാനത്തെയും ചെറുകിട കച്ചവടക്കാരെയും വഴിയോരവാണിഭക്കാരെയുമൊക്കെ ഇത് ഗുരുതരമായി ബാധിച്ചുവെന്ന് സെന്റർ ഫോർ ദ മോണിറ്ററിംഗ് ഓഫ് ഇന്ത്യൻ ഇക്കോണമിയുടെ മറ്റൊരു റിപ്പോർട്ട് വെളിപ്പെടുത്തുന്നു. ദിവസക്കൂലിക്കാർ ഒത്തുകൂടുന്ന സ്ഥലങ്ങളൊക്കെ കാലിയായിക്കിടന്നു. മാസത്തിൽ കഷ്ടിച്ച് പത്തുദിവസം ജോലി കിട്ടിയാൽത്തന്നെ കൂലി വളരെ കുറച്ചാണ് അവർക്ക് കിട്ടിയിരുന്നത്. 46 ശതമാനം തൊഴിലാളികളും ദിവസക്കൂലിക്കാരോ കരാർ തൊഴിലാളികളോ ആയ അസംഘടിതമേഖലയിൽ കൂലി കൊടുക്കാൻ പണമില്ലായിരുന്നു. നഗരങ്ങളിലാകട്ടെ 65 ശതമാനം ദിവസക്കൂലിക്കാരും പണിയില്ലാതെ ഗ്രാമങ്ങളിലേയ്ക്ക് മടങ്ങി. 15 ലക്ഷം തൊഴിൽ നഷ്ടമുണ്ടായെന്ന് കോർപ്പറേറ്റുകൾ നിയന്ത്രിക്കുന്ന മാദ്ധ്യമങ്ങൾക്കുപോലും റിപ്പോർട്ടുചെയ്യേണ്ടിവന്നു. യഥാർത്ഥ കണക്ക് ഇതിനേക്കാൾ വളരെ കൂടുതലായിരിക്കും. ഇന്നും ഈ സ്ഥിതിയിൽ കാര്യമായ മാറ്റമുണ്ടായിട്ടില്ല. പണത്തിന്റെ ലഭ്യത നിലച്ചതോടെ ഷോപ്പിംഗ് മാളുകളിലൊക്കെ ആളില്ലാതായി. വീട്ടാവശ്യങ്ങൾക്ക് ചെലവഴിക്കുന്ന പണത്തിൽ ഇടിവുവന്നതോടെ ഈ സാമ്പത്തിക വർഷത്തിലും ഇതിന്റെ ആഘാതം തുടരുകയാണ്. കുത്തകകൾക്കുവേണ്ടി ബൂർഷ്വാ ഗവണ്മെന്റുകൾ നടത്തുന്ന സാമ്പത്തിക ആക്രമണങ്ങൾക്ക് നിരന്തരം ഇരയായിക്കൊണ്ടിരിക്കുന്ന സാധാരണ ജനങ്ങളാണ് നോട്ടുനിരോധനത്തിന്റെ മുഴുവൻ കെടുതികളും പേറേണ്ടിവന്നത്. എന്നാൽ ഇതേ കാലയളവിൽ വൻകിട കുത്തകകളുടെ വരുമാനത്തിൽ വലിയ വർദ്ധനയുണ്ടാവുകയും ചെയ്തു. ദരിദ്രർക്ക് സ്വസ്ഥമായ ഉറക്കവും പണക്കാർക്ക് ഉറക്കമില്ലാത്ത രാവുകളും സമ്മാനിച്ച ധീരമായ നടപടിയാണ് താൻ കൈക്കൊണ്ടത് എന്നാണ് നോട്ട് നിരോധനത്തിനുശേഷം പ്രധാനമന്ത്രി പറഞ്ഞത്. യാഥാർത്ഥ്യത്തിന് ഈ വാക്കുകളുമായി എന്തെങ്കിലും ബന്ധമുണ്ടോ?

എന്തായാലും ദരിദ്രരുടെ ജീവിതത്തിൽ ഇത് നാശം വിതയ്ക്കുമെന്നകാര്യം പ്രതീക്ഷിക്കാവുന്നതായിരുന്നു. ഈ നടപടി സമ്പദ്ഘടനയെയാകെ പ്രതിസന്ധിയിലാക്കുമെന്നും സാധാരണക്കാർ, വിശേഷിച്ച് ദരിദ്രകർഷകരും ചെറിയ കച്ചവടക്കാരും അസംഘടിത തൊഴിലാളികളുമൊക്കെയായിരിക്കും ദുരിതങ്ങൾ ഏറ്റവുമധികം അനുഭവിക്കേണ്ടിവരികയെന്നും നമ്മുടെ പാർട്ടിയുടെ കേന്ദ്രകമ്മിറ്റി മുന്നറിയിപ്പ് നൽകിയിരുന്നു. ഇത് ശരിയായിരുന്നുവെന്ന് അനന്തര ഫലങ്ങളെക്കുറിച്ചുള്ള പരിശോധന അടിവരയിടുന്നു. തുടക്കത്തിൽ സർക്കാരും മറ്റും നടത്തിയ പ്രചാരണത്തിൽ കുടുങ്ങി, നോട്ടുനിരോധനം കള്ളപ്പണം തടയുമെന്നും മറ്റും വിശ്വസിച്ചവരും തങ്ങൾ കബളിപ്പിക്കപ്പെട്ടിരിക്കുന്നു എന്ന് ഇപ്പോൾ തിരിച്ചറിഞ്ഞിരിക്കുന്നു.

### സമ്പദ്ഘടനയിലെ മാന്ദ്യം

ബൂർഷ്വാ ഗവണ്മെന്റും പിണിയാളുകളും ചേർന്ന് സാധ്യമായ നടപടികളൊക്കെ കൈക്കൊണ്ടിട്ടും, ഇതിനകംതന്നെ പ്രതിസന്ധിയിലകപ്പെട്ടിരിക്കുന്ന ഇന്ത്യൻ മുതലാളിത്ത സമ്പദ്ഘടന ഇപ്പോൾ ഒരു പടികൂടി മാന്ദ്യത്തിലേയ്ക്ക് പതിച്ചിരിക്കുന്നു എന്നകാര്യം മൂടിവയ്ക്കാൻ കഴിയാതായിരിക്കുന്നു. ഒരു രാഷ്ട്രത്തിന്റെ സാമ്പത്തിക സ്ഥിതിയറിയാൻ ജിഡിപി ഉപയോഗിക്കാം എന്നാണ് കണക്കാക്കപ്പെടുന്നത്. എത്ര വേഗത്തിലാണ് സമ്പദ്ഘടന വളരുന്നതെന്നതിന്റെ സൂചകം കൂടിയാണിത്. മൂന്നുമാസത്തെ വളർച്ചാനിരക്ക് കഴിഞ്ഞ തവണത്തെ നിരക്കിനോട് താരതമ്യപ്പെടുത്തിയാണ് ഇത് അളക്കുന്നത്. നാലു ഘടകങ്ങൾ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. വ്യക്തിഗത ഉപഭോഗമാണ് ഇതിൽ ഏറ്റവും പ്രധാനം. ബിസിനസ്സിലെ നിക്ഷേപം, ഗവണ്മെന്റ് ചെലവഴിക്കുന്ന പണം, ഇറക്കുമതി കിഴിച്ചുള്ള കയറ്റുമതി എന്നിവയാണ് മറ്റു ഘടകങ്ങൾ. ഇവയുടെ ആകെത്തുകയാണ് ജിഡിപി. ഉപഭോഗത്തിലും നിക്ഷേപത്തിലും കുറവുവരികയും ഗവണ്മെന്റ് ചെലവഴിക്കുന്ന തുക വർദ്ധിക്കാതിരിക്കുകയും ആണെങ്കിൽ ജിഡിപി താഴോട്ടു പോകുകയും വളർച്ചാനിരക്ക് കുറയുകയും ചെയ്യും. മറ്റുരാജ്യങ്ങളെ അപേക്ഷിച്ച് ജിഡിപി നിരക്ക് ഉയർന്നതാണെന്ന് കാണിക്കാനായി സർക്കാർ വിലാസം പണ്ഡിതന്മാർ പുതിയ ഉപായങ്ങൾ കണ്ടെത്തിയിട്ടുണ്ട്. മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി കൃത്രിമമായി ഉയർന്ന നിരക്ക് കാണിക്കുന്നു. അടിസ്ഥാന വർഷം 2004-05ൽ നിന്ന് 2011-12 ആക്കിയതും ഇതിന്റെ ഭാഗമായാണ്. ഇങ്ങനെ ഊതിപ്പെരുപ്പിച്ച് 4.7 ശതമാനത്തിൽനിന്ന് 2013-14ലെ ജിഡിപി നിരക്ക് 6.9 ശതമാനമാക്കി, 50 ശതമാനം വർദ്ധന അവകാശപ്പെട്ടു. എന്നിട്ടും മാന്ദ്യം മറച്ചുവയ്ക്കാനാകുന്നില്ല. ഈ വർഷം ഏപ്രിൽ-ജൂൺ കാലയളവിലെ നിരക്ക് 5.7 ശതമാനമെന്നാണ് കണക്കാക്കപ്പെടുന്നത്. ഗവണ്മെന്റ് അവകാശപ്പെട്ടിരുന്നതിനേക്കാൾ വളരെ കുറഞ്ഞ നിരക്കാണിത്. കഴിഞ്ഞ പാദത്തിലെ 6.1 ശതമാനവും അവകാശവാദത്തെക്കാൾ വളരെ കുറഞ്ഞതായിരുന്നു. അതായത്, അടവുകൾ പലത് പയറ്റിയിട്ടും വളർച്ചാനിരക്ക് ക്രമമായി ഇടിയുന്നു എന്ന് സാരം. പഴയ സമ്പ്രദായമനുസരിച്ചാണെങ്കിൽ വളർച്ചാനിരക്ക് വെറും 2.8 ശതമാനം മാത്രമേ ഉള്ളു താനും.

ഇതിന്റെ പ്രത്യാഘാതമെന്താണ്? സാമ്പത്തികമാന്ദ്യംതന്നെ. വ്യാവസായികോല്പാദനം, നിക്ഷേപം, പൊതുമുതൽമുടക്ക്, കുടുംബ വരുമാനം എന്നിവയിലൊക്കെ ഇടിവും തൊഴിലില്ലായ്മയിൽ വർദ്ധനയുമുണ്ടാകും. അതോടെ ജനങ്ങളുടെ ക്രയശേഷി കുറയും. അപ്പോൾ ചരക്കുകൾ കെട്ടിക്കിടക്കുകയും മാന്ദ്യമുണ്ടാവുകയും ചെയ്യും. മുതലാളിമാർ തൊഴിലാളികളിൽ കുറെപ്പേരെ പിരിച്ചുവിടാനും പുതിയ നിക്ഷേപങ്ങൾ നടത്തുന്നത് ഒഴിവാക്കാനും തുനിയും. സമ്പദ്ഘടനയിലെ മുതൽമുടക്ക് കുറയുമ്പോൾ തൊഴിലില്ലായ്മ വർദ്ധിക്കുന്നു, വേതനം കുറയുന്നു, കുടുംബച്ചെലവിൽ കുറവുവരുന്നു. മാന്ദ്യത്തിന്റെ ഈ പ്രത്യാഘാതങ്ങളൊക്കെ നോട്ടുനിരോധനത്തിന് ശേഷമുള്ള കാലയളവിൽ വളരെ പ്രകടമായിരിക്കുന്നുവെന്ന് ഔദ്യോഗികമായിത്തന്നെ അംഗീകരിച്ചിട്ടുണ്ട്. ഇപ്പോഴുണ്ടായിരിക്കുന്ന ജിഡിപി നിരക്കിലെ ഇടിവ് നോട്ടുനിരോധനത്തിന്റെ പ്രത്യാഘാതമാണെന്ന് നിസ്സംശയം പറയാം.

### സാമ്പത്തിക ശാസ്ത്രജ്ഞർ നോട്ടുപിൻവലിക്കലിനെ എതിർത്തു

സമ്പദ്ഘടനയിലുണ്ടായിരിക്കുന്ന മാന്ദ്യം പ്രധാനമായും നോട്ടുനിരോധനത്തിന്റെ അനന്തരഫലമാണെന്ന് സർക്കാരും സർക്കാർ വിലാസം പണ്ഡിതന്മാരും ഒഴികെ എല്ലാവരും സമ്മതിക്കുന്നുണ്ട്. മുതലാളിത്ത വ്യവസ്ഥയുടെ പിന്തുണക്കാരായ സാമ്പത്തിക വിദഗ്ദ്ധർ പോലും നോട്ടുപിൻവലിക്കലിനെ എതിർത്തിരുന്നു. നോട്ടുനിരോധനത്തിന് തൊട്ടുമുമ്പ് ഒഴിവാക്കപ്പെട്ട റിസർവ്വ് ബാങ്ക് ഗവർണർ രഘുറാം

(ശേഷം 8-ാം പേജിൽ)



തിരുവല്ലയിൽ എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) പത്തനംതിട്ട ജില്ലാ സെക്രട്ടറി സഖാവ് എസ്.രാജീവൻ പ്രസംഗിക്കുന്നു



അനുസ്മരണ സമ്മേളനം എ.ഐ.ഡി.വൈ.ഒ സംസ്ഥാന പ്രസിഡന്റ് സഖാവ് എൻ.കെ.ബിജു ഉദ്ഘാടനം ചെയ്യുന്നു

## വക്കം അബ്ദുൾഖാദറിന്റെ 74-ാം രക്തസാക്ഷിത്വ ദിനം ആചരിച്ചു

കേരള ഭഗത് സിംഗ് എന്നറിയപ്പെടുന്ന വക്കം അബ്ദുൾഖാദറിന്റെ ജീവിതം ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രത്തിലെ തിളക്കമാർന്ന ഒരേടാണ്. ദേശീയപ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ അത്രയേറെയൊന്നും പങ്ക് അവകാശപ്പെടാനില്ലാത്ത കേരളത്തെ സംബന്ധിച്ച് അദ്ദേഹത്തിന്റെ സ്മരണ തികച്ചും അഭിമാനകരമാണ്.

1917 മെയ് 25ന് തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ വക്കം ഗ്രാമത്തിൽ വാവക്കുഞ്ഞിന്റെയും അസ്സലുമ്മയുടെയും മകനായി ജനിച്ച ഖാദർ ചെറുപ്പത്തിൽ തന്നെ ദേശീയ പ്രസ്ഥാനത്തിൽ ആകൃഷ്ടനായി. ഏറിയും കുറഞ്ഞും വർഗ്ഗീയസംഘർഷങ്ങൾക്ക് ഇരയായിരുന്ന ആ ഗ്രാമത്തിൽ തികഞ്ഞ ഇസ്ലാം മതവിശ്വാസവും ഒപ്പം കടുത്ത വർഗ്ഗീയവിരുദ്ധ നിലപാടും ഖാദർ പുലർത്തിയിരുന്നു. യുവാവായിരിക്കെ, സ്റ്റേറ്റ് കോൺഗ്രസ്സിന്റെ പ്രാദേശിക പ്രവർത്തകനായിരുന്ന ഖാദറിന് ജീവിതപ്രാരബ്ദങ്ങളെ നേരിടുന്നതിനായി തൊഴിലന്വേഷിച്ച് മലയായിലേയ്ക്ക് പോകേണ്ടിവന്നു.

രണ്ടാം ലോക മഹായുദ്ധം കൊടുമ്പിരിക്കൊണ്ടിരുന്ന ആ നാളിൽ നേതാജി സുഭാഷ്ചന്ദ്രബോസിന്റെ നേതൃത്വത്തിൽ പൂർവ്വേഷ്യയിൽ ഉയർന്നുവന്ന ബ്രിട്ടീഷ് വിരുദ്ധ പോരാട്ടത്തിൽ ആകൃഷ്ടനായ അബ്ദുൾഖാദർ എല്ലാം മറന്ന് അതിൽ മുഴുകി. ഇന്ത്യൻ ഇൻഡിപെൻഡൻസ് ലീഗിന്റെയും ഇന്ത്യൻ നാഷണൽ ആർമിയുടെയും ഭാഗമായി മാറിയ അബ്ദുൾഖാദർ മലയായിലെ പെനാങ്കിലെ സ്വരാജ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് പരിശീലനം നേടിയ തെരഞ്ഞെടുക്കപ്പെട്ട 20 പേരുടെ സംഘത്തിൽ അംഗമായി. 1942 സെപ്തംബർ 18ന് രാത്രി ഒരു അന്തർവാഹിനിയിൽ അവർ ഇന്ത്യയിലേയ്ക്ക് പുറപ്പെട്ടു.

നേതാജിയുടെ നേതൃത്വത്തിൽ ഐഎൻഎ ഇന്ത്യയിലേയ്ക്ക് മാർച്ച് ചെയ്ത് ബ്രിട്ടീഷ് സൈന്യത്തെ പരാജയപ്പെടുത്തി കടന്നുവരുമ്പോൾ ആ മുന്നേറ്റത്തിന് ഉപോൽബലകമായി രാജ്യത്തിനുള്ളിൽ ജനകീയ മുന്നേറ്റം വളർത്തുക എന്ന ദൗത്യമായിരുന്നു അവർക്കുണ്ടായിരുന്നത്. പത്തുദിവസം അന്തർവാഹിനിയിൽ യാത്രചെയ്ത് താനൂർ കടപ്പുറത്ത് റബ്ബർ ബോട്ടിൽ വന്നിറങ്ങിയ ഖാദറിന്റെ നേതൃത്വത്തിലുള്ള അഞ്ചുപേരടങ്ങിയ സംഘം പോലീസ് പിടിയിൽ അകപ്പെട്ടു. തുടർന്ന് ക്രൂരമായ മർദ്ദനവും പീഡനവും സഹിച്ച അവർ 105 ദിവസം മദ്രാസിലെ സെന്റ് ജോർജ്ജ് കോട്ടയിലെ ഇരുട്ടറയിൽ അടയ്ക്കപ്പെട്ടു. ഒടുവിൽ 1943 സെപ്തംബർ 10ന് പ്രഭാതത്തിൽ മറ്റു മൂന്നുപേരോടൊപ്പം തൂക്കിലേറ്റപ്പെട്ടു.

അവസാന നിമിഷംവരെ അദ്ദേഹം കാത്തുപുലർത്തിയ അചഞ്ചലമായ രാജ്യസ്നേഹവും ധീരതയും മതേതര നിലപാടും മാതൃകായോഗ്യനായ ഒരു വിപ്ലവകാരിയെന്ന നിലയിലേയ്ക്ക് അദ്ദേഹത്തെ ഉയർത്തി. ഇസ്ലാംമത വിശ്വാസികളെല്ലാം രാജ്യദ്രോഹികളാണെന്ന് പ്രചരിപ്പിക്കപ്പെടുന്ന ഇക്കാലത്ത് അദ്ദേഹത്തിന്റെ ജീവിതവും രക്തസാക്ഷിത്വവും യുവാക്കൾ പഠനവിധേയമാക്കേണ്ടതാണ്.

വക്കം അബ്ദുൾഖാദറിന്റെ 74-ാം രക്തസാക്ഷിത്വ ദിനാചരണത്തിന്റെ ഭാഗമായി ആൾ ഇന്ത്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ മാവേലിക്കര താലൂക്ക് കമ്മിറ്റി കെ.എസ്.ആർ.ടി.സി ജംഗ്ഷനിൽ അനുസ്മരണ സമ്മേളനം സംഘടിപ്പിച്ചു. സംസ്ഥാന പ്രസിഡന്റ് സഖാവ് എൻ.കെ.ബിജു ഉദ്ഘാടനം ചെയ്തു. ആർ.പ്രവീൺ കുമാർ അദ്ധ്യക്ഷത വഹിച്ചു. ആർ.പാർത്ഥസാരഥി വർമ്മ, എസ്.ശോവിന്ദ്, ടി.ആർ.രാജിമോൾ, കെ..ആർ.ഓമനക്കുട്ടൻ എന്നിവർ പ്രസംഗിച്ചു.



കോട്ടയം ഭാരത് ഹോസ്പിറ്റലിലെ നഴ്സുമാരുടെ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് പ്രസംഗിക്കുന്നു

# ട്രേഡ് യൂണിയൻ സംയുക്ത സമിതിയുടെ ആഭിമുഖ്യത്തിൽ ദേശീയ പ്രക്ഷോഭം



സംസ്ഥാന കൺവെൻഷനിൽ എ.ഐ.യു.ടി.യു.സി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ പ്രസംഗിക്കുന്നു.




കോട്ടയം ജില്ലാ കൺവെൻഷനിൽ എ.ഐ.യു.ടി.യു.സി ജില്ലാ സെക്രട്ടറി സഖാവ് വി.പി.കൊച്ചുമോൻ ജില്ലയിലെ തയ്യാറെടുപ്പ് പ്രവർത്തനങ്ങൾ വിശദീകരിക്കുന്നു.

കേന്ദ്രസർക്കാരിന്റെ തൊഴിലാളി ദ്രോഹ നയങ്ങൾക്കെതിരെ ട്രേഡ് യൂണിയൻ സംയുക്ത സമിതി ദേശീയ തലത്തിൽ ആഹ്വാനം ചെയ്തിരിക്കുന്ന നവംബർ 9,10,11 തീയതികളിലായി ഡൽഹിയിൽ നടക്കുന്ന മഹാധർണ്ണ വിജയിപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ തൊഴിലാളി കൺവെൻഷൻ കോട്ടയം സാഹിത്യപ്രവർത്തക സഹകരണസംഘം ഹാളിൽ നടന്നു.

എ.ഐ..ടി.യു.സി സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് സഖാവ് ജെ.ഉദയഭാനു കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. ഐ.എൻ.ടി.യു.സി ജില്ലാ സെക്രട്ടറി പി.വി.പ്രസാദ് അദ്ധ്യക്ഷത വഹിച്ചു. ട്രേഡ് യൂണിയൻ സംയുക്ത സമിതി ജില്ലാ കൺവീനറും എ.ഐ.യു.ടി.യു.സി ജില്ലാ സെക്രട്ടറിയുമായ സഖാവ് വി.പി.കൊച്ചുമോൻ ജില്ലയിലെ തയ്യാറെടുപ്പ് പ്രവർത്തനങ്ങൾ വിശദീകരിച്ചു.

സി.ഐ.ടി.യു സംസ്ഥാന സെക്രട്ടറി കെ.ഒ.ഹബീബ്, സി.ഐ.ടി.യു ജില്ലാ സെക്രട്ടറി ടി.ആർ.രഘുനാഥൻ, എസ്.ടി.യു ദേശീയ സെക്രട്ടറി രഘുനാഥ് പനവേലി, എൻ.എൽ.സി സംസ്ഥാന സെക്രട്ടറി സാജു എം.ഫിലിപ്പ്, കെ.ടി.യു.സി(എം) ജില്ലാ സെക്രട്ടറി ജോസ് പുത്തൻകാല, യു.ടി.യു.സി ജില്ലാ സെക്രട്ടറി മുണ്ടക്കയം സോമൻ, ടി.യു.സി.ഐ സംസ്ഥാന കമ്മിറ്റി അംഗം ബാബു മഞ്ഞള്ളൂർ, വി.പി.ഇസ്മയിൽ, പി.ജെ.വർഗ്ഗീസ്, വി.ബി.ബിനു, പി.കെ.കൃഷ്ണൻ, ഒ.പി.എ സലാം, പി.കെ.സന്തോഷ്കുമാർ, ഹലീൽ റഹ്മാൻ എന്നിവരും പ്രസംഗിച്ചു●




പൊതുമേഖല സ്ഥാപനങ്ങൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സെപ്തംബർ 13ന് ട്രേഡ് യൂണിയൻ സംയുക്തസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ രാജ്ഭവൻ മാർച്ച്

# നോട്ട് നിരോധനം വൻതട്ടിപ്പ്

(7-ാം പേജിൽ നിന്ന്)

രാജൻ ഈ നടപടിക്ക് അനുകൂലമായിരുന്നില്ലെന്ന് തുറന്നുപറഞ്ഞിട്ടുണ്ട്. ഇതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചും അന്ന് റിസർവ്വ് ബാങ്ക് ഗവണ്മെന്റിനെ ധരിപ്പിച്ചിരുന്നു. താൻ ഗവർണറായിരുന്നെങ്കിൽ ഈ നടപടി അംഗീകരിക്കുമായിരുന്നില്ലെന്ന് മറ്റൊരു മുൻ റിസർവ് ബാങ്ക് ഗവർണർ ബിമൽ ജലാൻ പറയുകയുണ്ടായി. നോട്ട് നിരോധനം വലിയ തെറ്റായിപ്പോയെന്നും സമ്പദ്ഘടനയെ അത് വളരെ പ്രതികൂലമായി ബാധിക്കുമെന്നും കേന്ദ്ര ഗവണ്മെന്റിന്റെ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവായിരുന്ന കൗശിക് ബാസുവും അഭിപ്രായപ്പെട്ടു. "സമ്പദ്ഘടനയുടെ വിശ്വാസ്യതയുടെ അടിവേരറുക്കുന്ന ഏകാധിപത്യപരമായ നടപടി" എന്നാണ് നോബൽ സമ്മാനിതനായ അമർത്യസെൻ പറഞ്ഞത്. ഈ വിദഗ്ദ്ധാഭിപ്രായങ്ങളൊന്നും പരിഗണിക്കാതെ കേന്ദ്രഗവണ്മെന്റ് നോട്ട് നിരോധനവുമായി മുന്നോട്ട് പോകുകയാണുണ്ടായത്.

### ബിജെപി ഗവണ്മെന്റ് മറുകണ്ടം ചാടുന്നു

ബിജെപി ഗവണ്മെന്റും അതിനെ നയിക്കുന്നവരും ജനങ്ങളെ കബളിപ്പിക്കുന്നതിൽ നല്ല മെയ്വഴക്കമാണ് കാണിക്കുന്നത്. വമ്പൻ, നൂതനം, അനിതരസാധാരണം എന്നൊക്കെയുള്ള വിശേഷണങ്ങൾ ചാർത്തി, എല്ലാവരുടെയും സാമ്പത്തികോന്നമനത്തിന് എന്നൊക്കെ പുലമ്പിക്കൊണ്ട് (എല്ലാവർക്കുമൊപ്പം, എല്ലാവരുടെയും വികസനം തുടങ്ങിയ മുദ്രാവാക്യങ്ങൾ) ഇവർ ജനങ്ങളെ വഞ്ചിച്ചുകൊണ്ടേയിരിക്കുന്നു. ഓരോ നടപടിയും ദുരിതങ്ങൾ വർദ്ധിപ്പിക്കുന്നതേയുള്ളൂ എന്ന് ജനങ്ങൾ തിരിച്ചറിയുന്നതോടെ ഇവർ മറുകണ്ടംചാടി പുതിയ അടവുകൾ പയറ്റുന്നു. "ആഗോള മാന്ദ്യമാണ്, നോട്ടുനിരോധനമല്ല ജിഡിപി നിരക്ക് കുറയാൻ കാരണം" എന്ന കേന്ദ്ര ധനകാര്യമന്ത്രിയുടെ പുതിയ പല്ലവിതന്നെ ഉദാഹരണം. ബാങ്കുകളിലൂടെ പണം സമാഹരിക്കാനല്ല, വളരെയേറെ കറൻസിയെ ആശ്രയിച്ചുനിന്ന ഒരു സമ്പദ്ഘടനയിൽ മാറ്റം കൊണ്ടുവരാൻവേണ്ടിയാണ് നോട്ടുനിരോധനം നടപ്പിലാക്കിയതെന്നും മന്ത്രി പറയുന്നു. ദീർഘകാലാടിസ്ഥാനത്തിൽ ഇതിന്റെ സദ്ഫലങ്ങൾ പ്രകടമായിത്തുടങ്ങുമെന്നും മറ്റും അദ്ദേഹം അവകാശപ്പെടുന്നു. ഇപ്പോൾ പറയുന്നതും നോട്ട് നിരോധന സമയത്ത് പുരപ്പുറത്തുനിന്ന് വിളിച്ചുകൂവിയതും തമ്മിലുള്ള അന്തരം വളരെ പ്രകടമാണെന്നുമാത്രം. ജനങ്ങളെ പറ്റിക്കാനും അവരുടെ ശ്രദ്ധതിരിക്കാനുമുള്ള കുതന്ത്രങ്ങൾതന്നെ.

### കള്ളപ്പണത്തെക്കുറിച്ച് അല്പംകൂടി

ഇന്ത്യയിലെ വ്യവസായികളും രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥ പ്രമാണിമാരുമെല്ലാംകൂടി സ്വിസ് ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ള കള്ളപ്പണം 72 ലക്ഷം കോടി വരുമെന്ന് 5 വർഷംമുമ്പ് റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്ന കാര്യം ഞങ്ങൾ നേരത്തെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഇന്ത്യയിൽ പ്രചാരത്തിലുള്ള കള്ളപ്പണം ജിഡിപിയുടെ 23.2 ശതമാനം, അതായത് ഏതാണ്ട് 37.5 ലക്ഷം കോടിരൂപ വരുമെന്ന് ലോകബാങ്ക്തന്നെ പറഞ്ഞിട്ടുണ്ട്. സാമ്രാജ്യത്വ മൂലധനം കൈകാര്യം ചെയ്യുന്ന ലോക ബാങ്ക് സത്യം മൂടിവയ്ക്കാൻ പരമാവധി ശ്രമിച്ചിട്ടാണ് 2015-16 ലെ ഈ കണക്ക് പുറത്തുവിട്ടത്. ഇത് 93 ലക്ഷം കോടിയായെന്ന് പിന്നീടൊരു റിപ്പോർട്ടും പുറത്തുവന്നിട്ടുണ്ട്. കൃഷിയിൽനിന്നും വ്യവസായത്തിൽനിന്നും ആകെ ലഭിക്കുന്ന വരുമാനത്തെക്കാൾ കൂടുതലാണിത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആകെ ചെലവഴിക്കുന്ന തുകയെക്കാൾ വലിയ സംഖ്യയാണിത്. 1970 കളുടെ മദ്ധ്യം മുതൽ കണക്കാക്കിയാൽ പ്രതിവർഷം 5 ശതമാനം വളർച്ചാനിരക്ക് കുറയാൻ ഭീമാകാരംപൂണ്ട ഈ കള്ളപ്പണം ഇടയാക്കുന്നുണ്ടെന്നാണ് ഔദ്യോഗിക കണക്കുകൾ വ്യക്തമാക്കുന്നത്. കയറ്റുമതിയുടെയും ഇറക്കുമതിയുടെയുമൊക്കെ കണക്കിൽ കാണിക്കുന്ന കൃത്രിമത്തിലൂടെ വൻതോതിൽ കള്ളപ്പണം ഒഴുകുന്നു. ഹവാല ഇടപാടിലൂടെയും വൻതോതിൽ വിദേശത്ത് കള്ളപ്പണമെത്തുന്നു (ഫ്രണ്ട്ലൈൻ, 26-05-2017). ഇതൊന്നും തടയാൻ ഗവണ്മെന്റിന് ഒരുദ്ദേശവുമില്ല. സാമ്പത്തിക ഇടപാടുകളുടെ വിവരങ്ങൾ രാജ്യത്തിന് കൈമാറുന്ന വ്യവസ്ഥയനുസരിച്ച് സ്വിറ്റ്സർലാൻഡ് ഗവണ്മെന്റ് 2019 സെപ്തംബർ മുതൽ ഇന്ത്യയ്ക്ക് വിവരങ്ങൾ കൈമാറുമെന്നാണ് പറയുന്നത് (ഇക്കണോമിക് ടൈംസ്, 19-6-2017). എന്തിനാണ് രണ്ടുവർഷം കഴിയുന്നത്? ഇപ്പോൾ വിവരങ്ങൾ എന്തുകൊണ്ട് ലഭിക്കുന്നില്ല? ഇനി രണ്ടുവർഷം കഴിഞ്ഞ് വിവരങ്ങൾ ലഭിക്കുമെങ്കിൽത്തന്നെ കള്ളപ്പണക്കാർ പുതിയ സുരക്ഷിത താവളങ്ങളിലേയ്ക്ക് അക്കൗണ്ടുകൾ മാറ്റുമെന്ന് ഉറപ്പ്. ഈ വിഷയത്തെ ഒന്ന് സ്പർശിക്കാൻ പോലും നോട്ടുനിരോധനം ഉപകരിക്കില്ല എന്നർത്ഥം.

### മുതലാളിത്തവ്യവസ്ഥ അഴിമതിക്കും കള്ളപ്പണത്തിനും ജന്മംനൽകുന്നു

വൻകിട കുത്തകകൾ, കഴുത്തറപ്പൻ ബിസിനസുകാർ, ജനങ്ങളെ പിഴിയുന്ന ഇടനിലക്കാർ എന്നിവർക്കൊക്കെയാണ് നോട്ടുനിരോധനത്തിന്റെ ഗുണം യഥാർത്ഥത്തിൽ ലഭിക്കുന്നതെന്ന് 2016 ഡിസംബർ1 ന്റെ 'പ്രോലിറ്റേറിയൻ ഇറ'യിൽ ഞങ്ങൾ വിശദമാക്കിയിരുന്നു. കള്ളപ്പണക്കാരെ ഇത് സ്പർശിക്കാൻ പോകുന്നില്ല. കാരണം, കള്ളപ്പണം മുതലാളിത്ത വ്യവസ്ഥയ്ക്കുള്ളിൽനിന്നാണ് ഉണ്ടാകുന്നത്. എവ്വിധവും പണമുണ്ടാക്കുക, ഉദ്യോഗസ്ഥ സംവിധാനത്തെ സ്വാധീനിച്ച് നികുതി വെട്ടിപ്പ് നടത്തുക തുടങ്ങിയ മാർഗങ്ങളിലൂടെയാണ് കള്ളപ്പണമുണ്ടാകുന്നത്. പണമുണ്ടാക്കാനായി ഏത് ഹീനമാർഗ്ഗവും അവലംബിക്കാം, എത്ര വേണമെങ്കിലും അധഃപതിക്കാം. ഈ മനോഭാവം മൂലമാണ് കള്ളപ്പണം തഴച്ചുവളരുന്നത്. അവിഹിതമായി സമ്പാദിക്കുന്നവന് ഇവിടെ അംഗീകാരവും സ്വാധീനവും നേടാൻ കഴിയുന്നു. മുതലാളിത്തം കള്ളപ്പണത്തിന് ജന്മം നൽകുക മാത്രമല്ല അത് തഴച്ചുവളരാൻ അവസരവും ഒരുക്കുന്നു. അപ്പോൾ എങ്ങനെയാണ് മുതലാളിത്തവ്യവസ്ഥയെ സേവിക്കുന്ന ഒരു ഗവണ്മെന്റിന് കള്ളപ്പണത്തിനെതിരെ കുരിശുയുദ്ധം നയിക്കാൻകഴിയുക?

അഴിമതിയെന്നത് കുറെ ബിസിനസുകാരുടെയും ഉദ്യോഗസ്ഥരുടെയും രാഷ്ട്രീയക്കാരുടെയുമൊക്കെ കുബുദ്ധിയുടെയും കുതന്ത്രത്തിന്റെയും സൃഷ്ടി എന്ന നിലയിലല്ല കാണേണ്ടത് എന്നതും പ്രധാനമാണ്. നിലനിൽക്കുന്ന ജീർണ്ണിച്ച മുതലാളിത്ത വ്യവസ്ഥയുമായി അത് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. മരണാസന്നമായ ഈ മുതലാളിത്ത സംവിധാനത്തിൽ അഴിമതി സ്ഥാപനവൽക്കരിക്കപ്പെട്ടിരിക്കുന്നു. അഴിമതിയിലൂടെ സമ്പാദിക്കുന്നവർ അഴിമതിയുടെ ചക്രവാളം വിപുലപ്പെടുത്തുകയാണ് ചെയ്യുന്നത്. അങ്ങനെ അഴിമതി സർവ്വവ്യാപിയായിത്തീരുന്നു. അഴിമതിനിറഞ്ഞ ഒരു വ്യവസ്ഥ അഴിമതിയെ ആശ്രയിച്ച് നിലനിൽക്കുന്നു എന്നതാണ് യാഥാർത്ഥ്യം. നോട്ട് നിരോധനംപോലുള്ള ചെപ്പടിവിദ്യകൾകൊണ്ടൊന്നും അത് നിർമ്മാർജ്ജനം ചെയ്യാനാവില്ല. ജനങ്ങളുടെ കണ്ണിൽ പൊടിയിടാനായി ചില ചെറുകിട അഴിമതിക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതുകൊണ്ടും കാര്യമൊന്നുമില്ല. കഴിഞ്ഞ കോൺഗ്രസ് സർക്കാരിനെപ്പോലെ, ഇപ്പോഴത്തെ ബിജെപി സർക്കാരിനെപ്പോലെ, അഴിമതിനിറഞ്ഞ ഈ വ്യവസ്ഥയെ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും അതിൽനിന്ന് നേട്ടമുണ്ടാക്കുകയും ചെയ്യുന്നവർ ജനങ്ങളെ കബളിപ്പിക്കുന്നതിനുവേണ്ടി നടത്തുന്ന തറവേലകൾ മാത്രമാണിതെല്ലാം. കള്ളപ്പണം കണ്ടുകെട്ടി രാജ്യത്തെ ഓരോ പൗരന്റെയും ബാങ്ക് അക്കൗണ്ടിൽ 15 ലക്ഷം രൂപവീതം നിക്ഷേപിക്കുമെന്നുവരെ പറഞ്ഞുകൊണ്ടാണ് ബിജെപി അധികാരത്തിൽ വന്നത്. ഇത് ഒരിക്കലും നടക്കാത്ത കാര്യമായിരുന്നു. ജനങ്ങൾ ഇതേക്കുറിച്ച് ചോദിക്കാൻ തുടങ്ങിയപ്പോൾ അവരെ കൈകാര്യംചെയ്യാൻ ഒരു ഉപായം ബിജെപി ഗവണ്മെന്റിന് ആവശ്യമായിരുന്നു, പ്രത്യേകിച്ചും ഉത്തർപ്രദേശ് അസംബ്ലി തെരഞ്ഞെടുപ്പ് ആസന്നമായിരുന്ന പശ്ചാത്തലത്തിൽ. അതുകൊണ്ട് പുതിയ കബളിപ്പിക്കൽ തന്ത്രങ്ങൾ പയറ്റുന്നു.

### പാഠങ്ങൾ

നോട്ട് നിരോധനത്തിന്റെ വൻപരാജയം ചില സത്യങ്ങൾ വെളിവാക്കുന്നുണ്ട്. ജീർണ്ണമായ മുതലാളിത്ത വ്യവസ്ഥയെ സേവിക്കുന്നവർ അഴിമതിയും കള്ളപ്പണവുമൊക്കെ തുടച്ചുനീക്കും എന്ന് കരുതുന്നത് മൗഢ്യമാണ് എന്നതാണ് ആദ്യം മനസ്സിലാക്കേണ്ടത്. മുതലാളിത്തത്തിന്റെ അപരിഹാര്യമായ പ്രതിസന്ധിയുടെ ഭാരം ജനങ്ങളുടെ ചുമലിലേയ്ക്ക് ഇറക്കിവയ്ക്കുക എന്നതുമാത്രമാണ് ബൂർഷ്വാ പാർട്ടികളുടെ പദ്ധതി. സാമ്പത്തിക-നികുതി പരിഷ്കാരങ്ങളെന്നും സാമ്പത്തിക കുറ്റവാളികൾക്കെതിരായ സർജിക്കൽ സ്ട്രൈക്കെന്നുമൊക്കെയുള്ള വിശേഷണങ്ങൾ ചാർത്തിക്കൊണ്ട് അവർ കൈക്കൊള്ളുന്ന നടപടികളുടെ പിന്നിലുള്ള ലക്ഷ്യം ഇതുമാത്രമാണ്. ഒരു വിപ്ലവത്തിലൂടെ മുതലാളിത്ത വ്യവസ്ഥ തൂത്തെറിയപ്പെടുന്നതുവരെ ഈ വ്യാധികളെല്ലാം തുടരുക തന്നെചെയ്യും. ചീഞ്ഞുനാറുന്ന ഈ വ്യവസ്ഥയിൽ നിലനിൽക്കാനും സാദ്ധ്യമാകുംവിധം അതിന് പ്രഹരമേൽപിക്കാനും സംഘടിതവും ശക്തവുമായ ബഹുജനമുന്നേറ്റങ്ങൾ വളർത്തിയെടുക്കുക മാത്രമേ പോംവഴിയുള്ളൂ. ജനജീവിതം തകർത്തെറിയുന്ന നയങ്ങൾക്കെതിരെ, നീറുന്ന ജീവിതപ്രശ്നങ്ങൾ മുൻനിർത്തി, ഇത്തരം മുന്നേറ്റങ്ങൾ വളർത്തിയെടുക്കേണ്ടത് അടിയന്തരാവശ്യകതയാണ്. അഴിമതിയുടെയും കള്ളപ്പണത്തിന്റെയുമൊക്കെ വ്യാപനം തടയാനും അതിന്റെ പ്രഹരത്തിൽനിന്ന് ജനങ്ങൾക്ക് ആശ്വാസം നൽകാനും അതിലൂടെ മാത്രമേ സാധിക്കൂ●




# പ്രതിഷേധ ജ്വാല അണയുന്നില്ല

**ഗൗ**രി ലങ്കേഷിന്റെ കൊലയാളികളെ ഉടൻ അറസ്റ്റ് ചെയ്യണം എന്നാവശ്യപ്പെട്ടുകൊണ്ട് അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയും ആൾ ഇന്ത്യാ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷനും സംയുക്തമായി സെക്രട്ടേറിയറ്റിനുമുന്നിൽ പ്രതിഷേധ സംഗമവും തെരുവ് നാടകവും സംഘടിപ്പിച്ചു. എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗം ഡോ.പി.എസ് ബാബു പ്രതിഷേധസംഗമം ഉദ്ഘാടനം ചെയ്തു. ഗൗരിലങ്കേഷിനെ പോലുള്ള പുരോഗമനകാരികളെ നിശബ്ദരാക്കിയാൽ അവർ ഉയർത്തിപ്പിടിച്ച ആശയവും ആദർശവും ഇല്ലാതാകില്ലെന്ന് അദ്ദേഹം പറഞ്ഞു.

എ.ഐ.എം.എസ്.എസ് സംസ്ഥാനപ്രസിഡന്റ് മിനി.കെ. ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ച സംഗമത്തിൽ സംസ്ഥാനസെക്രട്ടറി ഷൈല കെ.ജോൺ മുഖ്യപ്രസംഗം നടത്തി. എ.ഐ.ഡി.വൈ.ഒ സംസ്ഥാനസെക്രട്ടറി ഇ.വി പ്രകാശ്, എ.ഐ.എം.എസ്.എസ് സംസ്ഥാന വൈസ് പ്രസിഡന്റ് കെ.ജെ ഷീല, എ.ഐ.ഡി.വൈ.ഒ സംസ്ഥാന വൈസ് പ്രസിഡന്റ് പി.പി.പ്രശാന്ത് കുമാർ, എ.ഐ.ഡി.എസ്.ഒ സംസ്ഥാന ട്രഷറർ ആർ.അപർണ, എ.സബൂറ തുടങ്ങിയവർ പ്രസംഗിച്ചു. കെ.പി സാൽവിൻ സ്വാഗതവും സുജിത് കൃതജ്ഞതയും പറഞ്ഞു.

എ.ഐ.ഡി.വൈ.ഒ നാടകസംഘം വരൂ ഈ തെരുവിലെ രക്തം കാണൂ എന്ന നാടകം അവതരിപ്പിച്ചു. സി.ഹണി സംവിധാനം ചെയ്ത നാടകത്തിൽ എം. പ്രദീപൻ(സ്കൂൾ ഓഫ് ഡ്രാമ), റ്റി.ആർ.രാജിമോൾ, ആർ.അപർണ, റ്റി.ഷിജിൻ, അനീഷ് തകഴി, ആർ.മീനാക്ഷി എന്നിവർ അഭിനയിച്ചു.

ഗൗരി ലങ്കേഷിന്റെ അരുംകൊലക്കെതിരെ ചാവക്കാട് ബസ്സ്റ്റാന്റ് മൈതാനത്ത് പ്രതിഷേധ സംഗമം നടത്തു. ജനകീയ പ്രതിരോധ സമിതി ഗുരുവായൂർ മേഖലാക്കമ്മിറ്റി സംഘടിപ്പിച്ച സംഗമം ആർട്ടിസ്റ്റ് കെ.വി. ഗിരീശൻ ഉദ്ഘാടനം ചെയ്തു. സി.ആർ. ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. വി.കെ.ഷറഫുദീൻ, നൗഷാദ് തെക്കുംപുറം, എം. പ്രദീപൻ, വി.എം. ഹുസൈൻ, കെ.യു.കാർത്തികേയൻ, ലത്തീഫ് മമ്മിയൂർ, എ.എം. സുരേഷ്, സി.വി പ്രേംരാജ് എന്നിവർ പ്രസംഗിച്ചു●





**സെക്രട്ടേറിയറ്റിനു മുൻപിൽ നടന്ന പ്രതിഷേധ സംഗമത്തിൽ എ.ഐ.എം.എസ്.എസ് സംസ്ഥാന സെക്രട്ടറി സഖാവ് ഷൈല കെ.ജോൺ മുഖ്യ പ്രഭാഷണം നടത്തുന്നു. തെരുവുനാടകത്തിൽ നിന്ന് ഒരു ദൃശ്യം(വലത്ത്)**



**ചാവക്കാട് നടന്ന പ്രതിഷേധ സംഗമം**



**തിരുവല്ലയിൽ നടന്ന പ്രതിഷേധ യോഗം**

# വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായ വിദ്യാർത്ഥികളും രക്ഷിതാക്കളും പ്രക്ഷോഭത്തിൽ

**വി**ദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായ ബഹുഭൂരിപക്ഷം കുടുംബങ്ങളെയും അവഗണിക്കുന്ന വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിലെ ഉപാധികൾ പിൻവലിക്കുക, സ്ഥിരം തൊഴിലും മാന്യമായ വരുമാനവുമില്ലാത്തവരുടെ വായ്പാ ബാധ്യത സമ്പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുക, ജപ്തി–നിയമ നടപടികൾ അവസാനിപ്പിക്കുക, ബാങ്കുകൾ റിലയൻസിന് കൈമാറിയ അക്കൗണ്ടുകൾ സർക്കാർ നേരിട്ട് തീർപ്പാക്കുക എന്നീ ഡിമാന്റുകളുന്നയിച്ചുകൊണ്ട് ഐ.എൻ.പി.എയുടെയും ജപ്തിവിരുദ്ധ സമിതിയുടെയും ആഭിമുഖ്യത്തിൽ വിദ്യാർത്ഥികളും രക്ഷിതാക്കളും സെക്രട്ടേറിയറ്റിനു മുന്നിൽ 27 ന് പ്രതിഷേധ സംഗമം നടത്തി. എ.എൻ.പി.എ സംസ്ഥാന പ്രസിഡന്റ് ഡോ.ഡി.സുരേന്ദ്രനാഥ് സംഗമം ഉദ്ഘാടനം ചെയ്തു.

പഠനം നടത്തി സമൂഹത്തെ സേവിക്കുന്ന ജനവിഭാഗങ്ങൾക്ക് മാന്യമായ ശമ്പളം ഉറപ്പാക്കേണ്ടുന്നത് സർക്കാരുകളുടെ ഉത്തരവാദിത്തമാണ്. ഉപാധികളേതുമില്ലാതെ, വിദ്യാഭ്യാസ വായ്പമൂലം കടക്കെണിയിലകപ്പെട്ടിരിക്കുന്നവരുടെ മുഴുവൻ ബാധ്യതയും സർക്കാർ ഏറ്റെടുക്കണം, ഡോ.സുരേന്ദ്രനാഥ് ആവശ്യപ്പെട്ടു. തുടർന്ന് ആയിരക്കണക്കിന് വിദ്യാർത്ഥികളും രക്ഷിതാക്കളും തങ്ങളുടെ പരാതികളടങ്ങിയ നിവേദനം മുഖ്യമന്ത്രിക്ക് സമർപ്പിച്ചു.

ശ്രീമതി മിനി.കെ.ഫിലിപ്പ് മുഖ്യപ്രസംഗം നടത്തി. ജി.ആർ.സുഭാഷ് (തിരുവനന്തപുരം) ജോസഫ്.കെ.ജെ, എൻ.വിനോദ്കുമാർ (ഇടുക്കി), നന്ദനൻ വലിയപറമ്പിൽ (ആലപ്പുഴ), എസ്.രാഘവൻ, സി.എം.ജോയ് (കൊല്ലം) എൻ.ആർ.മോഹൻകുമാർ (എറണാകുളം) സി.കെ.ശിവദാസൻ (തൃശൂർ) ഇ.വി.പ്രകാശ് (കോട്ടയം) ഡി.ഹരികൃഷ്ണൻ, പി.കെ.ഭഗത് (വയനാട്) എസ്.രാധാമ്മണി (പത്തനംതിട്ട) കെ.സി.ചാക്കോ (കണ്ണൂർ) മേരി എബ്രഹാം, ഹരിഹരൻ ചെങ്ങോട്ട് (മലപ്പുറം)എന്നിവർ പ്രസംഗിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ എം.വി. ചെറിയാന്റെ അധ്യക്ഷതയിൽ ചേർന്ന സംഗമത്തിൽ സംസ്ഥാന സെക്രട്ടറി എസ്.മിനി സ്വാഗതവും കെ.ജെ.ഷീല കൃതജ്ഞതയും പറഞ്ഞു●



**ഐ.എൻ.പി.എയുടെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിനു മുൻപിൽ നടത്തിയ പ്രതിഷേധ സംഗമം**

## ഐ.എൻ.പി.എ തൃശ്ശൂർ ജില്ലാ പ്രവർത്തകയോഗം



**ഡോ.പി.എസ് ബാബു ജില്ലാ പ്രവർത്തക യോഗം ഉദ്ഘാടനം ചെയ്യുന്നു**

വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയിലെ നിർധനരെ ഒഴിവാക്കുന്ന ഉപാധികൾ പിൻവലിക്കണമെന്ന് സാഹിത്യ അക്കാദമി ചങ്ങമ്പുഴഹാളിൽ നടന്ന ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസ്സോസിയേഷൻ ജില്ലാ പ്രവർത്തകയോഗം ആവശ്യപ്പെട്ടു. ഐ.എൻ.പി.എ സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ.പി.എസ് ബാബു യോഗം ഉദ്ഘാടനം ചെയ്തു. ജില്ലാ വൈസ് പ്രസിഡന്റ് ടി.വാസുദേവൻ അദ്ധ്യക്ഷത വഹിച്ചു. കോ–ഓർഡിനേറ്റർ സി.കെ.ശിവദാസൻ വിഷയാവതരണം നടത്തി. എ.എം.സുരേഷ്, സി.ആർ.ഉണ്ണികൃഷ്ണൻ, പി.ഡി.പോൾ എന്നിവരും പ്രസംഗിച്ചു.

# ഭയാനകമായ ക്ഷാമം ആഫ്രോ–ഏഷ്യൻ രാഷ്ട്രങ്ങളെ ഗ്രസിക്കുന്നു

**സാമ്രാജ്യത്വം സൃഷ്ടിച്ചതും വർഷങ്ങളായി തുടരുന്നതുമായ യുദ്ധങ്ങൾ, ഭയാനകമായ ദാരിദ്ര്യം, കഠിനമായ വരൾച്ച എന്നിവ ആഫ്രിക്കയുടെയും പശ്ചിമേഷ്യയുടെയും വിശാലമായ പ്രദേശത്തെ രണ്ടു കോടിയിലധികം വരുന്ന ജനങ്ങളെ ക്ഷാമത്തിലേയ്ക്ക് തള്ളിവിട്ടിരിക്കുന്നു. നൈജീരിയയിലെ 20 ലക്ഷം പേരും സോമാലിയയിലെ 30 ലക്ഷം പേരും സുഡാനിലെ 50 ലക്ഷം പേരും യെമനിലെ 140 ലക്ഷം പേരും പട്ടിണി മരണത്തെ തുറിച്ചുനോക്കുന്നു. 14 ലക്ഷത്തിലേറെ കുട്ടികൾ കടുത്ത പോഷകാഹാരക്കുറവ് കാരണം ആസന്നമായ മരണത്തെ മുഖാമുഖം കാണുന്നു.**

'ചരിത്രത്തിന്റെ നിർണ്ണായകമായൊരു സന്ധിയിലാണ് നാം നിൽക്കുന്നത്. ഞാൻ കണ്ടതും കേട്ടതും അസ്വസ്ഥമാക്കുന്ന കാര്യങ്ങളാണ്. സ്ത്രീകളും കുട്ടികളും ആഹാരവും വെള്ളവും അന്വേഷിച്ച് ആഴ്ചകളായി നടക്കുന്നു. അവർക്ക് അവരുടെ കന്നുകാലികളെ നഷ്ടപ്പെട്ടു. ജലസ്രോതസ്സുകൾ വറ്റിവരണ്ടു. ജീവിതം നിലനിർത്താനായി ഒന്നും അവശേഷിച്ചില്ല. കൂട്ടായ, സംയോജിതമായ ആഗോള പരിശ്രമമില്ലെങ്കിൽ ഈ ജനങ്ങൾ തീർച്ചയായും പട്ടിണി കിടന്ന് മരിച്ചു പോകും.' ഐക്യരാഷ്ട്രസഭയുടെ ജീവകാരുണ്യ സംഘടനയുടെ തലവൻ സ്റ്റീഫൻ ഓബ്രിയൻ തന്റെ കൗൺസിൽ അംഗങ്ങളോടാണ് ഇപ്രകാരം പറഞ്ഞത്.

അസ്ഥി മാത്രമായ മനുഷ്യജീവനുകൾ ഭക്ഷണത്തിന് വേണ്ടി നിലവിളിക്കുന്ന കഠോരമായ ചിത്രങ്ങൾ, നമ്മൾ ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ജെറ്റ്–ഡിജിറ്റൽ യുഗത്തിലാണോ ജീവിക്കുന്നതെന്ന് സംശയം ജനിപ്പിക്കുന്നവയാണ്. മദ്ധ്യകാലത്തെ കിരാതത്വത്തിൽ പോലും ഇവ്വിധത്തിൽ മനുഷ്യൻ പട്ടിണികിടന്ന് മരിച്ചിട്ടുണ്ടാവില്ല. പക്ഷെ, എന്തുകൊണ്ടാണീ മരണഘോഷയാത്ര? പ്രകൃതി വിഭവങ്ങളുടെ കുറവു കൊണ്ടോ പ്രകൃതി ദുരന്തങ്ങളാലോ ആണോ ഇത്? വസ്തുതകൾ നേർ വിപരീതമാണ്. യുഎസ് സാമ്രാജ്യത്വം നേതൃത്വം കൊടുക്കുന്ന അധികാരാർത്തിപൂണ്ട സാമ്രാജ്യത്വ ശക്തികൾ ബോധപൂർവ്വം സൃഷ്ടിച്ചെടുത്തതാണ് ഈ മാരകമായ സാഹചര്യം. ഒരോരോ രാജ്യങ്ങളായി നമുക്ക് പരിശോധിക്കാം.

### യെമൻ

അറബ് ലോകത്തെ ഏറ്റവും ദരിദ്രമായ യെമനിലെ സാഹചര്യം അതിദാരുണവും അപകടകരവുമായ അവസ്ഥയിലാണ്. അവിടെ നടക്കുന്നതെന്തെന്ന് പുറം ലോകമറിയുന്നില്ല. ലോകത്തിലെ ഏറ്റവും ദാരുണമായ ജീവകാരുണ്യ പ്രതിസന്ധിയാണ് യെമൻ നേരിടുന്നത്. ജനസംഖ്യയിൽ മൂന്നിൽ രണ്ട് ഭാഗം അഥവാ 190 ലക്ഷം ജനങ്ങൾക്ക് അടിയന്തര സഹായം ആവശ്യമായി വന്നിരിക്കുന്നു. പാശ്ചാത്യ സാമ്രാജ്യത്വ ശക്തികൾ ദീർഘകാലമായി യെമനെ നോട്ടമിട്ടിരിക്കുകയായിരുന്നു. 20–ാം നൂറ്റാണ്ടിന്റെ നല്ലൊരു പങ്കും യെമൻ രണ്ടു രാജ്യങ്ങളായാണ് നിലനിന്നത്.

വടക്ക് യെമൻ അറബ് റിപ്പബ്ലിക്കും തെക്ക് പീപ്പിൾസ് ഡെമോക്രാറ്റിക്ക് റിപ്പബ്ലിക്ക് ഫോർ യമനും. 1967 വരെയും ആദൻ എന്ന് വിളിക്കപ്പെട്ടിരുന്ന ദക്ഷിണ യമൻ ഒരു ബ്രിട്ടീഷ് കോളനിയായിരുന്നു എന്നത് അവിശ്വസനീയം തന്നെ. സ്വാതന്ത്ര്യാനന്തരം ഇവിടെ നിലവിൽ വന്ന ഇടതുപക്ഷ ഗവണ്മെന്റ് സ്ത്രീകൾക്ക് വിദ്യാഭ്യാസാവകാശം ഏർപ്പെടുത്തിയതുൾപ്പെടെ പല പരിഷ്ക്കാരങ്ങളും നടപ്പിലാക്കി. സോവിയറ്റ് യൂണിയന്റെ പതനത്തെത്തുടർന്ന് ദക്ഷിണ യെമൻ ഉത്തര യെമനോട് കൂടിച്ചേരാൻ നിർബ്ബന്ധിതമായി. സൗദി അറേബ്യയുടെ സ്വാധീനത്തിലുള്ളതും അമേരിക്കൻ പിന്തുണയുള്ള ക്രൂരനായ സ്വേച്ഛാധിപതി അലി അബ്ദുള്ള സാലെയുടെ നേതൃത്വത്തിലുള്ളതുമായ ഒരു വലതുപക്ഷ രാഷ്ട്രമായിരുന്നു അത്. അങ്ങനെ റിപ്പബ്ലിക് ഓഫ് യമൻ നിലവിൽ വന്നു. ലോകത്തെ ഒട്ടുമിക്ക എണ്ണക്കപ്പലുകളും സഞ്ചരിച്ചിരിക്കുന്ന ആദൻ കടലിടുക്കും ചെങ്കടലും തമ്മിൽ ബന്ധിപ്പിക്കുന്ന ഇടുങ്ങിയ ജലപാതയുടെ തീരത്ത് സ്ഥിതി ചെയ്യുന്നു എന്നതിനാൽ യെമന് വലിയ തന്ത്രപ്രാധാന്യമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ അമേരിക്കൻ പിന്തുണയുള്ള സൗദി ഭരണകൂടം യെമന്റെ മേലുള്ള നിയന്ത്രണം നിലനിർത്താൻ എപ്പോഴും പരിശ്രമിക്കുന്നു.

'അറബ് വസന്ത'കാലത്ത്, 2011 ൽ സാലെ പുറത്താക്കപ്പെടുകയും ആബെദ് റബ്ബോ മൻസൂർ ഹാദി പ്രസിഡന്റാകുകയും ചെയ്തു. എന്നാൽ ഹാദിയും അമേരിക്കൻ ആജ്ഞാനുസരണം ഭരിക്കുകയും പെന്റഗണിന്റെ സൈനിക സന്നാഹങ്ങൾക്കും അട്ടിമറി പ്രവർത്തനങ്ങൾക്കുമൊക്കെയുള്ള താവളമായി യെമൻ തുടരുകയും ചെയ്തു. ഇതിൽ അസംതൃപ്തരായ യെമൻ ജനത പ്രതിഷേധിക്കാൻ തുടങ്ങി. ഈ അസംതൃപ്തി ഉപയോഗപ്പെടുത്തിയ ഹൗതി റിബലുകൾ സൗദി വിരുദ്ധ നിലപാടെടുക്കുകയും ഹാദിയുടെ മന്ത്രിസഭ രാജിവയ്ക്കണമെന്ന ആവശ്യമുന്നയിച്ച് പ്രക്ഷോഭമാരംഭിക്കുകയും ചെയ്തു. ഇവർ അധികാരം പിടിച്ചാൽ ജലപാതയിലൂടെയുള്ള എണ്ണ കടത്തിനെ ബാധിക്കുമെന്ന് ഭയന്ന സൗദി അറേബ്യയുടെയും സഖ്യരാജ്യങ്ങളുടെയും അനുമതിയോടെ, ഹൗതി റിബലുകളെ നിർവ്വീര്യമാക്കാനായി അമേരിക്ക യെമന്റെ മേൽ ബോംബുകൾ വർഷിക്കാനാരംഭിച്ചു. എന്നാൽ ഈ സൈനിക നടപടി പ്രതികൂല സാഹചര്യമാണ് സൃഷ്ടിച്ചത്.

ഭൂരിഭാഗം യെമനികളും ഇതിനെ കടന്നാക്രമണമായി കണ്ട് ഹൗതികളോടൊപ്പം അണിനിരന്നു. പ്രാദേശിക ശക്തികളുടെ ആക്രമണോത്സുക നീക്കങ്ങൾക്ക് ഊർജ്ജം പകർന്ന അമേരിക്ക സ്വന്തം രാജ്യത്തെ അതിസമ്പന്നരുടെ സാമ്പത്തികവും തന്ത്രപ്രധാനവുമായ താൽപ്പര്യങ്ങൾ വിപുലപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ ആ മേഖലയിൽ സൈനിക വിന്യാസം ശക്തിപ്പെടുത്തി. ഇപ്പോൾ അമേരിക്ക നേരിട്ട് യെമനുമേൽ ബോംബാക്രമണം നടത്തുന്നു. സായുധ ഇടപെടലിലൂടെ സ്വാധീനമുറപ്പിക്കാൻ സാമ്രാജ്യത്വ വമ്പന്മാരുടെ ഫണ്ടുകൊണ്ട് പ്രവർത്തിക്കുന്നു എന്ന ആരോപണം നേരിടുന്ന ഭീകര സംഘടനയായ അൽ ഖ്വൊയ്ദയും ശ്രമം നടത്തുകയാണ്. അമേരിക്കയും സൗദി അറേബ്യയും പുറമേനിന്നും, സായുധ സംഘങ്ങൾ ആഭ്യന്തര രംഗത്തും നടത്തുന്ന ആക്രമണങ്ങൾകൊണ്ട് യെമൻ തകർന്നിരിക്കുകയാണ്.

ഈ മേഖലയിൽ രാഷ്ട്രീയവും സാമ്പത്തികവും സൈനികവുമായ സ്വാധീനമുറപ്പിക്കുക എന്ന ലക്ഷ്യത്തോടെ അമേരിക്ക–സൗദി അറേബ്യ–ഇസ്രായേൽ അച്ചുതണ്ട് നടത്തുന്ന നീക്കങ്ങളുടെ ഭാഗമാണ് ഇപ്പോൾ നടത്തുന്ന ഈ ആക്രമണം. ഹൗതി റിബലുകൾക്ക് സഹായം നൽകുന്ന ഇറാനടക്കമുള്ള അമേരിക്കൻ വിരുദ്ധ ശക്തികളെ തകർക്കുകയെന്നതാണ്, സിറിയയ്ക്കുമേൽ അമേരിക്കയും നാറ്റോ ശക്തികളും ചേർന്ന് നടത്തിയ ആക്രമണത്തിന് സമാനമായി ഇപ്പോൾ യെമനുമേൽ നടത്തുന്ന യുദ്ധത്തിന്റെയും ഉന്നം. സൗദി അറേബ്യ നടത്തുന്ന കൂട്ടക്കൊലകൾക്ക് അമേരിക്ക പിന്തുണ നൽകുന്നതിൽ രോഷാകുലരാണ് യെമനികളിൽ ഭൂരിപക്ഷവും. സൗദി അറേബ്യ നടത്തുന്ന ആക്രമണത്തിലൂടെ ദിനം പ്രതി ശരാശരി 13 യമനികൾ മരിക്കുന്നുണ്ടെന്ന് ഐക്യരാഷ്ട്ര സഭയുടെ മനുഷ്യാവകാശ സംഘടനയുടെ ഹൈക്കമ്മീഷണർ പറയുകയുണ്ടായി. 28 ലക്ഷം യെമനികൾ ഇതിനകം കിടപ്പാടം പോലും ഉപേക്ഷിച്ച് പലായനം ചെയ്തു കഴിഞ്ഞു. ഏറെക്കാലമായി രൂക്ഷമായ ജലക്ഷാമം നേരിടുന്ന രാജ്യമാണ് യെമൻ. ഇതിന് പരിഹാരം കാണാനോ ഭക്ഷ്യപ്രശ്നത്തിന് പരിഹാരമുണ്ടാക്കും വിധം വിഭവങ്ങൾ കണ്ടെത്താനോ ഒരു ഗവണ്മെന്റും ശ്രമം നടത്തിയിട്ടില്ല.

രണ്ടുകോടി 40 ലക്ഷം വരുന്ന ജനസംഖ്യയിൽ 82 ശതമാനം പേരും പലതരത്തിലുള്ള സഹായങ്ങൾ ആവശ്യമുള്ളവരാണ്. 60 ശതമാനം പേർ ഭക്ഷ്യക്ഷാമം നേരിടുന്നവരാണ്. 70 ലക്ഷം പേർ പട്ടിണിയിലാണ്. കഴിഞ്ഞ ജനുവരിക്കു ശേഷം ഇക്കാര്യത്തിൽ 30 ലക്ഷത്തിന്റെ വർദ്ധനയാണുണ്ടായിരിക്കുന്നത്. കോളറ പോലുള്ള പകർച്ചവ്യാധികൾ കൂടി പൊട്ടിപ്പുറപ്പെട്ടതോടെ ജനങ്ങൾ പറഞ്ഞറിയിക്കാനാവാത്ത വിധം ദുരിതത്തിലാണ്.

### സോമാലിയ

യുറേനിയം, ഇരുമ്പ്, ടിൻ, ജിപ്സം, ബോക്സൈറ്റ്, ചെമ്പ്, ഉപ്പ്, പ്രകൃതിവാതകം എന്നീ പ്രകൃതിവിഭവങ്ങൾ കൊണ്ട് സമ്പന്നമാണ് സോമാലിയ എന്ന കിഴക്കൻ ആഫ്രിക്കൻ രാഷ്ട്രം. ഇനിയും പ്രയോജനപ്പെടുത്തിയിട്ടില്ലാത്ത രണ്ട് നദികളുണ്ടവിടെ. 80 ലക്ഷം ഹെക്ടർ ഫലഭൂയിഷ്ഠമായ ഭൂമിയുണ്ട്. സമുദ്രോൽപ്പന്നങ്ങൾ കൊണ്ട് സമ്പുഷ്ടമായ, 3000 കിലോമീറ്റർ വരുന്ന, ആഫ്രിക്കയിലെ ഏറ്റവും ദൈർഘ്യമേറിയ കടൽത്തീരവും സോമാലിയയുടേതാണ്. സൗദി അറേബ്യ, യെമൻ തുടങ്ങി എണ്ണ കൊണ്ട് സമ്പന്നമായ അറബ് രാജ്യങ്ങളുടെ സമീപത്ത് സ്ഥിതിചെയ്യുന്ന സോമാലിയയ്ക്കും നല്ല എണ്ണ നിക്ഷേപമുണ്ട്. ഗുണനിലവാരം കുറഞ്ഞ വൈരക്കല്ലുകളും ഇവിടെ ലഭ്യമാണ്.

വിപുലമായ വനസമ്പത്തും സോമാലിയയ്ക്കുണ്ട്. സ്വാഭാവികമായും ബ്രിട്ടൻ, ഫ്രാൻസ്, ഇറ്റലി തുടങ്ങിയ പാശ്ചാത്യശക്തികളുടെ ലക്ഷ്യസ്ഥാനമായി സോമാലിയ മാറി. സോമാലി ലാന്റ് എന്ന പേരിൽ ബ്രിട്ടണും സൊമാലിയ ഇറ്റാലിയാന എന്ന പേരിൽ ഇറ്റലിയും സൊമാലി

> **അമേരിക്കയും സൗദി അറേബ്യയും പുറമേനിന്നും, സായുധ സംഘങ്ങൾ ആഭ്യന്തര രംഗത്തും നടത്തുന്ന ആക്രമണങ്ങൾകൊണ്ട് യെമൻ തകർന്നിരിക്കുകയാണ്. ഈ മേഖലയിൽ രാഷ്ട്രീയവും സാമ്പത്തികവും സൈനികവുമായ സ്വാധീനമുറപ്പിക്കുക എന്ന ലക്ഷ്യത്തോടെ അമേരിക്ക–സൗദി അറേബ്യ–ഇസ്രായേൽ അച്ചുതണ്ട് നടത്തുന്ന നീക്കങ്ങളുടെ ഭാഗമാണ് ഇപ്പോൾ നടത്തുന്ന ഈ ആക്രമണം.**

യയുടെ പ്രദേശങ്ങൾ കോളനിയാക്കി വച്ചു. സൂയസ് കനാൽ പ്രദേശം സുരക്ഷിതമാക്കാനും വിഭവങ്ങൾ കൊള്ളയടിക്കാനുമായി സൊമാലിയൻ തീരം കൈയടക്കാൻ ബ്രിട്ടൺ ആഗ്രഹിച്ചു. സൊമാലിയൻ തീരത്തിന്റെ കുറഭാഗം ഫ്രാൻസും കോളനിയാക്കി. 1960 ജൂണിൽ ബ്രിട്ടന്റെയും ജൂലൈയിൽ ഇറ്റലിയുടെയും കോളനി പ്രദേശങ്ങൾ സ്വതന്ത്രമായി. എന്നാൽ ഇത് കടലാസിൽ ഒതുങ്ങി.

രണ്ടാം ലോകയുദ്ധാനന്തരം അമേരിക്കൻ സാമ്രാജ്യത്വം കൂടുതൽ കരുത്തരായി ഉയർന്നു വരികയും യൂറോപ്യൻ സാമ്രാജ്യത്വ ശക്തികൾ ദുർബലരാകുകയും പണവും അക്രമവും ഉപയോഗിച്ച് അമേരിക്കൻ സാമ്രാജ്യത്വം കടന്നുകയറ്റം നടത്തുകയും ചെയ്തതോടെ സൊമാലിയ പുത്തൻ കൊളോണിയൽ ചൂഷണത്തിന് തുടർന്നും ഇരയായി തീർന്നു. മറ്റ് ആഫ്രിക്കൻ രാജ്യങ്ങളിലേപ്പോലെതന്നെ സൊമാലിയൻ ജനതയും നിർദയമായ ചൂഷണത്തിന് ഇരയായി. അജ്ഞതയിൽ തളച്ചിട്ട് വിദ്യാഭ്യാസവും ചികിത്സയും നിഷേധിച്ച് കൊളോണിയൽ ഭരണാധികാരികളുടെ കാരുണ്യത്തിൽ കഴിഞ്ഞു കൂടുന്ന തരത്തിൽ അവരെ അടിമകളാക്കി മാറ്റിയിരുന്നു. അധികാരത്തിലും സുഖസൗകര്യങ്ങളിലും ഭ്രമിച്ച തദ്ദേശീയരെ കണ്ടെത്തി കൊളോണിയൽ ശക്തികൾ അവരെ ആജ്ഞാനുവർത്തികളായ ഭരണാധികാരികളാക്കി. പുത്തൻ കൊളോണിയൽ ഭരണകാലത്തും സാഹചര്യത്തിൽ മാറ്റമൊന്നുമുണ്ടായില്ല.

2001 മുതൽ അമേരിക്ക ഒളിഞ്ഞും തെളിഞ്ഞുമുള്ള ആക്രമണങ്ങളും നടത്തി. അധികാരത്തിനായി പോരാടിയിരുന്ന ജിഹാദി ഗ്രൂപ്പായ അൽ സബാബ് തീവ്രവാദികളെ പിടികൂടാൻ അവർ ബോംബാക്രമണം നടത്തി. കുപ്രസിദ്ധനായ അമേരിക്കൻ പ്രസിഡന്റ് ജോർജ്ജ് ഡബ്ല്യു. ബുഷ് 'പരാജിത രാഷ്ട്രം' എന്ന വിളിപ്പേര് സോമാലിയയുടെ മേൽ ചാർത്തി. ഭീകരവാദവുമായി ബന്ധമുള്ള രാജ്യങ്ങളുടെ പട്ടികയിൽ സോമാലിയയെ അവർ ഉൾപ്പെടുത്തി. സോമാലിയയുമായി ബന്ധം പുലർത്തുന്നവർക്കുമേൽ ഉപരോധങ്ങൾ അടിച്ചേൽപ്പിച്ചു. സംഘർഷങ്ങളും ഭീകരവാദവും കൊള്ളയും ആഭ്യന്തരയുദ്ധങ്ങളും കൊണ്ട് സോമാലിയ ശിഥിലമായിരുന്നു എന്നത് ശരി തന്നെ. അതുകൊണ്ടു തന്നെ അഭയാർത്ഥിപ്രവാഹങ്ങളും പതിവായിരുന്നു. നിരന്തരം തുടർന്ന വിദേശ ഇടപെടലുകളും സ്വാധീന മേഖലകൾ വകഞ്ഞെടുക്കാനായുള്ള വിഭജനങ്ങളും വിദേശികളുടെ അധീനതയിലുള്ള താവളങ്ങളുടെ വകഞ്ഞെടുക്കലുമൊക്കെയാണ് ഈ ദുസ്ഥിതിക്ക് കാരണം എന്ന് മാത്രം. ഏറ്റവുമൊടുവിൽ അത് നിർവ്വഹിച്ചത് അമേരിക്കൻ സാമ്രാജ്യത്വമാണ്. അമേരിക്കൻ സാമ്രാജ്യത്വം കോടിക്കണക്കിന് ഡോളറാണ് ഓരോ വർഷവും അവർ സ്ഥാപിച്ച സർക്കാരിന് നൽകിക്കൊണ്ടിരിക്കുന്നത്.

റിബൽ ഗ്രൂപ്പുകൾ അധികാരം പിടിച്ചെടുക്കുന്നതിൽ നിന്ന് സംരക്ഷിക്കാനെന്ന പേരിൽ ബറുണ്ടിയിലേയും ഉഗാണ്ടയിലേയും അമേരിക്കൻ അനുകൂല ഗവണ്മെന്റുകളുടെ 8000 പട്ടാളക്കാരാണ് സോമാലിയയുടെ നിയന്ത്രണം ഇപ്പോൾ ഏറ്റെടുത്തിരിക്കുന്നത്. ആഫ്രിക്കൻ യൂണിയൻ മിഷന്റെ സോമാലിയയിലുള്ള 22000 പട്ടാളക്കാർക്ക് പണവും പരിശീലനവും നൽകുന്നതും അവരെ നിയന്ത്രിക്കുന്നതും പെന്റഗണും സിഐഎയുമാണ്. എത്യോപ്യയുടെ മെലിസ് സെനാവി ഗവണ്മെന്റിന് അമേരിക്ക സൈനിക സഹായം നൽകുന്നുണ്ട്. സോമാലിയയിൽ നിയന്ത്രണം കൈയടക്കാൻ ഇവരെയും ഉപയോഗപ്പെടുത്തി. സോമാലിയ അടക്കിഭരിക്കാൻ അതിന്റെ വമ്പൻ സൈനിക ശക്തി ഉപയോഗിക്കുമ്പോൾ 3 ലക്ഷം കുട്ടികളാണ് വരൾച്ചമൂലം പട്ടിണിയിലായിരിക്കുന്നത്. അവിടെയുള്ള ലക്ഷക്കണക്കിന് ഇടയന്മാരുടെ പ്രധാന വരുമാന മാർഗ്ഗം അടച്ചുകൊണ്ട് വരൾച്ച അനേകം മൃഗങ്ങളുടെ മരണത്തിന് ഇടയായിരിക്കുന്നു. 2011 ൽ പടർന്നു പിടിച്ച പട്ടിണിയെത്തുടർന്ന് 2,60,000 പേർ മരിച്ചു. അതിനേക്കാൾ ഭീകരമായ ഒരു അവസ്ഥയിലേയ്ക്കാണ് യുദ്ധവും വരൾച്ചയും തകർന്ന സമ്പദ്ഘടനയുമെല്ലാം ചേർന്ന് സോമാലിയയെ കൊണ്ടെത്തിച്ചിരിക്കുന്നത്.

താമസിയാതെ തന്നെ അനേകായിരങ്ങൾ ചത്തൊടുങ്ങുമെന്നുള്ളതുകൊണ്ട് ഒരുപാടുപേരെ ഒരുമിച്ച് മറവു ചെയ്യാൻ കഴിയുംവിധമുള്ള വമ്പൻ ശവക്കുഴികൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്ന് തദ്ദേശീയരായ ചില ഉദ്യോഗസ്ഥർ പറയുന്നു. നിരന്തരം നടന്ന സംഘർഷങ്ങൾ, അവയിൽ ഒട്ടുമിക്കതും അ

(ശേഷം 11–ാം പേജിൽ)

(10-ാം പേജിൽ നിന്ന്)

മേരിക്കൻ സാമ്രാജ്യത്വവും കൂട്ടാളികളും പടച്ചുവിട്ടത്, ഇല്ലായിരുന്നെങ്കിൽ സോമാലിയക്കാർക്ക് ജീവിതനിലവാരമുയർത്താൻ പോന്ന ഭക്ഷണവും മറ്റ് വിഭവങ്ങളും മതിയായ അളവിൽ ലഭിക്കുമായിരുന്നു.

### ദക്ഷിണ സുഡാൻ

നിരവധി വംശീയ വിഭാഗങ്ങൾ സൗഹാർദ്ദത്തോടെയും പൊതുവായ സാംസ്കാരികവും മതപരവുമായ സവിശേഷതകൾ പങ്കുവച്ചും നൂറ്റാണ്ടുകളായി ജീവിക്കുന്ന രാജ്യമാണ് സുഡാൻ. വിഭവ സമൃദ്ധമായ മറ്റ് ആഫ്രിക്കൻ രാജ്യങ്ങളെപ്പോലെ സുഡാനും ബ്രിട്ടീഷ് വാഴ്ചയ്ക്ക് കീഴിലായി. ദീർഘകാലത്തെ കൊളോണിയൽ ഭരണം സുഡാനെ അവികസിതവും ദരിദ്രവുമാക്കി തീർത്തു. വിഭവങ്ങളേറെയുണ്ടായിട്ടും ആ രാജ്യം പട്ടിണിയുടെയും വരൾച്ചയുടെയും ഭക്ഷ്യക്ഷാമത്തിന്റെയും പോഷകാംശക്കുറവിന്റെയുമൊക്കെ പിടിയിലമർന്നതോടെ ബ്രിട്ടീഷ് ഭരണത്തിനെതിരെ ജനങ്ങളിൽ അസംതൃപ്തി വളർന്നു.

ഈ സാഹചര്യത്തെ നേരിടാനായി ബ്രിട്ടീഷ് സാമ്രാജ്യത്വം അവരുടെ പഴയ വിഭജിച്ച് ഭരിക്കൽ തന്ത്രം പ്രയോഗിച്ചു. വിവിധ വംശീയ വിഭാഗങ്ങളെ തമ്മിലടിപ്പിച്ചുകൊണ്ട് ജനരോഷം തങ്ങൾക്കെതിരെ തിരിയാതിരിക്കാനും കൊളോണിയൽ ഭരണത്തിന് കോട്ടം തട്ടാതിരിക്കാനും അവർ ശ്രദ്ധിച്ചു. ഹീനമായ സാമ്രാജ്യത്വ കരുനീക്കങ്ങളുടെ വിളനിലമായി മാറിയ ദക്ഷിണ സുഡാനും അവിടത്തെ ഭൂരിപക്ഷം വരുന്ന ആദിവാസി വിഭാഗങ്ങളും ഇതോടെ ശിഥിലമായി. 1956ൽ സ്വാതന്ത്ര്യം നേടിയെങ്കിലും സംഘർഷങ്ങളും ആഭ്യന്തര കലാപങ്ങളും സുഡാനെ പിന്തുടർന്നു. ആദ്യ കലാപം 1972 വരെയും രണ്ടാമത്തേത് 1983 മുതൽ 2005 വരെയും തുടർന്നു. ഇവയൊക്കെ സാമ്രാജ്യത്വ കുത്തിത്തിരുപ്പുകളുടെ ഫലമായിരുന്നു.

എന്നാൽ സൗദി അറേബ്യയേക്കാൾ എണ്ണ നിക്ഷേപമുള്ള രാജ്യമാണ് സുഡാൻ എന്ന് തിരിച്ചറിഞ്ഞതോടെ ഈ രാജ്യം അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ലക്ഷ്യസ്ഥാനമായി മാറി. സ്വതന്ത്ര സുഡാന്റെ പ്രസിഡന്റ് ഒമർ ഹസൻ അൽ ബാഷിർ തങ്ങളുടെ ആജ്ഞകൾ അനുസരിക്കുന്നില്ലെന്ന് കണ്ട അമേരിക്കൻ സാമ്രാജ്യത്വം അദ്ദേഹത്തിന്റെ മേൽ മനുഷ്യാവകാശ ലംഘനങ്ങളുടെ കുറ്റം ചാർത്തി. പശ്ചിമ സുഡാനിലെ ദർഫറിൽ കൂട്ടക്കൊല നടത്തിയെന്നാരോപിച്ച് അമേരിക്ക അന്താരാഷ്ട്ര കോടതിയെ സമീപിച്ചു. സാമ്രാജ്യത്വ ചേരിയുടെ ദാസ്യത്തിലുള്ള കോടതി അദ്ദേഹത്തിന് മേൽ യുദ്ധക്കുറ്റം ചുമത്തി.

സദ്ദാം ഹുസൈൻ കൂട്ട സംഹാര യുദ്ധങ്ങൾ കൈവശം വച്ചിരിക്കുന്നു എന്നാരോപിച്ചുകൊണ്ട് പരമാധികാര രാജ്യമായ ഇറാഖിന്റെ മേൽ നടത്തിയ ആക്രമണത്തിന്റെ ആവർത്തനമാണ് ഇവിടെ കണ്ടത്. ഒടുവിൽ അമേരിക്കൻ ഉപചാപം വിജയം കാണുകയും ദക്ഷിണ സുഡാൻ, റിപ്പബ്ലിക്ക് ഓഫ് സുഡാനിൽ നിന്ന് 2011 ജൂലൈ 9 ന് വേർപെടുത്തപ്പെടുകയും ചെയ്തു. ഇതോടൊപ്പം പറഞ്ഞറിയിക്കാനാകാത്ത വണ്ണം ദക്ഷിണ സുഡാന്റെ ദുരിതങ്ങൾ പെരുകുകയും ഭക്ഷ്യസുരക്ഷ അപായകരമാംവിധം തകരുകയും ചെയ്തു. മനുഷ്യസൃഷ്ടിയായിരുന്നു ഈ ക്ഷാമം എന്ന് പറയേണ്ടതില്ലല്ലോ. വേൾഡ് ഫുഡ് പ്രോഗ്രാം കൺട്രി ഡയറക്ടർ പോലും ഇത് സമ്മതിക്കുന്നുണ്ട്. ഇവിടെ ഭൂരിപക്ഷം പേരും കൃഷിക്കാരാണ്.

നിരന്തരമായ യുദ്ധങ്ങളും വംശീയ കലാപങ്ങളും കാർഷിക മേഖലയെ തകർത്തു കളഞ്ഞു. കൃഷിക്കാർക്ക് കാർഷികോപകരണങ്ങളും കന്നുകാലികളുമെല്ലാം നഷ്ടപ്പെട്ടു. കണ്ണിൽക്കണ്ട ചെടികളും കയ്യിൽ കിട്ടിയ മത്സ്യവുമൊക്കെ ആഹാരമാക്കി അവർ മാസങ്ങളോളം തള്ളിവിട്ടു. 2016 ജൂണിൽ കോളറ പടർന്നു പിടിച്ചു. പോഷകാഹാരക്കുറവുള്ള കുട്ടികളുടെ എണ്ണം പത്തു ലക്ഷമായി കണക്കാക്കപ്പെട്ടു. ഇതിൽ 2,70,000 പേർ ഏതുനിമിഷവും മരിക്കാവുന്ന അവസ്ഥയിലായിരുന്നു. ഇപ്പോൾ ഈ ഗ്രാമം ക്ഷാമത്തിന്റെ പിടിയിലാണെന്ന് ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. അതായത് പട്ടിണി കൊണ്ട് ആളുകൾ മരിച്ചുവീഴുന്ന സ്ഥിതിയിലെത്തിയിരിക്കുന്നു എന്ന് ചുരുക്കം.

> **എന്നാൽ സൗദി അറേബ്യയേക്കാൾ എണ്ണ നിക്ഷേപമുള്ള രാജ്യമാണ് സുഡാൻ എന്ന് തിരിച്ചറിഞ്ഞതോടെ ഈ രാജ്യം അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ലക്ഷ്യസ്ഥാനമായി മാറി. സ്വതന്ത്ര സുഡാന്റെ പ്രസിഡന്റ് ഒമർ ഹസൻ അൽ ബാഷിർ തങ്ങളുടെ ആജ്ഞകൾ അനുസരിക്കുന്നില്ലെന്ന് കണ്ട അമേരിക്കൻ സാമ്രാജ്യത്വം അദ്ദേഹത്തിന്റെ മേൽ മനുഷ്യാവകാശ ലംഘനങ്ങളുടെ കുറ്റം ചാർത്തി.**

### വടക്കു കിഴക്കൻ നൈജീരിയ

ലോകത്ത് എണ്ണ കയറ്റുമതിയിൽ ആറാം സ്ഥാനമുള്ള രാജ്യമാണ് നൈജീരിയ. ആഫ്രിക്കൻ രാജ്യങ്ങളിൽ ഏറ്റവും ഉയർന്ന ജിഡിപി നിരക്കുള്ള നൈജീരിയ അതിവേഗം ദക്ഷിണാഫ്രിക്കയോട് ഒപ്പമെത്തുകയാണ്. എന്നാൽ എണ്ണ സമ്പന്നമായ രാജ്യങ്ങളിൽ ഏറ്റവും ദരിദ്രവും ഈ രാജ്യം തന്നെ. നൈജർ മേഖലയിലെ യുറേനിയം ഖനികൾ ഫ്രാൻസിന്റെ നിയന്ത്രണത്തിലാണ്. വിക്ടോറിയൻ കാലഘട്ടം മുതൽ ഇന്നോളം ഈ മേഖലയിൽ നടന്നിട്ടുള്ള എണ്ണയുടെ പേരിലുണ്ടായിട്ടുള്ള യുദ്ധങ്ങളിൽ ബ്രിട്ടന്റെ കരങ്ങൾ കണ്ടെത്താനാകും. അമേരിക്കയുടെ വളരെ പ്രധാനപ്പെട്ട സാമ്പത്തിക–രാഷ്ട്രീയ പങ്കാളിയാണ് നൈജീരിയ. 550 കോടി ഡോളർ വരുന്ന അമേരിക്കൻ നിർമ്മിത ഉൽപ്പന്നങ്ങൾ അവർ വർഷം തോറും ഇറക്കുമതിചെയ്യുന്നുണ്ട്.

ബജറ്റിന്റെ 22 ശതമാനം സൈനിക ആവശ്യങ്ങൾക്ക് നീക്കി വയ്ക്കുന്ന നൈജീരിയയ്ക്ക് അമേരിക്ക, ഇസ്രായേൽ, ബ്രിട്ടൺ, ഫ്രാൻസ് എന്നിവരുമായൊക്കെ ആയുധ ഇടപാടുകൾ ഉണ്ട്. ആഫ്രിക്കയിലെ ഏറ്റവും വലിയ സിനിമാ വ്യവസായവും ഇവിടെ തന്നെ. ഭൂഖണ്ഡത്തിലാകെ സാമൂഹികവും സാംസ്കാരികവുമായ സ്വാധീനം ചെലുത്തുന്നതാണ് ഇത് എന്നതുകൊണ്ടുതന്നെ ഹോളിവുഡിലെ വമ്പൻമാരുടെ ഇഷ്ട പങ്കാളികളുമാണ്. പ്രകൃതി വിഭവങ്ങൾ ഏറെയുണ്ടെങ്കിലും ഭൂഖണ്ഡത്തിലെ ഏറ്റവും ദരിദ്രരാണ് ഇവിടത്തെ ജനങ്ങൾ. 70 ശതമാനത്തിന്റെയും ദിവസ വരുമാനം 60 പൈസയിൽ താഴെയാണ്. തൊഴിലില്ലായ്മ രൂക്ഷമാണ്. ലോകത്ത് എണ്ണ വില ഉയർന്നതോടെ എണ്ണയെ ആശ്രയിച്ച് നിൽക്കുന്ന നൈജീരിയൻ സമ്പദ്ഘടനയ്ക്ക് സമീപകാലത്ത് വലിയ ഉണർവ്വുണ്ടായെങ്കിലും ഭൂരിപക്ഷം ജനങ്ങൾക്കും ഇതിന്റെ നേട്ടം അനുഭവിക്കാനാകുന്നില്ല. നിലവിൽ നൈജീരിയൻ പെൺകുട്ടികൾ വേശ്യാവൃത്തിക്കായി യൂറോപ്യൻ നഗരങ്ങളിലേയ്ക്ക് കുടിയേറുകയാണ്. നൈജീരിയയിലെ സാധാരണ ജനങ്ങൾ ദരിദ്രരായി ഇരിക്കുന്നതിന് സാമ്രാജ്യത്വ ഇടങ്കോലിടലല്ലാതെ മറ്റൊരു കാരണവും ചൂണ്ടിക്കാണിക്കാനായിട്ടില്ല. എന്നിട്ടും രാജ്യത്തെ മുതലാളി വർഗ്ഗം അധികാരത്തിനും സുഖഭോഗങ്ങൾക്കും വേണ്ടി പുത്തൻ കൊളോണിയൽ ശക്തികളുമായി കൈകോർക്കുകയാണ്.

രാജ്യത്തിന്റെ എണ്ണയിൽ നിന്നുള്ള വരുമാനമൊന്നും അടിസ്ഥാന ഘടന കെട്ടിപ്പടുക്കുന്നതിനോ പൊതുമരാമത്ത് പണികൾക്കോ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സ്വകാര്യ സംരംഭങ്ങളിലോ ഒന്നും നിക്ഷേപിക്കപ്പെടുന്നില്ല, നേരേമറിച്ച് 13,000 കോടി നൈറ(നൈജീരിയൻ കറൻസി) യുടെ വർദ്ധനയാണ് പ്രതിരോധ ബജറ്റിൽ വരുത്തിയത്. രണ്ടാമത്തെക്കാര്യം, മറ്റ് പല ആഫ്രിക്കൻ രാജ്യങ്ങളിലെയും പോലെ നൈജീരിയയും ആസൂത്രിതമായ ആദിവാസി കലാപങ്ങളുടെയും വംശീയ സംഘർഷങ്ങളുടെയുമൊക്കെ പിടിയിലാണ്. ഇതിന് പുറമെയാണ്, ബോക്കോഹറാം എന്ന തീവ്രവാദി സംഘടന നടത്തുന്ന നിരന്തരമായ കലാപങ്ങൾ. പെൺകുട്ടികളെ തട്ടിക്കൊണ്ട് പോകലും കള്ളക്കടത്തും കരിഞ്ചന്തയുമൊക്കെ നടത്തുന്ന ദേശീയ അന്തർദ്ദേശീയ സംഘങ്ങളാണ് ഇവരെ പണം നൽകി ഊട്ടി വളർത്തുന്നത്. അൽഖ്വൈദ പോലുള്ള സംഘടനകളുമായും ഇവർക്ക് ബന്ധമുണ്ടെന്ന് പറയപ്പെടുന്നു. എന്നാൽ ബോക്കോഹറാമിനെ ഒരു തീവ്രവാദ സംഘടനയായി അംഗീകരിക്കാൻ അമേരിക്കൻ സാമ്രാജ്യത്വം ഇതുവരെ തയ്യാറായിട്ടില്ല. ഇപ്പോൾ ഈ രാജ്യവും ഭക്ഷ്യക്ഷാമത്തിന്റെ പിടിയിലമരുകയാണ്.

വടക്ക്-കിഴക്കൻ നൈജീരിയയിലെ 4,50,000 കുട്ടികൾ പോഷകാഹാരക്കുറവ് നേരിടുന്നവരാണ്. യുണിസെഫ് വക്താവ് മാരിക് സി മെക്കാർഡോയുടെ അഭിപ്രായം, "മനുഷ്യ സൃഷ്ടിയായ സംഘർഷവുമായി ബന്ധപ്പെട്ട ദുരന്തങ്ങളുടെ ഫലമായാണ് കുട്ടികൾ മരിച്ചു വീഴുന്നത്. ഈ 2017 ൽ ഇതെത്ര അപമാനകരമാണ്" എന്നത്രെ. വടക്ക് കിഴക്കൻ നൈജീരിയയിലെ ബോർണോ, അടമാവ, യോബേ എന്നീ 3 സംസ്ഥാനങ്ങൾ തീരെ ഭക്ഷ്യസുരക്ഷിതത്വമില്ലാത്തവയാണ്. ഇവിടെയുള്ള 85 ലക്ഷം ജനങ്ങൾ സഹായത്തിനായി യാചിക്കുകയാണ്. മതിയായ സാമ്പത്തിക സഹായം ഉണ്ടായില്ലെങ്കിൽ 18 കോടി ജനങ്ങളുള്ള ഒരു രാജ്യത്തുനിന്ന് വൻതോതിൽ ജനങ്ങൾ പലായനം ചെയ്യുന്നത് കാണേണ്ടി വരും. ഇത് പശ്ചിമാഫ്രിക്കയിൽ ഇതപര്യന്തമുണ്ടാകാത്തത്ര ഭയാനകമായ ഒരു അഭയാർത്ഥി പ്രശ്നത്തിന് ഇടയാക്കുകയും ചെയ്യും.

കഴിഞ്ഞ 4 വർഷങ്ങളിൽ 2 ലക്ഷം നൈജീരിയക്കാരാണ് അയൽ രാജ്യങ്ങളായ കാമറൂൺ, ഛാദ്, നൈജർ എന്നിവിടങ്ങളിലേയ്ക്ക് പലായനം ചെയ്തത്. പണമില്ലാത്തതുകൊണ്ട് റേഷനിൽ കുറവു വരുത്തിയിരിക്കുന്നതിനാൽ ഇനിയുമേറേ ആളുകൾ നൈജീരിയയിൽ നിന്ന് ഓടിപ്പോകുമെന്ന സ്ഥിതിയാണ്. മനുഷ്യരാശിക്കുമേൽ നടക്കുന്ന ഈ ക്രൂരതകൾക്ക് ആരാണ് ഉത്തരവാദികൾ ? ലോക സാമ്രാജ്യത്വ മുതലാളിത്തമല്ലാതെ മറ്റാരുമല്ല എന്ന് വസ്തുതകൾ വിളിച്ചു പറയുന്നു. ആഗോള മുതലാളിത്ത പ്രതിസന്ധി രൂക്ഷമാകുന്തോറും ഭക്ഷ്യക്ഷാമവും ദാരിദ്രവും സാമ്രാജ്യത്വ സൈനിക നടപടികളും വർദ്ധിക്കുകയും ഇത് ആഫ്രിക്കൻ ഭൂഖണ്ഡത്തിലാകെ അസ്വസ്ഥത പടർത്തുകയും ചെയ്യും.

പടിഞ്ഞാറൻ രാജ്യങ്ങളിലേയ്ക്ക് ആഫ്രിക്ക കയറ്റുമതി ചെയ്യുന്ന അസംസ്കൃത വസ്തുക്കളും കാർഷികോല്പന്നങ്ങളുമൊക്കെ വലിയതോതിൽ വിലസ്ഥിരതയില്ലായ്മ നേരിടുന്നുണ്ട്. പെന്റഗണും നാറ്റോയും മുൻ കോളനി രാജ്യങ്ങളിൽ ഇടങ്കോലിടൽ നടത്തുന്നതും തുടരുന്നു. വൻകിട സാമ്പത്തിക സ്ഥാപനങ്ങളും സൈനിക ശക്തികളുമൊക്കെ ആഫ്രിക്കയെ ശ്വാസം മുട്ടിക്കുകയാണ്. ഇതിന്റെ പ്രത്യാഘാതം കിഴക്കൻ ആഫ്രിക്കയിൽ കാണാം. ആഫ്രിക്കയുടെ കുറേ മേഖലകളും സമീപസ്ഥമായ ചില രാജ്യങ്ങളും കഴിഞ്ഞ 6 പതിറ്റാണ്ടിനിടയിലെ ഏറ്റവും വലിയ വരൾച്ചയെയാണ് നേരിടുന്നത്. സാമ്രാജ്യത്വ ശക്തികളുടെ നേരിട്ടുള്ള വിദേശ നിക്ഷേപം അതിവേഗം ഉയർന്നുകൊണ്ടിരിക്കുന്ന മേഖലയാണ് ആഫ്രിക്ക. 1990 നും 2013 നു മിടയിൽ ഇത് 19 മടങ്ങ് വർദ്ധിച്ചു. അതായത് 300 കോടി ഡോളറിൽ നിന്നും 570 ഡോളറായി ഉയർന്നു. വരുമാനവും സമ്പാദ്യവുമൊക്കെ കുറഞ്ഞ ആഫ്രിക്കൻ രാജ്യങ്ങൾക്ക് ഇത് ഗുണകരമാകും എന്നാണ് പല ബൂർഷ്വാ സാമ്പത്തിക ശാസ്ത്രജ്ഞരും കരുതുന്നത്. നേരിട്ടുള്ള വിദേശ നിക്ഷേപം വർദ്ധിക്കുന്നത് സാമ്പത്തിക വളർച്ചയ്ക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉപകരിക്കുമെന്നും ഇവർ പറയുന്നു.

എന്നാൽ പണം നിക്ഷേപിക്കുന്ന കോർപ്പറേറ്റുകൾക്കും ബഹുരാഷ്ട്ര കുത്തകകൾക്കും മാത്രമേ ഇത് ഗുണം ചെയ്യൂ എന്നാണ് സർവ്വേകൾ വെളിപ്പെടുത്തുന്നത്. ബൗദ്ധിക സ്വത്തവകാശ നിയമത്തിന്റെ പരിരക്ഷയുള്ള മുന്തിയ സാങ്കേതിക വിദ്യ പ്രയോഗിച്ചും വളരെ കുറച്ച് തൊഴിലാളികളെ മാത്രം നിയമിച്ചും ഇവർ വൻ ലാഭമടിക്കുന്നു. ഇവരുടെ ഈ കൊള്ളയ്ക്കെതിരെ യാതൊരു ലഹളയുമുണ്ടാകാതിരിക്കാനായി ജനങ്ങളെ ദാരിദ്ര്യത്തിലും പട്ടിണിയിലും വിദ്യാരാഹിത്യത്തിലും പരിഷ്കൃത സമൂഹത്തിന് നിരക്കാത്ത അസൗകര്യങ്ങളിലും തളച്ചിടുകയെന്നത് ഇവരുടെ ആദർശ വാക്യമായിത്തീർന്നിരിക്കുന്ന മട്ടാണ്. മതപരവും വംശീയവുമായ സംഘർഷങ്ങൾ സൃഷ്ടിക്കാനും നിലനിർത്താനുമായി ഇവർ പിന്നിൽ നിന്ന് ചരടുവലിക്കുന്നു. റിബലുകളെ ഊട്ടി വളർത്തി ജനങ്ങളെ അക്രമത്തിലും ദാരിദ്ര്യത്തിലും തളച്ചിടുന്നു. വിദേശ ശക്തികളും അവരുടെ പ്രാദേശിക പിണിയാളുകളും ജനങ്ങളെ മൃഗങ്ങളെപ്പോലെയോ ചുരുങ്ങിയ പക്ഷം അടിമകളെപ്പോലെയോ മാത്രം കണക്കാക്കുന്നു. അവർ എറിഞ്ഞു കൊടുക്കുന്ന ഉച്ഛിഷ്ടം ഭക്ഷിച്ച് ജീവിക്കാൻ വിധിക്കപ്പെട്ടവരാക്കി നിലനിർത്തുന്നു. ആഫ്രിക്കൻ ജനതയുടെ രോഗാതുരവും ദൈന്യവും മർദ്ദിതവും പീഡിതവുമായ അവസ്ഥ വരച്ചുകാട്ടി രവീന്ദ്രനാഥ ടാഗൂർ തന്റെ വാർദ്ധക്യകാലത്ത് രചിച്ച "ആഫ്രിക്ക" എന്ന പ്രസിദ്ധമായ കവിതയിലെ ചില വരികൾ ചുവടെ ചേർക്കുന്നു. ഇന്നത്തെ ആഫ്രിക്കയുടെ ചിത്രം മനസ്സിലാക്കാൻ ഉപകരിക്കുന്നതാണ് ഈ വരികൾ

> **ആഗോള മുതലാളിത്ത പ്രതിസന്ധി രൂക്ഷമാകുന്തോറും ഭക്ഷ്യക്ഷാമവും ദാരിദ്രവും സാമ്രാജ്യത്വ സൈനിക നടപടികളും വർദ്ധിക്കുകയും ഇത് ആഫ്രിക്കൻ ഭൂഖണ്ഡത്തിലാകെ അസ്വസ്ഥത പടർത്തുകയും ചെയ്യും. പെന്റഗണും നാറ്റോയും മുൻ കോളനി രാജ്യങ്ങളിൽ ഇടങ്കോലിടൽ നടത്തുന്നതും തുടരുന്നു. വൻകിട സാമ്പത്തിക സ്ഥാപനങ്ങളും സൈനിക ശക്തികളുമൊക്കെ ആഫ്രിക്കയെ ശ്വാസം മുട്ടിക്കുകയാണ്.**

"അപൂർവ്വ ചാരുതയാർന്ന
ഒരു ലോകത്തുനിന്നും
ആഫ്രിക്ക,
നീ പറിച്ചെടുക്കപ്പെട്ടു.
നിബിഡവനങ്ങളുടെ
നിതാന്ത ജാഗ്രതയിൽ മാത്രമായി
നീ പരിമിതപ്പെടുത്തപ്പെട്ടു
അൽപ്പമാത്രമായ പ്രകാശത്തിന്റെ
സന്നിധിയിൽ....
കറുത്ത മുഖപടത്തിന് പിന്നിലായി
നിന്റെ മാനുഷികതയുടെ നിഴൽചിത്രം
ഉദാസീനതയുടെ ദൂഷിതമായ
കാഴ്ച വലയത്തിനുള്ളിൽ നീ–
നിന്റെ ചെന്നായക്കൂട്ടങ്ങളുടെ
നഖങ്ങളെക്കാൾ മൂർച്ചയുള്ള
ഉരുക്കിന്റെ കൈവിലങ്ങുകളുമായ്
അവർ നിന്നെത്തേടിയെത്തി
വേട്ടക്കാർ–
നിന്റെ ഇരുളാർന്ന
വനാന്തരങ്ങളേക്കാളേറെ
സ്വന്തം ഗർവ്വിനാൽ
അന്ധരാക്കപ്പെട്ടവർ
പരിഷ്കൃതർ
പക്ഷേ, വന്യമായവിശപ്പിനാൽ
അവരുടെ പ്രാകൃത ഭാവം
മറനീക്കി കാണിക്കുന്നവർ"

ആഫ്രിക്കയിലെ ദുരന്തം ഒഴിവാക്കാനാവശ്യമായ 560 കോടി ഡോളറിന്റെ 2 ശതമാനം മാത്രമേ ഐക്യരാഷ്ട്ര സഭയുടെ പക്കലുള്ളൂ എന്ന പ്രസ്താവം അപമാനകരമാണ്. അമേരിക്കയുടെ ബജറ്റിൽ വിദേശ സഹായത്തിനുള്ള വിഹിതം 40 ശതമാനം വെട്ടിക്കുറച്ച ട്രംപ് സർക്കാരിന്റെ നടപടി സ്ഥിതി കൂടുതൽ വഷളാക്കിയിരിക്കുകയാണ്. ഐക്യരാഷ്ട്ര സഭയ്ക്കുള്ള വിഹിതവും ഇതിൽ ഉൾപ്പെടുന്നു.

ആഫ്രിക്കയിലെയും പശ്ചിമേഷ്യയിലെയും ജനതകൾക്കുമേൽ നടക്കുന്ന പൈശാചികമായ അതിക്രമങ്ങൾക്കെതിരെ ലോകമെമ്പാടുമുള്ള ജനാധിപത്യ വിശ്വാസികളും സാമ്രാജ്യത്വ വിരുദ്ധരുമായ ജനങ്ങൾ പ്രതിഷേധമുയർത്തി മുന്നോട്ട് വരേണ്ട സന്ദർഭമാണിത്. ദുരിതബാധിത രാജ്യങ്ങൾക്ക് അടിയന്തരമായി സഹായമെത്തിക്കാനും വിശന്ന് പൊരിയുന്ന ആഫ്രിക്കൻ ജനതയെ മരണവക്ത്രത്തിൽ നിന്ന് രക്ഷിക്കാനും ഐക്യരാഷ്ട്ര സഭയടക്കമുള്ള സംവിധാനങ്ങളെ നിർബന്ധിതമാക്കാൻ പര്യാപ്തമായ കരുത്തുള്ളതാകണം ഈ ജനമുന്നേറ്റങ്ങൾ. സാമ്രാജ്യത്വയുദ്ധ സന്നാഹങ്ങൾക്കും കാലഹരണപ്പെട്ട ലോകവ്യവസ്ഥയ്ക്കുമെതിരെ ജനങ്ങൾ അണിനിരക്കുക എന്നതു മാത്രമാണ് ഒരേയൊരു പോംവഴി എന്ന വ്യക്തമായ സന്ദേശം ഉച്ചത്തിൽ മുഴക്കുകയും അത് നാടെമ്പാടും പ്രചരിപ്പിക്കുകയും ചെയ്യേണ്ട സന്ദർഭമാണിത്●

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing 01/10/2017
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

# UNITY
MALAYALAM MONTHLY

Vol 44 No.7
Price : Rs 5.00
October 2017

# ‘മാനവശക്തി’ നവംബർ വിപ്ലവചരിത്രപ്രദർശനം മലപ്പുറത്ത്

മഹത്തായ നവംബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ശതാബ്ദിയാചരിച്ചുകൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന വിവിധ പരിപാടികളുടെ ഭാഗമായി സെപ്തംബർ 27,28 തിയ്യതികളിൽ മലപ്പുറം ടൗൺഹാളിൽ മാനവശക്തി നവംബർവിപ്ലവ ചരിത്ര പ്രദർശനം നടന്നു. സെപ്തംബർ 27 രാവിലെ 11 മണിക്ക്, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ടി.കെ.സുധീർകുമാർ പ്രദർശനം ഉൽഘാടനം ചെയ്തു. ഉൽഘാടന സമ്മേളനത്തിൽ സഖാവ് പി.കെ.പ്രഭാഷ് അദ്ധ്യക്ഷത വഹിച്ചു. അന്ന് വൈകിട്ട് നാല് മണിക്ക് പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജയ്സൺ ജോസഫ്, മഹത്തായ നവംബർ വിപ്ലവം - ചരിത്രവും പാഠങ്ങളും എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. തുടർന്ന് സോഷ്യലിസവും ലോകസമാധാനവും എന്ന വിഷയത്തിൽ സെമിനാർ നടന്നു. സെമിനാർ പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റംഗം സ.വി.വേണുഗോപാൽ ഉൽഘാടനം ചെയ്തു. ആൾ ഇൻഡ്യ ആന്റി ഇംപീരിയലിസ്റ്റ് ഫോറം സംസ്ഥാന സെക്രട്ടേറിയറ്റംഗം എ.ശേഖർ അദ്ധ്യക്ഷത വഹിച്ചു. എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗങ്ങളായ സഖാക്കൾ എസ്.രാജീവൻ, കെ.അബ്ദുൾ അസീസ്, നവംബർ വിപ്ലവ ശതാബ്ദിയാചരണസമിതിയംഗം മുഹമ്മദ് ഷെമീർ എന്നിവർ സംസാരിച്ചു. സെപ്തംബർ 28 രാവിലെ 11 മണിക്ക് നടന്ന കവിയരങ്ങ് ശ്രീ.മണമ്പൂർ രാജൻ ബാബു ഉൽഘാടനം ചെയ്തു. ടി.ടി.വാസുദേവൻ അദ്ധ്യക്ഷത വഹിച്ചു. ആശാരമേഷ്, കെ.എസ്.രതീഷ് , സത്യൻ എരവിമംഗലം, കൃഷ്ണദാസ് അമരിയിൽ, റസിയ മമ്പാട് , ഗംഗാധരൻ പണ്ടാരത്തിൽ, ബാപ്പു കൂട്ടിലങ്ങാടി, റഹ്മാൻ ചോവൂര്, സ്വപ്ന റാണി, റമീഷ ബക്കർ, മീര പുഷ്പരാജൻ, മുരളീധരൻ കൊല്ലത്ത്, സലാം പാനോളി, ശിവൻ പൂന്താനം, ഹൈദ്രോസ് തട്ടായേൽ, സുത പാടഞ്ചേരി, ഇബ്രാഹിം മൂർക്കനാട്, അംന പുല്ലാര, വാസു അരീക്കോട്, ഷൈലജ ധർമ്മഗിരി, ശശി മറ്റത്തൂർ, ബിനീഷ്.എം.പി, സൈഫുള്ള, ഡോ.ഡി.കെ.കയ്യാലത്ത്, ടി.എ.മടക്കൽ, ബോസ് കോട്ടക്കൽ തുടങ്ങി മുപ്പതിൽപ്പരം കവികൾ കവിതകളവതരിപ്പിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് നടന്ന, സോഷ്യലിസവും സ്ത്രീവിമോചനവും എന്ന സെമിനാർ ഡോ.പി.ഗീത ഉൽഘാടനം ചെയ്തു. കെ.എം.ബീവി അദ്ധ്യക്ഷത വഹിച്ചു. അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന സെക്രട്ടറി ഷൈല കെ.ജോൺ വിഷയാവതരണം നടത്തി. പുരോഗമന കലാസാഹിത്യസംഘം നേതാവ് അജിത്രി, ഡോ.കെ.മിനി, കെ.ഷീബ എന്നിവർ പങ്കെടുത്തു സംസാരിച്ചു. തുടർന്ന്, ഫാസിസത്തിനെതിരായ പ്രതിരോധവും സോഷ്യലിസവും എന്ന വിഷയത്തിലുള്ള സെമിനാർ യുവകലാസാഹിതി നേതാവ് എ.പി.അഹമ്മദ് ഉൽഘാടനം ചെയ്തു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗം സ.ജി.എസ്.പത്മകുമാർ അദ്ധ്യക്ഷത വഹിച്ചു. ആർഎംപി(ഐ) കേന്ദ്രകമ്മിറ്റിയംഗം സ.കെ.എസ്.ഹരിഹരൻ, എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സ.ആർ.കുമാർ, ആൾ ഇൻഡ്യ ആന്റി ഇംപീരിയലിസ്റ്റ് ഫോറം സംഘാടകരിലൊരാളായ എ.നാസർ എന്നിവർ സംസാരിച്ചു.



ഡോ.പി.ഗീത സെമിനാർ ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ: അജിത്രി, കെ.എം.ബീവി, ഷൈല കെ.ജോൺ, ഡോ.കെ.മിനി, കെ.ഷീബ

2016 നവംബർ 7-ന് കോട്ടയത്ത് തുടക്കം കുറിച്ച മാനവശക്തി ചരിത്രപ്രദർശനം ഇതോടെ സംസ്ഥാനത്തെ പന്ത്രണ്ട് ജില്ലാ ആസ്ഥാനങ്ങളിൽ നടന്നു കഴിഞ്ഞു. മഹത്തായ നവംബർ വിപ്ലവത്തിന്റെ ചരിത്രവും പാഠങ്ങളും അവതരിപ്പിക്കുന്ന ചരിത്രപ്രദർശനം മലപ്പുറത്ത് സംഘടിപ്പിച്ചത് പാർട്ടിയുടെ ആഭിമുഖ്യത്തിൽ രൂപീകരിക്കപ്പെട്ട നവംബർ വിപ്ലവശതാബ്ദിയാചരണ സമിതി ജില്ലാഘടകമാണ്. എ.ഐ.ഡി.എസ്.ഒ സംസ്ഥാന സെക്രട്ടറി പി.കെ.പ്രഭാഷ് കൺവീനറും ടി.ടി.വാസുദേവൻ, എ.നാസർ, മുഹമ്മദ് ഷമീർ, ഡോ.അഫ്സൽ, സിദ്ധാർത്ഥൻ, ഷാഹിദ് എന്നിവർ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങളുമായി രൂപീകരിച്ച സമിതി ജില്ലയിലെ രാഷ്ട്രീയ - സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിലെ പുരോഗമന ജനാധിപത്യചിന്താഗതി പുലർത്തുന്ന നിരവധി വ്യക്തിത്വങ്ങളുടെ സജീവ സഹകരണത്തോടെയും പങ്കാളിത്തത്തോടെയും സംഘടിപ്പിച്ച എക്സിബിഷനും അനുബന്ധ പരിപാടികളും മലപ്പുറം നിവാസികളെ സംബന്ധിച്ചിടത്തോളം പുതിയൊരനുഭവമായിരുന്നു. എക്സിബിഷനോടനുബന്ധിച്ച് നടന്ന വിവിധ പരിപാടികളിൽ പ്രസംഗിച്ചവരെല്ലാം രാജ്യത്ത് വളർന്നുവരുന്ന ഫാസിസ്റ്റ് വിപത്തിനെതിരെ മതേതര ജനാധിപത്യശക്തികളുടെ യോജിച്ച പ്രതിരോധം വളർന്നുവരേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയുണ്ടായി. സങ്കുചിതമായ കക്ഷിരാഷ്ട്രീയ പരിഗണനയില്ലാതെ എല്ലാ വിഭാഗം സാധാരണ ജനങ്ങളും ഈ പരിപാടിയുമായി സർവ്വാത്മനാ സഹകരിച്ചു. ആചരണപരിപാടികൾക്ക് ആശയനേതൃത്വം നൽകിയ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയെയും പാർട്ടിയുടെ സ്ഥാപകനേതാവും സമുന്നത മാർക്സിസ്റ്റ് ദാർശനികനുമായ സഖാവ് ശിബ്ദാസ്ഘോഷിന്റെ ചിന്തകളെയും കുറിച്ച് കൂടുതൽ അറിയാനുള്ള ഔത്സുക്യവും അവരിൽ പലരും പ്രദർശിപ്പിച്ചു.●



എ.പി.അഹമ്മദ് സെമിനാർ ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ: ജി.എസ്.പത്മകുമാർ, കെ.എസ്.ഹരിഹരൻ, ആർ.കുമാർ, പി.കെ.പ്രഭാഷ്, എ.നാസർ

## ജനകീയ പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ
# മനുഷ്യസംഗമം

### കായംകുളം

ഭൂരിപക്ഷ വർഗ്ഗീയത മാത്രമല്ല ന്യൂനപക്ഷ വർഗ്ഗീയതയും രാജ്യത്തിന് അപകടകരം തന്നെയാണെന്ന് ഗുജറാത്ത് മുൻ ഡി.ജി.പി ആർ.ബി ശ്രീകുമാർ ഐ.പി.എസ് അഭിപ്രായപ്പെട്ടു. കായംകുളം പാർക്ക് മൈതാനിയിൽ ജനകീയ പ്രതിരോധസമിതി ആലപ്പുഴ ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച, *പശുവിന്റെ പേരിലുള്ള ഈ നാരനായാട്ട് അവസാനിപ്പിക്കൂ* എന്ന് ആവശ്യപ്പെട്ടുകൊണ്ട് നടത്തിയ മനുഷ്യസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പാർട്ടികൾ വോട്ട് ബാങ്ക് രാഷ്ട്രീയം അവസാനിപ്പിക്കുകയും യഥാർത്ഥ മതേതര നിലപാട് സ്വീകരിക്കുകയും ചെയ്യുന്നതിലൂടെ മാത്രമെ രാജ്യത്ത് സമാധാന അന്തരീക്ഷം പുലരുകയുള്ളൂയെന്നും അദ്ദേഹം പറഞ്ഞു. ഗാന്ധിജിയുടെ ജന്മനാടായ ഗുജറാത്തിൽ മോദി അധികാരത്തിൽ വരാനും ഇത്രയുമധികം വർഗ്ഗീയ സംഘർഷമുണ്ടാകാനും സാഹചര്യം സൃഷ്ടിച്ചത് കോൺഗ്രസ് അനുവർത്തിച്ച നയങ്ങളുടെ ഭാഗമാണെന്ന് അദ്ദേഹം വ്യക്തമാക്കി.

ഗൗരി ലങ്കേഷ് ഉൾപ്പെടെയുള്ള സാമൂഹിക സാംസ്കാരിക പ്രവർത്തകരുടെ കൊലയാളികളെ ഉടൻ അറസ്റ്റ് ചെയ്യണമെന്ന് യോഗം ആവശ്യപ്പെട്ടു. പ്രശസ്ത കവി കുരിപ്പുഴ ശ്രീകുമാർ മുഖ്യപ്രസംഗം നടത്തി. ജനകീയ പ്രതിരോധ സമിതി ആലപ്പുഴ ജില്ലാ പ്രസിഡന്റ് അഡ്വ.മാത്യു വേളങ്ങാടൻ അദ്ധ്യക്ഷത വഹിച്ചു.

ജനകീയ പ്രതിരോധ സമിതി സംസ്ഥാന വൈസ്.പ്രസിഡന്റ് ജി.എസ് പത്മകുമാർ വിഷയാവതരണം നടത്തി. ഡോ.വി.വേണുഗോപാൽ, അഡ്വ.ഹാമീദ് എസ് വടുതല, കെ.നാരായണൻ, ഗോപിനാഥൻ പിള്ള, അഡ്വ.ഒ.ഹാരിസ്, അഡ്വ.ബി.കെ രാജഗോപാൽ, എ.ജെ.ഷാജഹാൻ, ആലാ വാസുദേവൻപിള്ള, പ്രസന്ന ചുനക്കര, റ്റി.ബി വിശ്വനാഥൻ, ജോർജ്ജ്മാത്യു കൊടുമൺ, ആർ.പാർത്ഥസാരഥി വർമ്മ, ജി.ശശികുമാർ, ക്യാപ്റ്റൻ വി.ശിവൻകുട്ടി, എസ്.സീതിലാൽ തുടങ്ങിയവർ പ്രസംഗിച്ചു. സ്വാഗതസംഘം ചെയർമാൻ ബി.ദിലീപൻ സ്വാഗതവും കൺവീനർ എം.ഉദയകുമാർ നന്ദിയും രേഖപ്പെടുത്തി.



കായംകുളത്ത് നടന്ന മനുഷ്യ സംഗമം ആർ.ബി.ശ്രീകുമാർ ഐ.പി.എസ് ഉദ്ഘാടനം ചെയ്യുന്നു

റോഹിംഗ്യൻ മുസ്ലിങ്ങൾക്കെതിരെ കേന്ദ്രസർക്കാർ എടുത്തിരിക്കുന്ന നിലപാട് പുനപരിശോധിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.●


പ്രൊഫ.കെ.അരവിന്ദാക്ഷൻ തുറവൂരിൽ മനുഷ്യ സംഗമം ഉദ്ഘാടനം ചെയ്യുന്നു

### തുറവൂർ

തുറവൂർ ജംഗ്ഷനിൽ ഒക്ടോബർ രണ്ടിന് നടന്ന മനുഷ്യസംഗമം ജനകീയ പ്രതിരോധ സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പ്രൊഫ.കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്തു. ഹരിദാസ് വളമംഗലം അദ്ധ്യക്ഷത വഹിച്ചു. ജ്യോതികൃഷ്ണൻ വിഷയാവതരണം നടത്തി. പ്രതിരോധ സമിതി ആലപ്പുഴ ജില്ലാ പ്രസിഡന്റ് അഡ്വ.മാത്ര്യു വേളങ്ങാടൻ മുഖ്യപ്രഭാഷണം നടത്തി. പി.ആർ.രാമചന്ദ്രൻ, ടി.ബി.വിശ്വനാഥൻ, എസ്.സീതിലാൽ, പ്രൊഫ.കെ.സദാനന്ദൻ, ആർ.വേണു, സലാവുദ്ദീൻ ഇറമംഗലത്ത്, എൻ.കെ.ശശികുമാർ, കെ.പ്രതാപൻ, കെ.എസ്.ശശിധരൻ എന്നിവർ പ്രസംഗിച്ചു.

പൂച്ചാക്കൽ ഷാഹുൽ, എൻ.കെ.ചന്ദ്രദാസ്, പി.സി.കുഞ്ഞുമോൻ, കെ.ജി.ശ്രീജേഷ്, വി.എ.വിനയകുമാർ, എൻ.കെ.പ്രകാശൻ, വി.എസ്.ഗൗരി, സജീവ് പറയകാട്, ഗൗതമൻ തുറവൂർ എന്നിവർ പങ്കെടുത്ത കവിസമ്മേളനവും നടന്നു. എ.ഐ.ഡി.എസ്.ഒ-എ.ഐ.ഡി.വൈ.ഒ നാടകസംഘം തെരുവു നാടകം അവതരിപ്പിച്ചു.●

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.